യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

നവംബർ 2025 | വാല്യം 52 ലക്കം 8 | പേജ് 12 | വില ₹10.00

UNITY Monthly | November 2025 | Volume 52 Issue 8 | Chief Editor: JAISON JOSEPH | Page 12 | Price ₹10.00

ഇതിഹാസം രചിച്ച ആശാസമരം നൽകുന്ന വിലപ്പെട്ട രാഷ്ട്രീയ പാഠങ്ങൾ

കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ നയിച്ച 266 ദിവസം നീണ്ടുനിന്ന സെക്രട്ടേറിയറ്റ് നടയിലെ രാപകൽ സമരം നവംബർ ഒന്നിന് പുതിയൊരു ഘട്ടത്തിലേക്ക് പരിവർത്തനപ്പെടുത്തിക്കൊണ്ട് കേരളം ദർശിച്ചഐതിഹാസികമായ സ്ത്രീത്തൊഴിലാളി സമരം മുന്നേറുകയാണ്. സംസ്ഥാനത്തെ മാത്രമല്ല, രാജ്യത്തെതന്നെ ആശാ പ്രവർത്തകരുടെ അവകാശങ്ങളും പദവിയും അലംഘനീയമായി സ്ഥാപിച്ചുകൊണ്ടാണ് ആശാസമരം വിജയവഴിയിൽ കുതിക്കുന്നത്.

അവകാശലംഘനങ്ങളും നീതിനിഷേധവും ചോദ്യംചെയ്യപ്പെടാതെ ഏതാണ്ട് നാലുപതിറ്റാണ്ടായി തളംകെട്ടി നിന്നിരുന്ന കേരളത്തിന്റെസാമൂഹ്യാന്തരീക്ഷത്തിൽ ആശാസമരം, സംഘടിത തൊഴിലാളി പ്രക്ഷോഭത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത ശൈലി തിരികെക്കൊണ്ടുവന്നു. കെഎസ്ആർടിസിയിൽ രണ്ട് മാസത്തിലധികം ശമ്പളം മുടങ്ങി. മാസങ്ങളോളം പെൻഷൻ നിലച്ചു. ജോലിഭാരം താങ്ങാനാവാത്തവിധം വർദ്ധിച്ചു. എല്ലാ വഴിയുമടഞ്ഞ്, തൊഴിലാളികൾ ആത്മഹത്യ ചെയ്തു. എന്നിട്ടും സമരമുണ്ടായില്ല. മൂന്നും നാലും ഗഡു ക്ഷാമബത്ത കുടിശ്ശികയായി. ജീവനക്കാർക്ക് അവകാശപ്പെട്ട ഏതാണ്ട് ഒരു ലക്ഷം കോടിയിലധികം രൂപ സർക്കാർ പിടിച്ചുവച്ചു. ഇനി അത് ലഭിക്കുമെന്ന പ്രതീക്ഷയ്ക്കു പോലും വകയില്ലാതായി. പേരിനെങ്കിലും ശമ്പളക്കമ്മീഷനെ പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറായില്ല. എങ്കിലും സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സമരം ഉയർന്നുവന്നില്ല. തൊഴിൽസമരങ്ങളെ കഴുത്തുഞെരിച്ചു കൊന്ന്, നിതാന്തമായ വ്യവസായ സൗഹൃദം സ്ഥാപിച്ചതിന്റെ പേരിൽ സംസ്ഥാനം മോദി സർക്കാരിൽനിന്ന് പുരസ്കാരങ്ങൾ വാങ്ങിക്കൂട്ടി. അങ്ങിനെ 'തൊഴിൽ സമരങ്ങളുടെ ചൂടണഞ്ഞ കേരളത്തിൽ' അപ്രതിരോധ്യമായ ശക്തി ദുർഗ്ഗംപോലെ ആശാസമരം ഉയർന്നുവന്നു. ആശമാരിലൊതുങ്ങുന്ന ഒരു മുന്നേറ്റമായിരുന്നില്ല അത്. സംസ്ഥാനമെമ്പാടുമുള്ള തൊഴിലാളികൾക്ക്, വിശേഷിച്ചും സ്ത്രീത്തൊഴിലാളികൾക്ക് നട്ടെല്ല് നിവർത്തിനിന്ന് പൊരുതാൻ അളവില്ലാത്ത ആത്മവിശ്വാസത്തിന്റെയും വീറിന്റെയും ഇച്ഛാശക്തിയുടെയും ഉറവിടമായി അത് മാറി.

ആശാസമര വിജയം കേരളത്തിന്റെ അഭിലാഷമായി മാറി

ഒരു തൊഴിലാളി സമരം ഉന്നയിക്കുന്ന അടിസ്ഥാനനീതിയുടെ പ്രശ്നവും സമരം നൽകുന്ന സന്ദേശവും അതിന്റെ സ്വാധീനവും സമരത്തിലണിനിരക്കുന്ന വിഭാഗത്തിനു പുറത്തേക്ക് പ്രവഹിക്കുമ്പോൾ അതൊരു സാമൂഹ്യമുന്നേറ്റമായി മാറുന്നു. അങ്ങിനെയെങ്കിൽ ആശാ

(ശേഷം 2–ാം പേജിൽ)

ഗ്രേഡ് യൂണിയൻ രജിസ്ട്രേഷൻ ഫീസ് 10000 രൂപയാക്കി വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ച് എഐയുറ്റിയുസി സെക്രട്ടേറിയറ്റിനു മുന്നിൽ സംഘടിപ്പിച്ച ധർണ്ണ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

അതിദരിദ്രമുക്ത കേരളം: പെരുംനുണയുടെ പെരുമ്പറ

പ്രഖ്യാപനത്തിനു പിന്നിൽ ആഗോള മുതലാളിത്ത അജണ്ട

കേരളത്തിൽ ഇനിമേൽ അതിദരിദ്രരില്ലെന്നും സംസ്ഥാനം അതിദാരിദ്ര്യമുക്തമായെന്നുമുള്ള ഇടതുമുന്നണി സർക്കാരിന്റെ പ്രഖ്യാപനം ലക്ഷക്കണക്കിന് അതിദരിദ്ര കുടുംബങ്ങളെ അക്ഷരാർത്ഥത്തിൽ ആശങ്കയിലാഴ്ത്തിയിരിക്കുന്നു. ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ കഴിയുന്ന അനേകായിരങ്ങൾ ഇപ്പോഴും നമ്മുടെ കൺമുന്നിലുണ്ട്. അന്ത്യോദയ അന്ന യോജന പദ്ധതിയിൽ(എഎവൈ) റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതുകൊണ്ടുമാത്രം കഴിഞ്ഞുപോകുന്ന 6 ലക്ഷത്തോളം കുടുംബങ്ങളുണ്ട്.

മനുഷ്യോചിതമായ ജീവിതം മിക്കവാറും അസാധ്യമായ അത്തരം കുടുംബങ്ങൾക്ക് ആശ്രയമാകുന്നതിനുപകരം അവർക്ക് നൽകിവരുന്ന തുച്ഛമായ ആനുകൂല്യങ്ങൾപോലും തട്ടിയകറ്റാനാണോ സർക്കാർ ശ്രമിക്കുന്നത്? ഏത് ആധികാരിക പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു പ്രഖ്യാപനമെന്ന് സംസ്ഥാന സർക്കാർ ഇപ്പോഴും വിശദീകരിച്ചിട്ടില്ല. നമ്മുടെ സമൂഹം നേരിടുന്ന ദാരിദ്ര്യത്തിന്റെയും അതിദാരിദ്ര്യത്തിന്റെയും യഥാർത്ഥ കാരണമെന്തെന്ന് തുറന്നുകാ

(ശേഷം 4–ാം പേജിൽ)

മതിയായ തയ്യാറെടുപ്പുകളില്ലാതെ എസ്ഐആർ പരിഷ്കരണം തിടുക്കപ്പെട്ട് നടത്തുന്നതിൽ ദുരൂഹത

ബിജെപി ഒഴികെയുള്ള കേരളത്തിലെ മുഴുവൻ രാഷ്ട്രീയപ്പാർട്ടികളും എതിർത്തിട്ടും സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ(എസ്ഐആർ) എന്ന പേരിൽ കേരളത്തിലെ വോട്ടർപട്ടിക പരിഷ്കരിക്കാൻ കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ കാണിക്കുന്ന ദുരൂഹമായ വ്യഗ്രതയെ എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ശക്തമായി അപലപിക്കുന്നു.

65 ലക്ഷം വോട്ടർമാരെ പുറത്താക്കിയ ബീഹാർ എസ്ഐആറിനെതിരെ വ്യാപകമായ പ്രതിഷേധമുയർന്നിട്ടും പഞ്ചായത്ത് തിരഞ്ഞെടുപ്പിനിടയിൽ, 2002ലെ പട്ടിക അടിസ്ഥാനപ്പെടുത്തി കേവലം ഒരു മാസം കൊണ്ട് കേരളത്തിലെ വോട്ടർ പട്ടിക പരിഷ്കരിക്കണമെന്ന നിർബന്ധം പിടിക്കുന്നതെന്തിനെന്ന് ബോധ്യപ്പെടുത്താൻ കമ്മീഷൻ ഇതുവരെ തയ്യാറായിട്ടില്ല. സർക്കാർ ഉദ്യോഗസ്ഥ സംവിധാനം പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ സമ്മർദ്ദമനുഭവിക്കുന്ന വേളയിൽ ബിഎൽഒമാരായി സർക്കാർ ഉദ്യോഗസ്ഥർ തന്നെ വേണമെന്ന നിർബന്ധിക്കുന്നതുവഴി, നിശ്ചയിക്കപ്പെട്ട ഒരു മാസത്തിനിടയിൽ ഈ പ്രക്രിയ പൂർത്തീകരിക്കാൻ കഴിയുമോ എന്ന ആശങ്കയും കമ്മീഷൻ അവഗണിക്കുകയാണ്. ലോക്സഭാതിരഞ്ഞെടുപ്പിൽ തൃശ്ശൂർ മണ്ഡലത്തിൽ അസ്വാഭാവികമായ രീതിയിൽ വ്യാപകമായ വോട്ടുചേർക്കൽ നടത്തി എന്ന പരാതി നിലനില്ക്കേ, രാഷ്ട്രീയ പാർട്ടികൾക്ക് പരിശോധിക്കാൻ സമയം നൽകാതെ പരിഷ്കരണം നടത്തുന്നത് വോട്ടർ പട്ടികയിൽ കേന്ദ്രീകൃതമായ നിയന്ത്രണം ഏർപ്പെടുത്തുന്നതിനാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

മതിയായ തയ്യാറെടുപ്പുകളില്ലാതെ തിടുക്കപ്പെട്ട് നടത്തുന്ന എസ്ഐആർ ഉദ്യോഗസ്ഥരിലുണ്ടാക്കുന്ന സമ്മർദ്ദം എത്ര വലുതാണെന്നാണ് കണ്ണൂരിൽ ആത്മഹത്യചെയ്ത ബിഎൽഒയുടെ അനുഭവം ചൂണ്ടിക്കാണിക്കുന്നു. ബിഎൽഒയുടെ മരണത്തെത്തുടർന്ന് പുറത്തവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ബിഎൽഒമാരുടെ മേൽ മേലുദ്യോഗസ്ഥർ ചുമത്തുന്ന സമ്മർദ്ദം വെളിവാക്കുന്നു. പഞ്ചായത്ത് തിരഞ്ഞെടുപ്പിനു ശേഷം രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായ സമന്വയത്തിലൂടെമാത്രമേ ഈ പരിഷ്കരണ നടപടികൾ നടത്താവൂ എന്ന് എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ആവശ്യപ്പെടുന്നു. ■

ആശാസമരം: അനുപമമായ നിശ്ചയദാർഢ്യവും ഉന്നതമായ സംസ്കാരവും പ്രദർശിപ്പിച്ച സ്ത്രീ മുന്നേറ്റം

(1–ാം പേജിൽ നിന്ന്)

സമരം മഹത്തായ സാമൂഹ്യമുന്നേറ്റമായി മാറിയ തൊഴിലാളി സമരമാണ്. സമരം ജനങ്ങളെ അക്ഷരാർത്ഥത്തിൽ തട്ടിയുണർത്തി. ഇത്രത്തോളം ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച ഒരു സമരവും കേരളത്തിന്റെ സമീപകാല ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ആശാസമരപ്പന്തലിലേക്ക് പിന്തുണയുമായി എത്തിയത് നൂറ്റിഎഴുപതിലധികം സംഘടനകളാണ്. ആശാ യൂണിയന്റെ അപേക്ഷപ്രകാരമല്ല അവരിലാരും ഐക്യദാർഢ്യപ്രകടനമായി വന്നണഞ്ഞത്. ഒരു പ്രവാഹംപോലെ വന്നുചേർന്ന പിന്തുണ, സമരം കൈവരിച്ച സാമൂഹ്യാംഗീകാരത്തിന്റെ പ്രതിഫലനമായിരുന്നു. ആയിരക്കണക്കിന് സാധാരണ മനുഷ്യർ, ആരുടെയും പ്രേരണയില്ലാതെ സ്വന്തം ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ ആശാസമരത്തിന്റെ അടിയുറച്ച പ്രചാരകരായി, അനുഭാവികളായി, വക്താക്കളായി ഉയർന്നുവന്നു. 46ദിവസം നീണ്ട ആശമാരുടെ രാപകൽ സമരയാത്രയ്ക്ക് അവർ സ്വീകരണമൊരുക്കി. അത്യസാധാരണമായ ഒരു കാഴ്ചയായിരുന്നു അത്. ആശാസമരത്തിനുവേണ്ടി ചെലവഴിക്കപ്പെട്ട മുഴുവൻ തുകയും ജനങ്ങൾ സ്വമേധയാ നൽകിയതായിരുന്നു. ജനങ്ങൾ കാട്ടിയ വികാരത്തിന്റെ മുഖ്യമായ ഭാവം സഹാനുഭൂതിയുടേതായിരുന്നു. ഏതാണ്ട് അത്രയുംതന്നെ തൊഴിലാളിവർഗ്ഗ അവബോധത്തിന്റെ സ്വാധീനവും അണപൊട്ടിയൊഴുകിയ പിന്തുണയിൽ പ്രകടമായിരുന്നു. ആശാസമരത്തിനുവേണ്ടി അധികാരചേരിയോട് കലഹിക്കാൻ ബുദ്ധിജീവികളിൽ വലിയൊരു നിര മുന്നോട്ടുവന്നു. ഭരണമുന്നണിയുടെ സഹയാത്രികരായ പ്രമുഖർപോലും ആശാസമരത്തെ പിന്തുണച്ചുനിലകൊണ്ടു. അങ്ങിനെ ആശമാരുടെ സമരത്തിന്റെ വിജയം കേരളത്തിന്റെ ഒന്നാകെയുള്ള ഒരു ഉത്തരവാദിത്തമായി, അഭിലാഷമായി, അടിയന്തരമായി നേടേണ്ട ഒന്നായി മാറി.

അനുപമമായ നിശ്ചയദാർഢ്യം ഉന്നതമായ സംസ്കാരം– ചരിത്രംരചിച്ച് ആശാസമരം

നീണ്ട എട്ടര മാസം എണ്ണമറ്റ ക്ലേശങ്ങളെയും പ്രതിബന്ധങ്ങളെയും നേരിട്ടും മറികടന്നും ആശമാർ രാപകൽ സെക്രട്ടേറിയറ്റ് നടയിൽ ജീവിച്ചു. പോലീസ് കാവലിൽ 'രാത്രി നടത്തവും' 'നൈറ്റ് ലൈഫും' ആഘോഷിക്കുന്ന ഭരണക്കാരുടെ വിടുവായത്തം ഭരണകേന്ദ്രത്തിന്റെ മുമ്പിലെ ആശമാരുടെ അന്തിയുറക്കത്തിനു മുമ്പിൽ നിഷ്പ്രഭമായി. യാത്രാക്കാശിന് ചില്ലിത്തുട്ടുപോലും അവരുടെ കൈവശമുണ്ടായിരുന്നില്ല. എങ്കിലും വിദൂരമായ കണ്ണൂരിൽനിന്നും ഇടുക്കിയുടെ ഉൾഗ്രാമങ്ങളിൽനിന്നും അവരെത്തി. സമരപ്പന്തലിലെ കഞ്ഞിയായിരുന്നു ഒട്ടുമിക്കവരുടെയും ഒരു നേരത്തെ ഭക്ഷണം. കടം പെരുകിയുള്ള ഭാരത്താൽ സ്വസ്ഥത നഷ്ടപ്പെട്ട അവർ സമരപ്പന്തലിൽ ദു:ഖങ്ങൾ വിസ്മരിച്ചു. നിത്യരോഗികളായ ഉറ്റവരെ വീട്ടിൽ തനിച്ചാക്കിയിട്ട് അവർ സമരപ്പന്തലിൽ അന്തിയുറങ്ങി. മൂന്നു ദിവസത്തിലൊരിക്കൽ ഡയാലിസിസ് ചെയ്യേണ്ടുന്ന ഭർത്താവിനെ പരിചരിച്ചും ഫീൽഡിലെ ജോലി പൂർത്തിയാക്കിയും കഴിഞ്ഞ എട്ടര മാസവും സമരപ്പന്തലിൽ ഉറങ്ങിയ ആശ പ്രവർത്തക അവരിലൊരാൾ മാത്രം. സമരംഗത്ത് നേരിട്ട വിഷമങ്ങളുടെയും യാതനകളുടെയും പത്തിലൊരംശംപോലും വർണ്ണിക്കാൻ ഇവിടെ കുറിക്കുന്ന വാക്കുകൾക്കാവില്ല. അത്രമേൽ പ്രതിബന്ധങ്ങളെ നേരിട്ടാണ് അവർ എട്ടരമാസം സമരപ്പന്തൽ നിലനിർത്തിയത്. അവരുടെ നിശ്ചയദാർഢ്യത്തെ അഭിവാദ്യംചെയ്ത സാധാരണ മനുഷ്യർ, പന്തലിലെത്തി നിങ്ങൾ വിജയിച്ചേ മടങ്ങാവൂ എന്നു ചൊല്ലി തന്റേടം പകർന്നു. ത്യാഗപൂർണ്ണമായ സമരസന്നദ്ധതയുടെ ചരിത്രം രചിച്ച ആശമാർ സ്ത്രീ സമൂഹത്തിന് ആകെ പകർന്നത് അനീതിയോടും അവഹേളനത്തോടും സന്ധി ചെയ്യരുതെന്ന അമൂല്യമായ ജീവിതപാഠമായിരുന്നു. സ്ത്രീവിമോചനമുന്നേറ്റത്തിന് കാഹളമൂതുന്ന വരുംനാളുകൾ ഈ പാഠം വിസ്മരിക്കില്ല.

ആശാസമരം നൽകുന്ന രാഷ്ട്രീയ പാഠങ്ങൾ

സൈബർ കൂലിപ്പടയെ നിയോഗിച്ച് സമരം ചെയ്യുന്ന സ്ത്രീകളെ അപമാനിക്കാനായി ഭരണക്കാർ ഏതറ്റം വരെയും പോയി. അശ്ലീലവും അസഭ്യങ്ങളും ചൊരിഞ്ഞു. എന്നാൽ കുറിക്കുകൊള്ളുന്ന മറുപടികൾ നൽകിയ ആശമാർ ഒരു സന്ദർഭത്തിൽപ്പോലും അന്തസ്സിന്റെ പരിധിവിട്ട് ഒരു വാക്കുപോലും പറഞ്ഞില്ല. അവരുടെ മുദ്രാവാക്യങ്ങളിൽ കൊലവിളിയും ആക്രോശങ്ങളും ഉണ്ടായിരുന്നില്ല. കേരളമാകെ അതിന് സാക്ഷ്യം വഹിച്ചു. ഒരു വേള പോലും പ്രകോപിതരാകാതെ, നിറഞ്ഞ ആത്മവിശ്വാസത്തോടെ, തങ്ങൾ പറയുന്നത് തികഞ്ഞ സത്യമാണെന്ന ഉൾബോധ്യത്തോടെ ആശമാർ നിലകൊണ്ടു. പ്രക്ഷോഭരംഗത്ത് അവർ പ്രകാശിപ്പിച്ച ഉയർന്ന ധാർമ്മികതയും സംസ്കാരവും കേരളത്തിന് പുതിയൊരു അനുഭവമായിരുന്നു. അങ്ങിനെ സ്ത്രീകൾ ഒരു സാമൂഹ്യശക്തിയായി ഉയരുന്ന ദൃശ്യത്തിന് കേരളം സാക്ഷിയായി. സ്വന്തം പ്രശ്നങ്ങൾ യുക്തിഭദ്രമായി അവതരിപ്പിക്കാൻ അവർ രാഷ്ട്രീയകാര്യശേഷി നേടി. തങ്ങളുടെ അവസരവാദ നിലപാടുകളെ നാണംകെട്ട നിലയിൽ ന്യായീകരിക്കുന്ന ചാനൽ ചർച്ചാ വിദഗ്ധരായ നേതാക്കളുടെ വാദഗതികളുടെ പൊള്ളത്തരങ്ങളെ ആശമാർ അനായാസം തുറന്നുകാട്ടി. നേതൃനിരയിൽനിന്ന് പ്രവർത്തിച്ചവരിൽ മാത്രമല്ല, സംസ്ഥാനമെമ്പാടുമുള്ള ആശമാരിൽ ഉയർന്ന നീതിബോധത്തിന്റെയും അവകാശബോധത്തിന്റെയും അടിയുറച്ച ധാരണ വളർന്നുവന്നു. ആത്മാഭിമാനപ്രചോദിതരായ ആശമാരെ സമരം അങ്ങിനെ വാർത്തെടുത്തു.

സമൂഹമൊന്നാകെ നീതിനിഷ്ഠമായ ഒരു സമരത്തിനാൽ സ്വാധീനിക്കപ്പെട്ടു, ജീവൻ തുടിക്കുന്ന സാമൂഹ്യാന്തരീക്ഷം എവിടെയും സൃഷ്ടിക്കപ്പെട്ടു. സ്ത്രീകളിലേക്ക് ആത്മവിശ്വാസത്തിന്റെ കരുത്ത് പ്രവഹിക്കപ്പെട്ടു. വർണ്ണനാതീതമായ ദുരിതങ്ങളെയും പീഡനങ്ങളെയും നേരിട്ട് ആത്മബലം ചോർന്ന് ജീവിക്കേണ്ടി വരുന്ന ഹതഭാഗ്യകളായ ആയിരക്കണക്കിന് കേരളത്തിലെ സ്ത്രീകൾ ആശമാരെ തങ്ങളുടെ ജീവിതത്തിന്റെ മാതൃകകളായി സ്വീകരിച്ചു. ഒട്ടും അതിശയോക്തി ഇല്ലാതെ പറയട്ടെ, തന്റേടത്തോടെ ജീവിക്കേണ്ടത് എങ്ങിനെയെന്ന് സമരം ചെയ്യുന്ന ആശമാരിൽനിന്നും അവർ പഠിച്ചു. മുടിമുറിച്ച് ആശമാർ കേരളത്തോട് പറഞ്ഞു, ചമയങ്ങളോ ആടയാഭരണങ്ങളോ അല്ല വേണ്ടുന്നത്; മറിച്ച് നിശ്ചയദാർഢ്യവും ആത്മബോധവുമാണ് സ്ത്രീകളെ നയിക്കേണ്ടത്. ഇരമ്പിയാർക്കുന്ന ഭാവി വനിതാമുന്നേറ്റത്തിന്റെ അടിസ്ഥാനപാഠങ്ങളിലൊന്നായി ഈ ഉൾക്കാഴ്ച മാറും.

ആശാസമര നേതൃത്വം – ഭാവി തൊഴിലാളി സമരങ്ങളുടെ പ്രതീക്ഷ

കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷനെന്ന യൂണിയന്റെ വ്യതിരിക്തതയും നേതൃത്വത്തിന്റെ അചഞ്ചലമായ തൊഴിലാളിവർഗ്ഗ കൂറും സമർപ്പണവും നിസ്വാർത്ഥതയും സന്ധിരഹിത മനോഭാവവും ആശാസമരത്തെ ഐതിഹാസികമാക്കുന്നതിൽ ഏറ്റവും നിർണ്ണായകമായ പങ്ക് വഹിച്ചു. ആശാ പ്രവർത്തകരെ ഇന്നു കാണുന്ന നിലയിലുള്ള ഒരു അജയ്യശക്തിയാക്കി മാറ്റിയത് യൂണിയന്റെ നേതൃത്വമായിരുന്നു. ജില്ലാ നേതാക്കൾ മുതൽ സംസ്ഥാന ഭാരവാഹികൾവരെ സമരമുഖങ്ങളിലെല്ലാം നായകരായി അടിയുറച്ചുനിന്നു. വനിതാ നേതാക്കൾ എട്ടരമാസവും സമരപ്പന്തലിൽ അന്തിയുറങ്ങി. ക്ലേശങ്ങളും പ്രതിസന്ധികളും ഒരുമിച്ച് നേരിട്ടുകൊണ്ട് ഉദാത്തമായ സമരസാഹോദര്യം സൃഷ്ടിച്ചു. ആശാ യൂണിയന്റെ നേതൃത്വം ഭാവിയുടെ തൊഴിലാളി പ്രക്ഷോഭങ്ങളെ നയിക്കാൻ കെൽപ്പുള്ള ഒന്നാണെന്ന് അസന്നിഗ്ധമായി നമ്മുടെ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. വർത്തമാനകാല ട്രേഡ് യൂണിയൻ പ്രവർത്തനം വീറുറ്റ സമരത്തിന്റെ പാത ഉപേക്ഷിച്ച് ലോബിയിംഗിലും പാദസേവയിലും അഭയം പ്രാപിച്ചിരിക്കുമ്പോൾ ആശാസമര നേതൃത്വം, യഥാർത്ഥ തൊഴിലാളി പ്രവർത്തനത്തിന്റെ മാർഗ്ഗം കാട്ടിയിരിക്കുന്നു. ഈ നേതൃത്വത്തെ സ്വീകരിക്കുന്ന ഏതൊരു തൊഴിലാളി വിഭാഗത്തിനും നിവർന്നുനിന്നുപൊരുതി അവകാശങ്ങൾ നേടാൻ ഇന്ന് വഴി തുറന്നിരിക്കുന്നു.

ഒട്ടനവധി സങ്കീർണ്ണതകളെയും പ്രതിബന്ധങ്ങളെയും നേരിട്ട ആശാസമരം അതിന്റെ ദീർഘിച്ച പ്രയാണത്തിനിടയിൽ കാട്ടിയ കെട്ടുറപ്പും ഐക്യവും അസാധാരണമായിരുന്നു. കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷനെന്ന തൊഴിലാളി സംഘടനക്കുപിന്നിൽ താഴേത്തലം മുതൽ മുകൾതലം വരെ ആശമാർ ഒരൊറ്റ മനുഷ്യനെപ്പോലെ നിലകൊണ്ടു. അതാത് ഘട്ടങ്ങളിൽ വികസിച്ചുവന്ന രാഷ്ട്രീയസാഹചര്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്താനും അതിനനുസൃതമായ സമരപരിപാടികൾ ആവിഷ്കരിക്കാനും യൂണിയനു കഴിഞ്ഞു. തുടക്കത്തിൽ അനിശ്ചിതകാലത്തേക്കുള്ള സമരമെന്ന നിലയിൽ പ്രഖ്യാപിക്കപ്പെട്ട ഒന്നായിരുന്നില്ല ആശാസമരം. പിന്നീട് അത് അനിശ്ചിതകാല രാപകൽ സമരമായി തുടരാൻ കൈക്കൊണ്ട സുപ്രധാനമായ തീരുമാനം മുതൽ ആശമാരുടെ മഹാസംഗമം, നിയമസഭാ മാർച്ച്, വനിതാദിനാചരണം, സെക്രട്ടേറിയറ്റ് ഉപരോധം, പണിമുടക്ക്, നിരാഹാര സമരം, പൗരസാഗരം, 46 ദിവസം നീണ്ടുനിന്ന രാപകൽ സമരയാത്ര, ഒടുവിൽ മുഖ്യമന്ത്രിയുടെ ഔദ്യാഗിക വസതിയിലേക്കുള്ള മാർച്ച് ഉൾപ്പടെയുള്ള സമരഘട്ടങ്ങൾ നിർണ്ണയിക്കുന്നതിൽ യൂണിയൻ കാട്ടിയ രാഷ്ട്രീയ കാര്യപ്രാപ്തിയും വിജയകരമായ പ്രക്ഷോഭമാക്കി അവയെ മാറ്റുന്നതിനിടയാക്കിയ ആസൂത്രണമികവും അനിതരസാധാരണമായിരുന്നു. പിന്തുണയുമായി എത്തിയ വ്യക്തികളെയും ജനാധിപത്യസംഘടനകളെയും കോർത്തിണക്കി സംസ്ഥാനമെമ്പാടും സമരസഹായ സമിതികൾക്കു രൂപം നൽകുന്നതിനും ആശാ യൂണിയൻ നേതൃപരമായ പങ്ക് വഹിച്ചു. ഭാവി തൊഴിലാളി പ്രക്ഷോഭങ്ങളുടെ മാർഗ്ഗംകാട്ടുന്ന ഒരു നേതൃത്വത്തെ ആശാസമരം സൃഷ്ടിച്ചു.

ഒത്തുതീർപ്പും ലോബിയിംഗുമല്ല, കീഴടങ്ങാത്ത പോരാട്ടമാണ് അവകാശങ്ങൾ നേടാനുള്ള ഒരേയൊരു മാർഗ്ഗം

ആശാസമരം കേരളത്തിനു മാത്രമല്ല, രാജ്യത്തിനൊന്നാകെ നൽകിയിരിക്കുന്ന വിലപ്പെട്ട പാഠം വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിന്റേതാണ്. 'സമരംപ്രഖ്യാപിക്കുന്നവർ അത് എങ്ങിനെ അവസാനിപ്പിക്കണമെന്നു കൂടി പഠിക്കണം' ഈ ഉപദേശം സിഐറ്റിയുവിന്റെ തലമുതിർന്ന ഒരു നേതാവ് ആശാസമരത്തെ വിമർശിച്ചുകൊണ്ട് നൽകിയതാണ്. അതായത് ഒടുക്കവും തുടക്കവുമെല്ലാം മുൻകൂർ തയ്യാറാക്കിയിട്ടുള്ള ഒരു തിരക്കഥയുടെ ആട്ടമാണ് തൊഴിലാളി സമരം. തുടങ്ങുന്നതിനു മുമ്പുതന്നെ അവസാനിപ്പിക്കാനുള്ള തീയതി കുറിച്ചുകൊണ്ടുള്ളതാകണമത്രെ തൊഴിലാളി സമരം. ഈ 'വിലപ്പെട്ട' പാഠത്തെ ആശാസമരം തികഞ്ഞ അവജ്ഞയോടെ തള്ളിക്കളഞ്ഞു. "അടിമക്കാലം തീരാതെ അനന്തപുരിയുടെ മണ്ണിൽനിന്നും തിരിച്ചു വീട്ടിൽ കയറില്ല" എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് ആശാസമരം തുടങ്ങിയത്. അതുകൊണ്ടാണ് അത് 266 ദിവസം നീണ്ടുനിന്നത്. പോലീസ് കേസുകൾ മുതൽ മധ്യസ്ഥവേഷം വരെ സമരം അവസാനിപ്പിക്കാനായി ചെലുത്തിയ എല്ലാ സമ്മർദ്ദങ്ങളെയും തള്ളിക്കളഞ്ഞുകൊണ്ട് അത് മുന്നേറി. പഞ്ചായത്ത് തലം മുതലുള്ള മൃഗീയ അധികാരത്തിന്റെ തിട്ടൂരങ്ങളെയും ഭീഷണികളെയും ആശമാർ നിർഭയം നേരിട്ട് സമരത്തിൽ ഉറച്ചുനിന്നു. 2025 ഏപ്രിൽ മൂന്നിന്റെ ചർച്ചയിൽ ആശാപ്രവർത്തകരുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റിയെ നിയോഗിക്കാമെന്ന വാഗ്ദാനം മുന്നോട്ടുവച്ച് സമരം അവസാനിപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചപ്പോൾ അത് തള്ളിക്കളഞ്ഞുകൊണ്ട് സമരത്തിൽ ഉറച്ചുനിൽക്കാൻ യൂണിയൻ കൈക്കൊണ്ട തീരുമാനം കേരളത്തിലെ മുഴുവൻ തൊഴിലാളി പ്രസ്ഥാനങ്ങൾക്കുമുള്ള രാഷ്ട്രീയ വിദ്യാഭ്യാസവും അതേസമയം മാതൃകയുമായി മാറി. പിറവിയെടുക്കാനിരിക്കുന്ന എല്ലാ തൊഴിലാളി സമരങ്ങൾക്കും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിന്റെ മാർഗ്ഗം അതു കാട്ടി.

മുകളിൽ സൂചിപ്പിക്കപ്പെട്ട വിഘ്നങ്ങളും മറികടക്കാനാവാത്ത വിധമുള്ള പ്രതിസന്ധികളും അഭിമുഖീകരിക്കേണ്ടിവന്നത് സ്ത്രീത്തൊഴിലാളികൾ നയിച്ച ഒരു സമരത്തിനാണ് എന്നത് നാം കാണണം. അവർ വാടകവീടുകളിൽ കഴിയുന്ന പരമദരിദ്രരായിരുന്നു. ഋണബാധ്യതകളാലും ജീവിതദുരിതങ്ങളാലും വരിഞ്ഞുമുറുക്കപ്പെട്ടവരായിരുന്നു. അത്ര ചെറുതല്ലാത്ത ഒരു വിഭാഗം ആശമാർ, ഭർത്താക്കന്മാരെ നഷ്ടപ്പെട്ടവരായിരുന്നു. പലരുടെയും കുടുബാംഗങ്ങൾ നിത്യരോഗികളായിരുന്നു. പരമതുച്ഛമായ ദിവസക്കൂലിയുടെ ഈ ജോലി സ്വീകരിക്കാൻ അവർ നിർബ്ബന്ധിതരായതുതന്നെ ദയനീയമായ അവരുടെ സാമ്പത്തികസ്ഥി

(ശേഷം 3–ാം പേജിൽ)

വിട്ടുവീഴ്ചയില്ലാത്ത പോരാട്ടമാണ് അവകാശങ്ങൾ നേടിയെടുക്കാനുള്ള ഒരേയൊരു മാർഗ്ഗം

(2–ാം പേജിൽ നിന്ന്)

തി നിമിത്തമാണ്. ഈ പരിമിതമായ കൂലി കൂടി നഷ്ടപ്പെടുത്തിക്കൊണ്ടാണ് അവർ സമരപ്പന്തലിൽ വന്നത്. ഒരു വലിയ വിഭാഗം ആശമാരും കുടുംബാംഗങ്ങളുടെ എതിർപ്പിനെയും സിപിഐ(എം) നേതാക്കളുടെ ഭീഷണികളെയും സമ്മർദ്ദങ്ങളെയും നേരിട്ടുകൊണ്ടാണ് സമരം ചെയ്തത്. പ്രാഥമിക കൃത്യങ്ങൾക്കുപോലും സൗകര്യമില്ലാത്ത നഗരത്തിലെ ഒരു പൊതുസ്ഥലത്ത് അവർ ഒത്തുകൂടി. ഒരാഴ്ചയല്ല, ഒരു മാസമല്ല, 266 ദിവസം അവർ പൊതുനിരത്തിൽ അന്തിയുറങ്ങി. സ്വതന്ത്രമായി തെരുവിലൂടെ പകൽ സമയത്തുപോലും സുരക്ഷിതമായി നടക്കാനാവാത്ത ഒരു നാട്ടിൽ, തെരുവിൽ കിടക്കേണ്ടി വരുന്ന സ്ത്രീകൾക്ക് എന്തു സുരക്ഷ ഉണ്ടാകും? അവരുടെ സുരക്ഷ അവർ തന്നെ ഉറപ്പാക്കി. അങ്ങിനെ എത്രയും വേഗം സമരം അവസാനിപ്പിച്ച് മടങ്ങിപ്പോകാൻ നിർബ്ബന്ധിതമാക്കുന്ന അതീവ ദുർഘടമായ സാഹചര്യങ്ങൾ ഓരോ ദിനവും അവരെ വേട്ടയാടിയിട്ടും തുടരുക മാത്രമല്ല, സമരത്തിന്റെ ഉയർന്ന ഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കിക്കൊണ്ട് അവർ നിലകൊണ്ടു. കേരളം അളക്കാനാവാത്ത ആദരവിന്റെ ബിഗ് സല്യൂട്ട് നൽകിയത് പെൺതൊഴിലാളികളുടെ ഈ നിശ്ചയദാർഢ്യത്തിനായിരുന്നു. ആശാസമരം ഈ സമൂഹത്തിൽ പ്രസരിപ്പിച്ച ഏറ്റവും ഉൽകൃഷ്ടമായ ജീവിതമൂല്യം പർവ്വതതുല്യമായ ഏതു പ്രതിസന്ധിയെയും ശിരസ്സുയർത്തി, നിർഭയം നേരിടാനുള്ള തന്റേടമാണ്. ഇപ്രകാരമൊരു സമരേതിഹാസം രചിക്കാൻഏറ്റവുംനിസ്വരായസ്ത്രീകൾക്കാവുമെങ്കിൽ, അചഞ്ചലമായ പോരാട്ടത്തിന്റെ വഴിയിൽ നിന്ന് ആരും മാറിനിൽക്കേണ്ടതില്ലെന്ന വിലപ്പെട്ട പാഠമാണ് ആശാസമരം പകർന്നുനൽകുന്നത്.

അഭിമാനകരമാംവിധം ഡിമാന്റുകൾ നേടിയ ആശാസമരം

സേവനതലത്തിലും സാമ്പത്തികനേട്ടങ്ങളുടെ ഗണത്തിലും ആശാസമരം കൈവരിച്ച നേട്ടങ്ങൾ ഒട്ടനവധിയാണ്. ഫെബ്രുവരി 10നു മുമ്പുണ്ടായിരുന്ന പണിയെടുക്കുന്നവരെന്ന നിലയിലുള്ള ആശമാരുടെ പദവി ഏറ്റവും ഔന്നത്യത്തിലെത്തി എന്നതാണ് എല്ലാത്തിലുമേറെ വിലയിരുത്തപ്പെടേണ്ട ആശാസമരത്തിന്റെ മഹത്തായ നേട്ടം. ആരോഗ്യവകുപ്പിലെ സമസ്ത മേലുദ്യോഗസ്ഥരുടെയും തദ്ദേശസ്ഥാപനങ്ങളുടെയും എന്തിന് പോലീസിന്റെപോലും കൽപ്പനകൾ ശിരസ്സിലേറ്റേണ്ടവരാണ് ആശമാർ എന്നതായിരുന്നു ഈ പാവം സ്ത്രീത്തൊഴിലാളികളുടെ ദുർവിധി. ആശാസമരം അത് പൊളിച്ചെഴുതി. അമിതജോലി ഭാരത്തിന്റെ നുകത്തിൽനിന്നും ആശമാർ സ്വതന്ത്രരായി. പ്രവൃത്തി ദിവസങ്ങൾ മാസത്തിൽ 20 എന്ന് നിർണ്ണയിച്ചുകൊണ്ട്, കൃത്യമായി നിർവ്വചിക്കപ്പെട്ട ജോലികൾ നിറവേറ്റിയാൽ മതി എന്ന ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ നിർബ്ബന്ധിതമായി. സ്വന്തം അവകാശങ്ങളും അസ്തിത്വവും തിരിച്ചറിഞ്ഞ് നിർഭയമായി ജോലിയെടുക്കാൻ ഓരോ ആശയെയും സമരം പ്രാപ്തമാക്കി. ഓണറേറിയം വർദ്ധിപ്പിക്കേണ്ടത് സംസ്ഥാന സർക്കാരാണെന്ന ആശാസമരത്തിന്റെ നിലപാട് പൂർണ്ണമായും സ്ഥിരീകരിച്ചുകൊണ്ട്, ഒടുവിൽ ആയിരം രൂപ ഓണറേറിയം വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ നിർബ്ബന്ധിതമായി.

രാജ്യത്തെ ആശമാരും അവരുടെ പ്രശ്നങ്ങളും കഴിഞ്ഞ 22 വർഷമായി ഇവിടെ നിലനിൽക്കുന്നുണ്ടായിരുന്നു. ഇതിനുമുമ്പൊരിക്കലും ഉയർന്നുവരാതിരുന്ന ആശമാരുടെ ജീവൽപ്രശ്നങ്ങൾ, ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ പാർലിമെന്റിന്റെ ഇരുസഭകളിലുമായി 9 എംപിമാർ അവതരിപ്പിച്ചു. അതിന് നിമിത്തമായത് കേരളത്തിലെ ആശമാരുയർത്തിയ പ്രചണ്ഡമായ സമരാന്തരീക്ഷം മാത്രമായിരുന്നു. കേരളത്തിലെ ആശാസമരത്തെ മുൻനിർത്തി ഈ വിഭാഗം സ്ത്രീത്തൊഴിലാളികൾ അനുഭവിക്കുന്ന ദാരിദ്ര്യവും ചൂഷണവും രാജ്യമെമ്പാടുമുള്ള മാധ്യമങ്ങൾ വലിയ വാർത്തകളാക്കി. ഇതിനെ തുടർന്നാണ് രാജ്യത്തെ 10 ലക്ഷം ആശമാരുടെ ഇൻസെന്റീവ് 1500 രൂപ വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ നിർബ്ബന്ധിതമായത്. കഴിഞ്ഞ 18 വർഷമായി വർദ്ധിപ്പിക്കാതിരുന്ന ഇൻസെന്റീവ് 2025ൽ വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തതിന്റെ പിന്നിൽ മറ്റൊരു കാരണവും ആർക്കും ചൂണ്ടിക്കാണിക്കാനാവില്ല. കേരളത്തിലെ സമരം മറ്റ് സംസ്ഥാനങ്ങളിലേക്കും പടരുമെന്ന ഭീതിയും ആശമാരുടെ പ്രശ്നങ്ങളെ അവഗണിക്കാനാവില്ല എന്ന നിലപാടെടുക്കാൻ കേന്ദ്ര സർക്കാരിനെ നിർബ്ബന്ധിതമാക്കിയിട്ടുണ്ടെന്നത് തർക്കമറ്റ വസ്തുതയാണ്. പെർഫോമൻസ് ബേസ്ഡ് ഫിക്സഡ് ഇൻസെന്റീവായി 1000 രൂപ മുഴുവൻ ആശമാർക്കും നൽകാൻ തീരുമാനിച്ചതും ഇക്കാരണത്താലാണ്. കേരളത്തിന്റെ മണ്ണിൽ ആഞ്ഞുവീശിയ വിട്ടുവീഴ്ചയില്ലാത്ത പെൺതൊഴിലാളി സമരം, പണിയെടുക്കുന്നവരിലൊന്നാകെ പ്രസരിപ്പിച്ച വികാരം ഒരു വലിയ തൊഴിലാളി പ്രക്ഷോഭത്തിനു തിരികൊളുത്തിയാൽ മുതലാളിത്തവ്യവസ്ഥിതിക്ക് ഏൽപ്പിക്കുന്ന പ്രഹരത്തിന്റെ മാനത്തെക്കുറിച്ച് ഭരണകേന്ദ്രങ്ങൾക്ക് ബോധ്യമുണ്ടായി എന്നതും ഈ തീരുമാനത്തിന്റെ കാരണങ്ങളിലൊന്നായി കാണാം. ഇത്തരമൊരു ഫലം സൃഷ്ടിച്ച ആശാസമരത്തെ സംബന്ധിച്ചാണ് നമ്മുടെ 'ഇടതു' സുഹൃത്തുക്കൾ ഒന്നും നേടാത്ത സമരമെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ഏറ്റവും സങ്കുചിതമായ ലക്ഷ്യത്തോടെ നടത്തുന്ന ഈ വിശകലനം ആരെയാണ് സഹായിക്കുന്നതെന്ന് ഈ സുഹൃത്തുക്കൾ ഈ വൈകിയവേളയിലെങ്കിലും ആത്മപരിശോധന നടത്തണം.

നവലിബറൽ സാമ്പത്തിക നയങ്ങളുടെ കഴിഞ്ഞ മൂന്നര പതിറ്റാണ്ടിന്നിടയിൽ സംഘടിതട്രേഡ്യൂണിയൻപ്രസ്ഥാനങ്ങൾ നടത്തിയ സമരങ്ങൾക്ക് ഡിമാന്റുകളൊന്നും നേടാൻ കഴിഞ്ഞിട്ടില്ലെന്നിരിക്കെ, കേരളം രചിച്ച ഐതിഹാസികമായ ആശാസമരത്തെ അവഗണിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് മുന്നോട്ടുപോകാനായില്ല എന്നത് പണിയെടുക്കുന്നവർക്കൊന്നാകെ അഭിമാനിക്കാവുന്ന വിജയമാണ്. മാതൃകകാട്ടിയ ഈ സമരത്തെ കൃത്യമായി അവതരിപ്പിച്ചുകൊണ്ട് തൊഴിലാളികൾക്കിടയിൽ ആത്മാഭിമാനവും സമരവീര്യവും വളർത്താനല്ലേ ഇടതു സുഹൃത്തുക്കൾ പരിശ്രമിക്കേണ്ടിയിരുന്നത്? ഈ സമരത്തിന്റെ വിലപ്പെട്ട പാഠങ്ങളെ ആവർത്തിച്ചുറപ്പിച്ചുകൊണ്ട് ശക്തമായ തൊഴിലാളിസമരങ്ങൾക്ക് അസ്തിവാരമൊരുക്കുകയായിരുന്നില്ലേ നിറവേറ്റേണ്ടിയിരുന്ന കടമ. അതു ചെയ്തില്ല എന്നതോ പോകട്ടെ, എല്ലാ ക്ലേശങ്ങളെയും നേരിട്ട് പടുത്തുയർത്തിയ പ്രസ്തുത സമരത്തെ ആക്ഷേപിക്കാൻ, ഇകഴ്ത്താൻ, ദുർബ്ബലപ്പെടുത്തി തകർക്കാൻ ശ്രമിച്ചത് ഇടതുരാഷ്ട്രീയത്തിന്റെ അടിസ്ഥാന സമീപനത്തിന് നിരക്കുന്നതാണോ എന്ന് പരിശോധിക്കാൻ ഞങ്ങൾ സത്യസന്ധരായ ഇടതുവിശ്വാസികളോട് അഭ്യർത്ഥിക്കുന്നു. തങ്ങൾ കെട്ടിപ്പൊക്കിയിരിക്കുന്ന സംഘടനാബലവും അധികാരക്കോട്ടയും നിലനിർത്താൻ വേണ്ടി മാത്രം നേതാക്കൾ നടത്തിയ അന്ധതയുടെ ആക്രോശങ്ങളായിരുന്നു അവയെന്ന് അദ്ധ്വാനിച്ചു ജീവിക്കുന്ന സാധാരണ അണികൾ തിരിച്ചറിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ആശാസമരം നൽകുന്ന രാഷ്ട്രീയ പാഠങ്ങൾ

ഈ സമരത്തിൽ അന്തർഭവിച്ചിട്ടുള്ള ഗൗരവതരമായ രാഷ്ട്രീയ ഘടകങ്ങളെ ശരിയായി വിലയിരുത്താനുള്ള രാഷ്ട്രീയ പ്രാപ്തിനഷ്ടപ്പെട്ടു എന്നതിനാലാണ്, സമരം തങ്ങളുടെ സർക്കാരിനെതിരാണെന്ന വളരെ ദുർബ്ബലമായ വാദം ഉയർത്തിയത്. ഓണറേറിയം വർദ്ധിപ്പിക്കുക എന്ന ഡിമാന്റ് ഉയർത്താനേ പാടില്ലാത്ത ഒന്നാണെന്ന നിലയിൽ പ്രചരിപ്പിക്കുന്നത് ആത്യന്തികമായി പണിയെടുക്കുന്നവർക്കെതിരായ നിലപാടാണെന്ന് തിരിച്ചറിയാൻ പോലുമാകാത്തവിധം ഇടതുനാമധാരികൾ അധഃപതിച്ചിരിക്കുന്നു. തങ്ങളുടെ സർക്കാരിനോ

ട് അവശ്യപ്പെട്ടു എന്നതാണ് അവരെ പ്രകോപിപ്പിച്ചത്. സങ്കുചിതമായ രാഷ്ട്രീയ പരിഗണനകൾ മാറ്റിവച്ച് ഡിമാന്റിന്റെ ന്യായയുക്തത അംഗീകരിക്കാനും അതിനെ സർവ്വാത്മനാ പിന്തുണയ്ക്കാനും തയ്യാറായിരുന്നെങ്കിൽ ഇടതുരാഷ്ട്രീയത്തിന്റെ മഹിമ രാജ്യത്തെ മുഴുവൻ തൊഴിലാളികൾക്കും തിരിച്ചറിയാൻ ഇടവരുമായിരുന്നു. തൊഴിലാളികളുടെ ഡിമാന്റുകളെ പ്രാണനെപ്പോലെ ഗണിക്കുന്നതാണ് യഥാർത്ഥ ഇടതുരാഷ്ട്രീയമെന്ന് അത് ഉറപ്പിക്കുമായിരുന്നു. മറിച്ച് ഇവിടെ സംഭവിച്ചത് മറ്റൊന്നാണ്. ആകെത്തുകയിൽ അത് ഇടതുപക്ഷ രാഷ്ട്രീയത്തിന് ഏൽപ്പിച്ച ആഘാതം അളക്കാനാവാത്തതാണ്.

ആശമാർ ഉയർത്തിയ ഡിമാന്റുകൾ നവലിബറൽ നയങ്ങൾക്കെതിരായ പോരാട്ടത്തിന്റെ രാഷ്ട്രീയ ഉള്ളടക്കത്തെ പ്രതിഫലിപ്പിക്കുന്നു

രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ഗുണനിലവാരമുള്ള ചികിൽസ ഉറപ്പാക്കണമെങ്കിൽ, സ്ഥിരം ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിച്ച് ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ ഇപ്പോഴുള്ളതിന്റെ നിരവധി മടങ്ങ് വികസിപ്പിക്കേണ്ടിവരും. ഈ ഉത്തരവാദിത്തം കൈയൊഴിയുന്നതിനായി ആവിഷ്കരിക്കപ്പെട്ട പദ്ധതിയാണ് എൻആർച്ച്എമ്മും എൻഎച്ച്എമ്മും ആശ നിയമനവുമെല്ലാം. എല്ലാ സേവനമേഖലകളെയും 'ഇൻഫോർമൽ' ആക്കുന്ന സ്കീമുകൾ ആഗോളവൽക്കരണത്തിന്റെ അജണ്ടയാണ്. തുഛപ്രതിഫലത്തിന് പണിയെടുക്കുന്ന സ്കീം വർക്കേഴ്സിന്റെ സ്ഥാനത്ത്, സ്ഥിരനിയമനവും സേവന വേതന വ്യവസ്ഥകളുമുള്ള ഒരു തൊഴിലാക്കി ഇതിനെ പരിവർത്തനപ്പെടുത്തിയാൽ തൊഴിലാളി വിരുദ്ധമായ ഈ അജണ്ടയെ പരാജയപ്പെടുത്താൻ കഴിയും. ഓണറേറിയം 21,000 രൂപയാക്കുകയെന്നാൽ അതിന്റെയർത്ഥം, മിനിമം വേതനം കൈപ്പറ്റുന്ന തൊഴിലാളി വിഭാഗമായി ആശമാർ മാറുന്നു എന്നാണ്. സ്ഥിരനിയമനമെന്ന ലക്ഷ്യത്തിലേക്കുള്ള രാഷ്ട്രീയ നീക്കമാണത്. അതു നൽകാനുള്ള സാമ്പത്തിക ഭദ്രത സർക്കാരിനുണ്ടോ എന്ന മുടന്തൻ ന്യായം ഉയർത്തി അതിപ്രധാനമായ ഈ ഡിമാന്റിന്റെ മൂർച്ച ഇല്ലാതാക്കാനാണ് ഇടതുലേബലണിഞ്ഞവർ ശ്രമിച്ചത്. ഓണറേറിയം വർദ്ധിപ്പിക്കുക എന്ന ഡിമാന്റ് സിഐറ്റിയു മറ്റ് സംസ്ഥാനങ്ങളിൽ ഉയർത്തുന്നു എന്ന വസ്തുതപോലും മറച്ചുവച്ചുകൊണ്ടുള്ള നീചമായ പ്രചാരണമാണ് ഇവിടെ ആശാസമരത്തിനെതിരെ ഇക്കൂട്ടർ നടത്തിയത്. 'കേരളത്തിലല്ല, ദില്ലിയിൽ പോയി സമരം നടത്തട്ടെ' എന്നുപറഞ്ഞ് ആക്രോശിച്ച സിഐറ്റിയു, ഒടുവിൽ സംസ്ഥാന സർക്കാരിന്റെ കമ്മിറ്റിക്കു മുമ്പിൽ 15,000 രൂപയുടെ ഓണറേറിയം വർദ്ധനവ് ആവശ്യപ്പെടുകയും ചെയ്തു. എല്ലാത്തിനും ഒടുവിൽ സംസ്ഥാന സർക്കാർ ആയിരം രൂപ ഓണറേറിയം വർദ്ധിപ്പിക്കാൻ തീരുമാനിക്കുകകൂടി ചെയ്തതോടെ, ഓണറേറിയം വർദ്ധനവിന്റെ ഡിമാന്റ് ഉയർത്തേണ്ടത് കേരളത്തിലാണെന്ന് സ്ഥിരീകരിക്കപ്പെട്ടു. അങ്ങിനെ ആശാസമരത്തിനെതിരെ ഉയർത്തിയ നിന്ദ്യവും വസ്തുതാവിരുദ്ധവുമായ പ്രചാരണം മുഴുവൻ ഏറ്റവും സങ്കുചിതമായ രാഷ്ട്രീയലക്ഷ്യത്തോടെയുള്ളതായിരുന്നുവെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടു. അതുകൊണ്ടുതന്നെ 21,000 രൂപയായി ഓണറേറിയം വർദ്ധിപ്പിക്കുക എന്ന ആവശ്യം ഉയർത്തിക്കൊണ്ട് ആശാസമരം തുടരാനുള്ള കെഎഎച്ച്ഡബ്ല്യുഎയുടെ തീരുമാനം ഉയർന്ന രാഷ്ട്രീയവിശകലന ശേഷിയെ പ്രതിനിധീകരിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ ആശമാർക്കും വേണ്ടിയുള്ള ഏറ്റവും ശരിയായ ഡിമാന്റായി അത് നിലനിൽക്കും. അത് നേടിയെടുക്കുന്നതിനു വേണ്ടിയുള്ള പോരാട്ടവും പൂർവ്വാധികം കരുത്തുനേടി മുന്നേറും.

പുറംശക്തികളുടെ നടപടികളല്ല, സ്വന്തം ചെയ്തികൾ മാത്രമാണ് ഇടതുപക്ഷരാഷ്ട്രീയ ചേരിയെ ദുർബ്ബലപ്പെടുത്തുന്നതെന്ന് സിപിഐ(എം) തിരിച്ചറിയണം

കേരളത്തിലെ ഇടതു സർക്കാരിനെതിരെ സമരം ചെയ്തു എന്നതാണല്ലോ ആശാസമരത്തോട് ഇത്രമേൽ ശത്രുത കാട്ടാൻ സിപിഐ(എം)നെ പ്രേരിപ്പിച്ച ഘടകം. കോൺഗ്രസ്സിന്റെയും ബിജെപിയുടെയും സഹായത്തോടെ പിണറായി സർക്കാരിനെയും സിപിഐ(എം)നെയും ദുർബ്ബലപ്പെടുത്താൻ നടന്ന ഗൂഢാലോചനയാണ് ആശാസമരമെന്ന ന്യായീകരണമാണ് പാർട്ടിഘടകങ്ങളിലും അവരുടെ മാധ്യമങ്ങളിലും ഇക്കൂട്ടർ നിരത്തിയത്. പിന്തിരിപ്പൻ ശക്തികളുടെ വ്യാജമുദ്ര പതിപ്പിച്ച്, തങ്ങൾക്കെതിരെ ഉയർന്നുവരുന്ന ജനകീയ മുന്നേ

(ശേഷം 4–ാം പേജിൽ)

ദാരിദ്ര്യവും പട്ടിണിയും സൃഷ്ടിക്കുന്ന മുതലാളിത്ത വ്യവസ്ഥയെ മാറ്റിമറിക്കാതെ അതിദരിദ്രമുക്ത സമൂഹം സാദ്ധ്യമാകില്ല

(1–ാം പേജിൽ നിന്ന്)

ട്ടുകയും അതിനെതിരായ പ്രക്ഷോഭത്തിന്റെ കാഹളം മുഴക്കുകയുമാണ് ഇടതുപക്ഷ പ്രസ്ഥാനം ചെയ്യേണ്ടത്.

2021ൽ സംസ്ഥാന സർക്കാർ ആരംഭിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി(EPEP) പ്രകാരമാണ്, 64,006 അതിദരിദ്രരാണ് സംസ്ഥാനത്താകെ അവശേഷിക്കുന്നതെന്ന് കണ്ടെത്തിയതത്രേ. അവരുടെ അതിദാരിദ്ര്യം വിവിധ പദ്ധതികളിലൂടെ നിർമ്മാർജ്ജനം ചെയ്യുവെന്ന് അവകാശപ്പെട്ടുകൊണ്ടാണ് സർക്കാർ നവംബർ ഒന്നിന്, കേരളപ്പിറവി ദിനത്തിൽ, ദരിദ്ര ജനവിഭാഗങ്ങളിൽ ഉൾക്കിടിലം ഉണ്ടാക്കുന്ന ഈ പ്രഖ്യാപനം നടത്തിയത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടത്തിയ സർവേയിലൂടെയാണ് 64,006 കുടുംബങ്ങളെ കണ്ടെത്തിയത് എന്നാണ് മന്ത്രി എം.ബി.രാജേഷ് പറയുന്നത്. എന്നാൽ, സംസ്ഥാനത്തെ അതിദരിദ്രരായ 5,91,194 പേർക്ക് അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരമുള്ള എഎവൈ കാർഡുകൾ നൽകിയിട്ടുണ്ടെന്നാണ് മന്ത്രി ജി.ആർ.അനിൽ കഴിഞ്ഞ സെപ്റ്റംബർ 30ന് നിയമസഭയിൽ രേഖാമൂലം മറുപടി നൽകിയത്. അങ്ങനെയെങ്കിൽ അതിനുശേഷമുള്ള ഒരു മാസക്കാലംകൊണ്ട് എന്ത് ഇന്ദ്രജാലമാണ് അതിദരിദ്രരെ കരകയറ്റാൻ സർക്കാർ ചെയ്തതെന്ന സാമ്പത്തിക വിദഗ്ധരുടെ ചോദ്യത്തിന് ഉത്തരം നൽകാനായിട്ടില്ല. 4.5 ലക്ഷത്തോളം വരുന്ന ആദിവാസികളും പണിയ, അടിയ, കാട്ടുനായ്ക്ക, വേട്ടക്കുറുമ തുടങ്ങിയ ഗോത്രവർഗ്ഗ ജനവിഭാഗങ്ങളും മറ്റും നേരിടുന്ന അതിദാരിദ്ര്യാവസ്ഥ വാക്കുകളിൽ വർണ്ണിക്കാനാവില്ല. 2022ൽ 'ഇന്റർനാഷണൽ ജേണൽ ഓഫ് കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത്' പ്രസിദ്ധീകരിച്ച പഠനത്തിൽ, വയനാട് ജില്ലയിൽ അഞ്ചുവയസ്സിന് താഴെയുള്ള 54.8% കുട്ടികളും ഗുരുതരമായ പോഷകാഹാരക്കുറവ് നേരിടുകയാണെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. അട്ടപ്പാടിയിലെ അവസ്ഥയും വ്യത്യസ്തമല്ല. 'നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ' നടത്തിയ പഠനം അനുസരിച്ച് അവിടുത്തെ 48 ശതമാനം കുട്ടികൾക്കും ആവശ്യമായ ഭാരമില്ല, എന്നുമാത്രമല്ല 40%കുട്ടികൾ വളർച്ച മുരടിച്ചവരുമാണെന്ന് പറയുന്നു. 91% കുട്ടികൾക്കും 96 ശതമാനം കൗമാരക്കാരായ പെൺകുട്ടികൾക്കും 80 ശതമാനം ഗർഭിണികൾക്കും രക്തക്കുറവുണ്ടെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. സമാനമായ സ്ഥിതിയാണ് തോട്ടം തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ദളിത് ജനവിഭാഗങ്ങൾ, ആശാവർക്കർമാർ ഉൾപ്പെടെയുള്ള സ്കീം

അതിദരിദ്രമുക്ത കേരളം

വർക്കേഴ്സ് ഒക്കെയുംനേരിടുന്നത്. നബാർഡിന്റെ സർവേയിൽ സംസ്ഥാനത്തെ 65% ജനവിഭാഗങ്ങൾക്കും മാന്യമായ ജീവിതത്തിന് ആവശ്യമായ വരുമാനം ലഭ്യമല്ലെന്ന് ചൂണ്ടിക്കാണിച്ച റിപ്പോർട്ടും നമ്മുടെ മുന്നിൽ ഉണ്ട്. എന്നാൽ, അവരെല്ലാം സംസ്ഥാന സർക്കാറിന്റെ കണ്ണിൽ ദരിദ്രർ മാത്രമാണ്. അതിദരിദ്രർ എന്ന പട്ടികയിൽ അവരാരും വരുന്നില്ല.

കാരണം, അതിദരിദ്രരെ നിർണയിക്കാൻ സർക്കാർ പുതിയ കർശന മാനദണ്ഡങ്ങൾ ഏർപ്പെടുത്തുകയാണ് ചെയ്തത്. ഒരു വരുമാനവും ഇല്ലാത്തവർ, രണ്ടുനേരം ഭക്ഷണം കഴിക്കാൻ ഇല്ലാത്തവർ, റേഷൻ കിട്ടിയാലും പാകം ചെയ്യാൻ കഴിയാത്തവർ, ആരോഗ്യാവസ്ഥ തകർന്നവർ തുടങ്ങിയവരാണ് സർക്കാരിന്റെ കണ്ണിലെ അതിദരിദ്രർ. രണ്ടുനേരം കഴിക്കാൻ ഇല്ലാത്തവർ എന്നു പറഞ്ഞാൽ അതിനർത്ഥം ഒരു നേരംമാത്രം കഴിക്കാൻ വകയുള്ളവർ എന്നല്ലേ. അവർ അതിദരിദ്രരോ അഗതികളോ എന്നാണ് സാമ്പത്തിക വിദഗ്ധർ ചോദിച്ചത്. യഥാർത്ഥത്തിൽ അതിദരിദ്രരിലെ ഒരു ചെറിയ ശതമാനം വരുന്ന അഗതികളെ അതിദരിദ്രരായി പ്രഖ്യാപി ക്കുകയായിരുന്നു സർക്കാർ ചെയ്തത്. എന്നാൽ, സംസ്ഥാനത്തെ മുഴുവൻ അഗതികളും ആ ലിസ്റ്റിൽ വന്നിട്ടുമില്ല എന്നതാണ് വസ്തുത.

പുരുഷന്മാർക്ക് 2400 കലോറിയിൽ താഴെയും സ്ത്രീകൾക്ക് 2100 കലോറിയിൽ താഴെയുമാണ് ലഭിക്കുന്നതെങ്കിൽ അവർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് എന്നതായിരുന്നു ഇന്ത്യയിൽ അംഗീകരിക്കപ്പെട്ട മാനദണ്ഡം. തീവ്രദാരിദ്ര്യം അനുഭവിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളുടെ കലോറി പരിതാപകരമാണ്. അതിദരിദ്ര കുടുംബങ്ങൾക്ക് മാസത്തിലൊരിക്കൽ വിതരണം ചെയ്യുന്ന ഒരു ഭക്ഷ്യധാന്യ കിറ്റുകൊണ്ട് (അത് പലപ്പോഴും രണ്ടുമാസത്തിൽ ഒരിക്കലോ മൂന്നുമാസത്തിലൊരിക്കലോ ആണ് ലഭ്യമാകുന്നത്) അതിദാരിദ്ര്യം മാറി എന്നാണോ സർക്കാർ അവകാശപ്പെടുന്നത്? എങ്കിൽ അതൊരു ക്രൂരമായ പരിഹാസം മാത്രമാണ്.

അതിദരിദ്ര ജനവിഭാഗങ്ങൾക്ക് അഥവാ എഎവൈ മഞ്ഞക്കാർഡുകാർക്ക് പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ നൽകുന്നുണ്ട്. അതുകൊണ്ടുമാത്രം അവരുടെ ദരിദ്രമായ ജീവിത സാഹചര്യങ്ങൾക്ക് മാറ്റമുണ്ടാകുന്നില്ലല്ലോ. ചികിത്സയ്ക്കുംമറ്റും ചില്ലറ ആനുകൂല്യങ്ങൾകൂടി അവർക്ക് ലഭിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ, സംസ്ഥാനം അതിദാരിദ്ര്യമുക്തമായി എന്ന പ്രഖ്യാപനത്തോടെ കേന്ദ്രസർക്കാർ നൽകിവരുന്ന തുച്ഛമായ റേഷൻ വിഹിതംപോലും നിർത്തുന്ന സ്ഥിതി വന്നാൽ എന്തായിരിക്കും പ്രത്യാഘാതം? അങ്ങനെയുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ നിർത്തലാക്കാൻ കേന്ദ്രസർക്കാരിന് വഴികാട്ടുകയാണോ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ?

പ്രഖ്യാപന മാമാങ്കത്തിനും പിച്ചച്ചട്ടിയിൽ കൈയിട്ടു

തീവ്രദാരിദ്ര്യം അനുഭവിക്കുന്ന ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ഗുരുതരമായ ആഘാതമേൽപ്പിക്കുന്ന ഇത്തരമൊരു പ്രഖ്യാപനം സംസ്ഥാന സർക്കാർ നടത്തിയതാകട്ടെ ആർഭാടപൂർവ്വമായിരുന്നു. അതിനായി ഒന്നരക്കോടി രൂപയാണ് ധൂർത്തടിച്ചത്. സെൻട്രൽ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച അത്തരം ഒരു ആർഭാട ചടങ്ങിന് ചെലവഴിച്ച തുക പാവപ്പെട്ടവർക്ക് ഷെൽട്ടർ നിർമ്മാണത്തിനായി വകയിരുത്തിയിരുന്ന 52.8 കോടി രൂപയിൽ നിന്നാണ് എടുത്തത്. യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെയാണ് അത് സംബന്ധമായ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പ് ഒക്ടോബർ 26ന് പുറപ്പെടുവിച്ചത്. കേരളം അതിദാരിദ്ര്യമുക്തമായി എന്ന വലിയ നുണ പ്രചരിപ്പിക്കാനായി ദേശീയ മാധ്യമങ്ങളിൽ അടക്കം വൻപരസ്യമാണ് സർക്കാർ നൽകിയത്.

കേരളം ഒരു സമ്പന്ന സംസ്ഥാനമായി മാറിയിരിക്കുന്നു എന്ന തെറ്റായ സന്ദേശമാണ് ആ പരസ്യങ്ങളിലൂടെ പിണറായി സർക്കാർ കൈമാറിയത്. അഷ്ടിക്ക് വകയില്ലാത്ത അനേകായിരങ്ങളെ സാക്ഷി നിർത്തി ഈ സംസ്ഥാനം അതിദരിദ്രമുക്തമായി എന്ന് മുഖ്യമന്ത്രി പിണറായി വിജയനും കൂട്ടരും നവംബർ ഒന്നിന് പ്രഖ്യാപിച്ചത് അതിസമ്പന്നരായ ചില പൗരപ്രമുഖരെ ചേർത്തു നിർത്തിയാണ് എന്നത് യാദൃശ്ചികമല്ല. അതിസമ്പന്നരെ താലോലിക്കുകയും അവർക്കായി കോൺക്ലേവുകൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന, യൂസഫലിയെപ്പോലൊരു കോർപ്പറേറ്റിനെ സംസ്ഥാനത്തിന്റെ ബ്രാൻഡ് അംബാസിഡറായി പ്രഖ്യാപിക്കുന്ന ഈ സർക്കാരിൽനിന്ന് മറ്റെന്ത് പ്രതീക്ഷിക്കാൻ! കപട വികസന പ്രഖ്യാപനങ്ങളിലൂടെ ഇടതുമുന്നണിക്ക് താൽക്കാലികമായ രാഷ്ട്രീയ നേട്ടം ഉണ്ടാക്കാം എന്നതായിരിക്കാം കണക്കുകൂട്ടൽ. തിരഞ്ഞെടുപ്പ് വിജയം കൊയ്യാൻ അവർ സത്യത്തെ മറച്ചുപിടിക്കുന്നു.

വിദ്യാഭ്യാസ–ആരോഗ്യ മണ്ഡലങ്ങളിൽ കേരളം മുന്നേറുന്നുവെന്ന നുണപ്രചാരണം പോലെ, ദാരിദ്ര്യത്തെ നമ്മുടെ സംസ്ഥാനം നിർമ്മാർജ്ജനം ചെയ്യുവെന്ന് കമ്മ്യൂണിസ്റ്റ് എന്ന അവകാശപ്പെടുന്ന ഒരു കൂട്ടർ പ്രചരിപ്പിക്കുമ്പോൾ അതെന്ത് രാഷ്ട്രീയ സന്ദേശമാണ് സമൂഹത്തിനും സ്വന്തം അണികൾക്കും നൽകുന്നത്? ദാരിദ്ര്യവും പട്ടിണിയും ഉല്പാദിപ്പിക്കുന്നതാണ് മുതലാളിത്ത ഉത്പാദന വ്യവസ്ഥ എന്ന പ്രാഥമിക പാഠംപോലും അറിയാത്തവരാണോ സിപിഐ, സിപിഐ(എം) പാർട്ടി നേതാക്കൾ?

ഇനി, ദാരിദ്ര്യമുക്ത കേരളമാണത്രേ അവരുടെ അടുത്ത ലക്ഷ്യം! അസമത്വം കൊടികുത്തി വാഴുന്ന മഹാരാജ്യമാണ് ഇന്ത്യ. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം ഈ രാജ്യത്ത് അനുദിനം വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. അദാനിമാരും അംബാനിമാരും രാജ്യം കൊള്ളയടിക്കുന്നു. ജനങ്ങൾ നിരന്തരം പാപ്പരാക്കപ്പെടുകയാണ്. അതിജീവനം അസാധ്യമായ ജനലക്ഷങ്ങൾ കേരളത്തിന്റെ മണ്ണിലും രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പെടാപ്പാടു പെടുമ്പോൾ, ഒരു നേരത്തെ അന്നത്തിന് ഭിക്ഷയാചിക്കുന്നവരുടെ എണ്ണം ദിനംപ്രതി കൂടി വരുമ്പോൾ, നാം ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്തു എന്ന പ്രഖ്യാപനം നടത്തുന്നത് ദരിദ്രജനവിഭാഗങ്ങളോടുള്ള കൊടും ചതിയാണ്.

പട്ടിണി: മുതലാളിത്ത പ്രതിസന്ധിയുടെ ആഴം വെളിവാക്കുന്ന നഗ്നയാഥാർഥ്യം

ആഗോളമായിത്തന്നെ മുതലാളിത്ത രാജ്യങ്ങൾ നേരിടുന്ന ഗുരുതരമായ പ്രതി

(ശേഷം 5–ാം പേജിൽ)

(3–ാം പേജിൽ നിന്ന്)

റ്റങ്ങളെ ആക്രമിക്കാൻ വേണ്ടി സിപിഐ(എം) നടത്തുന്ന ദുഷ്പ്രചാരണം മാത്രമാണിത്. അവരുടെ അണികളിൽ വലിയൊരു വിഭാഗവും അത് വിശ്വസിച്ചിട്ടില്ലെന്ന് ഞങ്ങൾക്കറിയാം. എങ്കിലും ഈ പ്രചാരണത്തെ സത്യസന്ധമായി വിശ്വസിച്ചിട്ടുള്ള ആരെങ്കിലുമുണ്ടെങ്കിൽ അവരോട് ചില ചോദ്യങ്ങൾ പങ്കുവയ്ക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇടതുപക്ഷം അധികാരത്തിലിരുന്നുകൊണ്ട് ഇടതു–ജനാധിപത്യ മൂല്യങ്ങൾക്ക് കടകവിരുദ്ധമായ സമീപനം സ്വീകരിക്കുമ്പോൾ ജനാധിപത്യപ്രക്ഷോഭങ്ങളുടെ ചേരിയിൽ നിലകൊള്ളുന്ന സാധാരണ മനുഷ്യർ എന്താണ് ചെയ്യേണ്ടത്? നിശ്ശബ്ദരാകണോ? എൽഡിഎഫ് സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ജനപക്ഷത്തുനിന്നുകൊണ്ട് പ്രക്ഷോഭം വളർത്തുക എന്ന ചരിത്രപരമായ കടമ നിറവേറ്റുക മാത്രമാണ് അവരുടെ മുന്നിലുള്ള മാർഗ്ഗം. ഇടതുരാഷ്ട്രീയത്തിന്റെ മർമ്മം പ്രക്ഷോഭത്തിന്റെ രാഷ്ട്രീയമാണ്. വലതുപിന്തിരിപ്പൻ ശക്തികളുടെ രാഷ്ട്രീയം അതിനു നേർവിപരീതവും. ഇടതുസർക്കാരിനെതിരായ പ്രക്ഷോഭത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്തെ, പാർലമെന്ററി രാഷ്ട്രീയനേട്ടങ്ങൾക്കായി പ്രയോജനപ്പെടുത്താൻ വലതുശക്തികൾ ശ്രമിക്കുന്നത് അവരുടേതായ കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിലായിരിക്കും. ആത്യന്തികമായി അവർ പ്രക്ഷോഭത്തിന്റെ ശക്തികളല്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. യഥാർത്ഥ ജനകീയ സമരത്തോടൊപ്പം ഒരു പരിധിക്ക് അപ്പുറത്തേക്ക് അവർക്ക് പോകാനാവില്ല എന്നത് വർഗ്ഗരാഷ്ട്രീയത്തിന്റെ ബാലപാഠമാണ്. ഇടതു രാഷ്ട്രീയത്തിന്റെ അടിസ്ഥാനനയങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് തികഞ്ഞ സത്യസന്ധതയോടെ ജനങ്ങൾക്കുവേണ്ടി നിലകൊള്ളുമ്പോൾ യഥാർത്ഥ ഇടതുപക്ഷരാഷ്ട്രീയം ആധികാരികതയോടെ സ്ഥാപിക്കപ്പെടുകയും വലതുശക്തികൾ പൂർണ്ണമായും ഒറ്റപ്പെടുകയും ചെയ്യും. വലതുശക്തികളുടെ മുതലെടുപ്പിന്റെ രാഷ്ട്രീയം തുറന്നുകാട്ടാനുള്ള വഴി അങ്ങിനെ രൂപപ്പെടുകയും ചെയ്യും.

ആശാസമരം നൽകുന്ന രാഷ്ട്രീയ പാഠങ്ങൾ

പുറമെനിന്നുള്ള ശക്തികളുടെ നീക്കങ്ങളല്ല, മറിച്ച് ഇടതെന്ന ലേബലിൽ നടത്തുന്ന ചെയ്തികളാണ് ഇടതുചേരിയെ തകർക്കുന്നതെന്ന് സത്യസന്ധരായ അണികൾ തിരിച്ചറിയണം. ഇടതുവിരുദ്ധ നയങ്ങൾ ഒന്നിനുപിറകെ മറ്റൊന്നായി നടപ്പാക്കപ്പെടുമ്പോഴാണ് യഥാർത്ഥത്തിൽ ഇടതു–ജനാധിപത്യ രാഷ്ട്രീയം ദുർബ്ബലപ്പെടുന്നത്. സിപിഐ(എം) പിന്തുടരുന്ന അറുവഷളൻ അവസരവാദത്തിന്റെയും ഇരട്ടത്താപ്പിന്റെയും രാഷ്ട്രീയം യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മഹിമ കെടുത്തിക്കളയുന്നു. അടിമുടി തൊഴിലാളി വിരുദ്ധമായ നിലപാടുകൾ ഇടതുലേബലണിഞ്ഞവരിൽ നിന്നുണ്ടാകുമ്പോൾ ആരാലും ചോദ്യം ചെയ്യപ്പെടാതെ പോയാൽ ഇടതുപക്ഷീയതയുടെ പേരിൽ ഉറപ്പിക്കപ്പെടുക ഇടതുപക്ഷ മൂല്യങ്ങൾക്ക് കടകവിരുദ്ധമായ സമീപനമായിരിക്കും. അത് വലതുപക്ഷ ശക്തികൾക്ക് വളക്കൂറുള്ള മണ്ണൊരുക്കിക്കൊടുക്കും. മാപ്പർഹിക്കാത്ത ഈ അപരാധത്തിന് നേതൃത്വം നൽകുന്ന സിപിഐ(എം), അതേ കുറ്റം സമരശക്തികളുടെ ശിരസ്സിൽ വച്ചുകെട്ടുകയാണ് ചെയ്യുന്നത്. ■

ട്രെയിനിൽനിന്ന് പെൺകുട്ടിയെ തള്ളിയിട്ടു കൊല്ലാൻ ശ്രമിച്ച സംഭവം:

റെയിൽവേയുടേത് കുറ്റകരമായ അനാസ്ഥ

യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ റെയിൽവേയുടെ ഭാഗത്തുനിന്നുണ്ടാകുന്ന കുറ്റകരമായ അനാസ്ഥയുടെ ഒടുവിലത്തെ ഇരയാണ് തിരുവനന്തപുരം സ്വദേശിയായ പത്തൊമ്പതുവയസ്സുള്ള പെൺകുട്ടി. കേരള എക്സ്പ്രസ്സിൽ യാത്രചെയ്തുകൊണ്ടിക്കവേ, ഏതാനും ദിവസങ്ങൾക്കുമുമ്പ് വർക്കല റെയിൽവേ സ്റ്റേഷൻ പിന്നിട്ട സമയത്താണ് ആക്രമണം നടന്നത്. മദ്യപനായ യാത്രക്കാരൻ ചവിട്ടി തള്ളിപുറത്തേക്കിട്ട പെൺകുട്ടി തിരുവനന്തപുരം മെഡിക്കൽ കോളജിൽ ഇപ്പോഴും അതീവഗുരുതരാവസ്ഥയിൽ തുടരുകയാണ്. ട്രെയിനുള്ളിൽ പുകവലിച്ചത് ചോദ്യം ചെയ്തതാണ് പ്രതിയെ പ്രകോപിപ്പിച്ചതത്രേ! സഹയാത്രികയും ആക്രമിക്കപ്പെട്ടെങ്കിലും ട്രെയിനിൽനിന്നും പുറത്തേക്കുവീഴാതെ രക്ഷപ്പെട്ടത് യാത്രക്കാരുടെ സമയോചിതമായ ഇടപെടലിനെത്തുടർന്നാണ്.

കേരളത്തിൽ പൊതു ഇടങ്ങൾ സ്ത്രീകൾക്കും പെൺകുട്ടികൾക്കും സുരക്ഷിതമല്ല എന്ന ആശങ്ക ബലപ്പെടുത്തുന്ന സംഭവമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. സംഭവത്തിന്റെ ഉത്തരവാദിത്തത്തിൽനിന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും റെയിൽവേക്കും ഒഴിഞ്ഞുമാറാനാകില്ല. നിരക്കുകൾ അടിക്കടി വർദ്ധിപ്പിച്ച് യാത്രക്കാരെ കുത്തിക്കവരുന്ന റെയിൽവേ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ മാപ്പില്ലാത്ത അലംഭാവമാണ് കാണിക്കുന്നത്. പല ട്രെയിനുകളിലും ലേഡീസ് കമ്പാർട്ടുമെന്റുകളില്ല. ഉള്ളവയിൽ സുരക്ഷാ ഉദ്യോഗസ്ഥരില്ല.

ഏതാനും വർഷംമുമ്പാണ് സൗമ്യ എന്ന പെൺകുട്ടിയെ ഓടിക്കൊണ്ടിരുന്ന ട്രെയിനിൽ നിന്ന് തള്ളിയിട്ട് ബലാൽസംഗംചെയ്ത് ദാരുണമായി കൊലപ്പെടുത്തിയത്. പ്രസ്തുത സംഭവം സൃഷ്ടിച്ചപ്രതിഷേധത്തെത്തുടർന്ന് അപര്യാപ്തമെങ്കിലും ചില സുരക്ഷാ ക്രമീകരണങ്ങൾ ട്രെയിനുകളിൽ സ്വീകരിച്ചിരുന്നു. ക്രമേണ അതെല്ലാം അപ്രത്യക്ഷമായി. മദ്യപിച്ച് റെയിൽവേ പ്ലാറ്റ്ഫോമിൽ കയറുന്നതുപോലും നിയമം മൂലം നിരോധിക്കപ്പെട്ടിരിക്കുന്നിടത്താണ് ട്രെയിനിനുള്ളിൽ മദ്യപർ അഴിഞ്ഞാട്ടം നടത്തുന്നത്. ട്രെയിനിനുള്ളിലെ മദ്യപാനവും സ്ത്രീകൾക്കുനേരെ നടക്കുന്ന കൈയേറ്റങ്ങളും മോഷണങ്ങളും വർദ്ധിക്കുന്നതല്ലാതെ കുറയുന്നില്ല. സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രക്കാർ ട്രെയിനിൽനിന്ന് തള്ളിയിടപ്പെടുകയോ അക്രമികളിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തിനിടയിൽ പുറത്തേക്കുവീണ് മരിക്കുകയോ ഗുരുതരമായി പരിക്കേൽക്കുകയോ അംഗഭംഗത്തിനിടവരുത്തുകയോ ചെയ്യുന്ന സംഭവങ്ങൾ നിത്യേനയെന്നവണ്ണം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതൊന്നും റെയിൽവേയുടെ കണ്ണുതുറപ്പിക്കാൻ മതിയാകുന്നില്ല. നിത്യേനയെന്നവണ്ണമുണ്ടാകുന്ന ട്രെയിൻ അപകടങ്ങളും നിരവധി ജീവനെടുക്കുകയാണ്.

വിദ്യാർത്ഥികളും ഉദ്യോഗസ്ഥരും തൊഴിലാളികളുമൊക്കെയായി സ്ത്രീ യാത്രക്കാർ വൻതോതിൽ ആശ്രയിക്കുന്ന യാത്രാമാർഗ്ഗമെന്ന നിലയിൽ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള ഉത്തരവാദിത്തം റയിൽവേക്കുണ്ട്. ആവശ്യത്തിന് റെയിൽവേ പോലീസോ സുരക്ഷാ ഉദ്യോഗസ്ഥരോ പ്ലാറ്റ്ഫോമിലും ട്രെയിനിലും ഇല്ല എന്നത് ഗുരുതരമായ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഒരു അത്യാഹിതം സംഭവിച്ചാൽ വിളിച്ചറിയിക്കേണ്ട എമർജൻസി നമ്പർ ഒരിക്കലും പ്രവർത്തക്ഷമമല്ല. റെയിൽവേയും കേന്ദ്രസർക്കാരും ഈ സംഭവത്തിൽ പ്രതിസ്ഥാനത്താണ്. ദാരുണമായ സംഭവങ്ങൾ ഉണ്ടാകുമ്പോൾ ചില പൊടിക്കൈകൾ നടപ്പാക്കുമെന്നല്ലാതെ സ്ഥായിയായ പരിഹാരമില്ല. യാത്രക്കാരുടെ ജീവൻവെച്ച് റെയിൽവേ പന്താടുകയാണ്. റെയിൽവെ പ്രൊട്ടക്ഷൻ ഫോഴ്സിൽ ആവശ്യത്തിന് ജീവനക്കാരെ ഉടൻ നിയമിക്കുകയും എല്ലാ ബോഗികളിലും സുരക്ഷാ ഉദ്യോഗസ്ഥരുടെ സാന്നിധ്യവും കർശന പരിശോധനയും നിരീക്ഷണവും ഉറപ്പാക്കുകയും വേണം. ഇന്ത്യൻ റെയിൽവേയിൽ ലക്ഷക്കണക്കിന് തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിന്റെ പ്രശ്നങ്ങൾ എല്ലാ ദിവസവും തീവണ്ടി അപകടങ്ങളായും സുരക്ഷാ വീഴ്ചയായും പുറത്തു വന്നുകൊണ്ടിരിക്കുകയാണ്.

പെൺകുട്ടിയെ ട്രെയിനിൽനിന്ന് തള്ളിയിട്ട സംഭവം: തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനുമുന്നിൽ എഐഎംഎസ്എസ് നടത്തിയ പ്രതിഷേധ യോഗത്തിൽ അഖിലേന്ത്യ വൈസ് പ്രസിഡന്റ് ഷൈല കെ.ജോൺ പ്രസംഗിക്കുന്നു.

മദ്യവും മയക്കുമരുന്നും നിർല്ലോഭമൊഴുക്കി കുറ്റവാളികളെ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്ന സംസ്ഥാനസർക്കാരിനും സംഭവത്തിൽ തുല്യ ഉത്തരവാദിത്തമുണ്ട്. പിണറായി ഭരണം ഒരു പതിറ്റാണ്ടെത്തുമ്പോൾ കേരളം മുഴുവൻ മദ്യശാലകളും ബാറുകളും കൊണ്ട് നിറഞ്ഞിരിക്കുന്നു. പിണറായി അധികാരത്തിലേറുമ്പോൾ 29 ബാറുകളായിരുന്നത് ഇന്ന് ആയിരത്തോളമായി. പോരാത്തതിന് ഡിസ്റ്റില്ലറികൾ സ്ഥാപിച്ച് മദ്യം നിർമ്മിക്കാനും മദ്യനിരോധനം നിലനിൽക്കുന്ന ലക്ഷദ്വീപിലേക്കടക്കം കയറ്റുമതിചെയ്ത് ലാഭമുണ്ടാക്കാനും സർക്കാർ പദ്ധതിയിടുന്നു. നാടെമ്പാടും വിവിധ പേരുകളിൽ രാസലഹരി കുത്തിയൊഴുകുന്നു. മാനസികാരോഗ്യമില്ലാത്ത ഒരു സമൂഹവും ചെറുതലമുറയുമാണിതിന്റെ ബാക്കിപത്രം. ഗുരുതരമായ പ്രത്യാഘാതങ്ങൾക്കാണിത് വഴിതുറന്നിരിക്കുന്നത്. ഒരു പരിഷ്കൃത ജ്യനാധിപത്യ സമൂഹത്തിന് സങ്കൽപ്പിക്കാനാകാത്ത കുറ്റകൃത്യങ്ങളാണ് നിത്യേന റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഈ സാഹചര്യത്തിൽ സംഭവത്തിന്റെ ധാർമ്മിക ഉത്തരവാദിത്തം കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കുകയും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ കർക്കശമായ നടപടികൾ സ്വീകരിക്കുകയും വേണം.

അപകടത്തിൽപെട്ട പെൺകുട്ടിക്ക് മെച്ചപ്പെട്ട ചികിത്സയും മറ്റടിയന്തര സഹായങ്ങളും ലഭ്യമാക്കുകയും ഇന്ത്യൻ റെയിൽവേ മതിയായ നഷ്ടപരിഹാരം നൽകുകയും വേണം. ■

പെൺകുട്ടിയെ ട്രെയിനിൽനിന്ന് തള്ളിയിട്ട സംഭവത്തിൽ പ്രതിഷേധിച്ച്, ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്താൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോട്ടയം റെയിൽവേ സ്റ്റേഷനുമുമ്പിൽ എഐഡിവൈഒ, എഐഡിഎസ്ഒ, എഐഎംഎസ്എസ് സംഘടനകൾ സംയുക്തമായി സംഘടിപ്പിച്ച പ്രതിഷേധധർണ്ണ എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

അതിദരിദ്രമുക്ത കേരളം

(4–ാം പേജിൽ നിന്ന്)

സന്ധികളിലൊന്നാണ് ദാരിദ്ര്യവും പട്ടിണിയും. ലോകബാങ്കിന്റെ പുതിയ മാനദണ്ഡമനുസരിച്ചുള്ള പഠന പ്രകാരം ലോകത്തെ വിവിധ രാജ്യങ്ങളിലായി 808 ദശദശലക്ഷം ജനങ്ങൾ തീവ്രദരിദ്ര വിഭാഗത്തിൽ പെട്ടവരാണ്. മുൻപിത് 677 ദശലക്ഷമായിരുന്നു. ലോക ജനസംഖ്യയിലെ 10 ശതമാനം ആളുകൾ 2025ഓടെ അതിദരിദ്രരാവുമെന്നാണ് അവരുടെ കണക്കുകൾ പറയുന്നത്. *(Ref:Sustainable development goals-2025. UN studies)*

ഇന്ത്യയിലാകട്ടെ ആകെ ജനസംഖ്യയുടെ 70% ആളുകളും ഏതെങ്കിലും വിധത്തിലുള്ള ദാരിദ്ര്യത്തെ നേരിടുന്നവരാണ്. മുതലാളിത്തത്തിന്റെ നിർദ്ദയ ചൂഷണംമൂലം ദിനംപ്രതി പടരുന്ന പട്ടിണി തടയൽ ഒരു വെല്ലുവിളിയാണ്. പട്ടിണിക്ക് ഏതെങ്കിലും അളവിൽ ചില്ലറ ആശ്വാസം നൽകാനാകുന്നില്ലെങ്കിൽ അതൊരു ആഗോള പൊട്ടിത്തെറിക്ക് കാരണമാകാമെന്ന് ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ഏജൻസികൾ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ ഐക്യരാഷ്ട്രസഭയും യുഎൻഡിപിയും ലോകബാങ്കും നിരന്തരം പ്രഖ്യാപിക്കുന്നത്.

അത്തരം ഒരു പശ്ചാത്തലത്തിലാണ് ലോകം ഒരു ആഗോള അടിയന്തരാവസ്ഥയെ നേരിടുന്നു എന്ന് ഐക്യരാഷ്ട്രസഭ പ്രഖ്യാപിക്കുന്നത്. തുടർന്ന്, ആഗോളമായി തന്നെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി-2030 യുഎൻ പ്രഖ്യാപിച്ചു. ഒരു ആഗോള ഭക്ഷ്യ ഉച്ചകോടിക്ക് ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്തിരിക്കുകയാണ്. എന്നാൽ, അതുകൊണ്ടൊന്നും പട്ടിണി നിർമ്മാർജ്ജനം സാധ്യമാകില്ലെന്ന് സുസ്ഥിര വികസന ലക്ഷ്യങ്ങൾ വിശദമാക്കുന്ന രേഖയിൽത്തന്നെ പറയുന്നുണ്ട്.

അപ്പോൾ, കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 2021ൽ ആരംഭിച്ച ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഐക്യരാഷ്ട്രസഭയുടെ ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ടതാണോയെന്ന് വ്യക്തമാക്കേണ്ടതാണ്. വിദ്യാഭ്യാസ- ആരോഗ്യ മണ്ഡലങ്ങളിൽ ഉൾപ്പെടെ ആഗോള പദ്ധതികൾ നടപ്പാക്കുന്ന രാജ്യമാണ് ഇന്ത്യ, കേരളവും. ദാരിദ്ര്യനിർമ്മാർജ്ജനത്തിന്, വിദ്യാഭ്യാസത്തേക്കാൾ തൊഴിൽ പഠനത്തിന് ഊന്നൽ നൽകണം എന്ന സങ്കല്പം ഉയർത്തിപ്പിടിക്കുന്ന ലോകബാങ്കും യുനെസ്കോയും യുഎൻഡിപിയും ആവിഷ്കരിക്കുന്ന എല്ലാ പദ്ധതികൾക്കും ആഗോളമായ അജണ്ടകളുണ്ട് എന്നത് വ്യക്തമാണ്.ഡിപിഇപി ഉൾപ്പെടെയുള്ള വിദ്യാഭ്യാസ പ്രോജക്ടുകൾക്കുപോലും ദാരിദ്ര്യ നിർമാർജന പദ്ധതിയുമായി ബന്ധം ഉണ്ടായിരുന്നു. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ തൊഴിൽ നൈപുണ്യം വളർത്തണമെന്ന് ആഹ്വാനം ചെയ്യുന്ന മോദി സർക്കാരും നാലുവർഷ ബിരുദ കോഴ്സിലൂടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ പ്രമോട്ട് ചെയ്യുന്ന സംസ്ഥാനത്തെ പിണറായി സർക്കാരും ആഗോള പദ്ധതികളുടെ നടത്തിപ്പുകാർ തന്നെയാണ്.

തൊലിപ്പുറമേയുള്ള ചികിത്സാവിധികളാണ് മുതലാളിത്ത സാമ്പത്തിക ശാസ്ത്രജ്ഞർ അവതരിപ്പിക്കുന്നത്. അതിന് കുടപിടിക്കുന്ന ഇടതുമുന്നണി മുതലാളിത്ത യജമാനന്മാരെ നഗ്നമായി സേവിക്കുകയാണ്. ഇന്നത്തെ ആഗോള പരിതസ്ഥിതിയിൽ ചെപ്പടി വിദ്യകളിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനം അസാധ്യമാണെന്ന രാഷ്ട്രീയ ബോധം വളർത്തിയെടുക്കുകയാണ് നാം ചെയ്യേണ്ടത്. മുതലാളിത്ത ഉല്പാദന വ്യവസ്ഥയാണ് പിട്ടിണി, ദാരിദ്ര്യം, വിലക്കയറ്റം, തൊഴിലില്ലായ്മ തുടങ്ങിയവയൊക്കെ സൃഷ്ടിക്കുന്നത്. മുതലാളിത്ത വ്യവസ്ഥയ്ക്കെതിരായ വിപ്ലവമുന്നേറ്റങ്ങളിലൂടെ സോഷ്യലിസം സ്ഥാപിതമാകുമ്പോൾ മാത്രമേ ഈ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്താനാകൂ. ഈ യാഥാർത്ഥ്യം ജനങ്ങളോടു തുറന്നു പറഞ്ഞ് അവരുടെ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുകയാണ് ഇടതുപക്ഷം ചെയ്യേണ്ടത്. എന്നാൽ, ഇതിനെതിരായ ദിശയിലാണ് പിണറായി സർക്കാർ സഞ്ചരിക്കുന്നത്. അതിദാരിദ്ര്യമുക്ത പ്രഖ്യാപനത്തിലൂടെ ദരിദ്രരുടെ ആനുകൂല്യങ്ങൾ തട്ടിത്തെറിപ്പിക്കാൻ വഴിയൊരുക്കുകയും മറുവശത്ത് തൊഴിലാളിവർഗ്ഗ വിമോചന പാതയിൽനിന്ന് അവരെ അകറ്റുകയും ചെയ്യുന്ന ഈ പാതകം അനുവദിച്ചുകൂടാ. വമ്പിച്ച ജനരോഷം ഇതിനെതിരെ ഉയർന്നുവരണം. ■

ജീവനും ജീവിതവുമെടുക്കുംവിധം സമ്മർദ്ദം രൂക്ഷമാകുന്ന തൊഴിലിടങ്ങൾ

പേരുകേട്ട ബഹുരാഷ്ട്രകമ്പനിയിൽ ജോലിചെയ്യവെ തൊഴിൽസമ്മർദ്ദം ജീവനെടുത്ത അന്ന സെബാസ്റ്റ്യൻ എന്ന മലയാളിയായ ചെറുപ്പക്കാരിയെ മറക്കാറായിട്ടില്ല. അന്നയുടേത് ഒറ്റപ്പെട്ട സംഭവമല്ല. ഇന്ത്യയിലെ തൊഴിലിടങ്ങൾ, തൊഴിലാളികൾക്കും ജീവനക്കാർക്കുംമേൽ അടിച്ചേൽപ്പിക്കുന്ന തൊഴിൽപരമായ സമ്മർദ്ദം അതിരൂക്ഷമായി വർദ്ധിക്കുന്നുവെന്നാണ് അനുഭവപാഠങ്ങൾ പറഞ്ഞുതരുന്നത്, വിശേഷിച്ചും കോവിഡ് കാലഘട്ടത്തിനുശേഷം. സമകാലിക ലോകസാഹചര്യങ്ങൾ, തികച്ചും തൊഴിലാളിവിരുദ്ധമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. നേരത്തേതന്നെ, തൊഴിലാളികളെ കൂടുതൽ പണിയെടുപ്പിക്കുന്നതിൽ മുൻപന്തിയിൽതന്നെയുണ്ടായിരുന്ന ഇന്ത്യയിൽ ഇത് വളരെ വ്യക്തവുമാണ്.

വർദ്ധിച്ച തൊഴിലില്ലായ്മമൂലം തൊഴിൽകമ്പോളത്തിൽ മത്സരം രൂക്ഷമാകുന്നതിനു പുറമേ, വിവിധ മേഖലകളിൽ നിർമ്മിതബുദ്ധിയുടെ കടന്നുവരവും പ്രതിസന്ധിയുണ്ടാകുന്നു. തൊഴിൽസുരക്ഷ അപ്രത്യക്ഷമാവുന്നു. കോവിഡ് കാലത്ത് നടപ്പായ വർക്ക്-അറ്റ്-ഹോം, ഇന്ന് തൊഴിലാളികളുടെ സ്വകാര്യജീവിതത്തെത്തന്നെ നിഷേധിക്കുന്ന അവസ്ഥയിലുള്ള കടന്നുകയറ്റമായിരിക്കുന്നു. അതിനുംപുറമേ, ഉള്ള തൊഴിലും വരുമാനവും സംരക്ഷിക്കാൻ നിർവഹിക്കേണ്ട കടമകളും ലക്ഷ്യങ്ങളും വർദ്ധിപ്പിച്ച് തൊഴിലാളികളെ കൂടുതൽ സമ്മർദ്ദത്തിലാക്കുന്നു. പുതിയ നിയമനങ്ങൾ നടത്താതെ ഉള്ളവരുടെമേൽ ഇരട്ടി ജോലി അടിച്ചേൽപ്പിക്കുന്നു. തൊഴിലാളിയുടെ മാനസിക-ശാരീരിക ആരോഗ്യത്തെക്കൂടി ഇത് ഹനിക്കുന്നു. സമ്മർദ്ദം താങ്ങാനാകാതെ ആത്മഹത്യയിലേക്കോ തൊഴിൽ ഉപേക്ഷിക്കുന്നതിലേക്കോ പലരേയും ഇത് കൊണ്ടുചെന്നെത്തിക്കുന്നു. പലരും അകാലത്തിൽ കഴഞ്ഞുവീണു മരിക്കുകയോ, ജീവിതശൈലീരോഗങ്ങൾക്ക് അടിപ്പെടുകയോ ചെയ്യുന്നു. ഇത് സ്വകാര്യമേഖലയിലെ തൊഴിലാളികളുടെ മാത്രം കാര്യമല്ല. പൊതുമേഖലാ സ്ഥാപനങ്ങളിലും ഇതുതന്നെയാണ് അവസ്ഥ. എന്തിന്, പ്രതിരോധസേനകളിലും പൊലീസിലുംവരെ പണിയെടുക്കുന്നവർക്ക്, തൊഴിൽസമ്മർദ്ദം പലപ്പോഴും താങ്ങാനാകുന്നില്ല. കേരളത്തിൽ മാത്രം ഇക്കഴിഞ്ഞ വർഷങ്ങളിൽ ആത്മഹത്യ ചെയ്ത പൊലീസുകാരുടെ എണ്ണം അമ്പരപ്പിക്കുന്നതാണ്. ഏറ്റവും തൊഴിൽ സുരക്ഷ നൽകുന്നു എന്നു വിശ്വസിച്ചുപോന്ന പൊതുമേഖലയിലെ ബാങ്കുകളിൽനിന്നും പൊലീസിൽനിന്നും എന്തിന്, ഐഎഎസ്, ഐപിഎസ് ജോലികളിൽനിന്നുപോലും രാജിവെക്കുന്നവരും സ്വയംവിരമിക്കുന്നവരും ഇന്ന് കുറവല്ല. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു?

അസമത്വം വർദ്ധിക്കുന്ന സമൂഹം തൊഴിലാളികളെ നിരാലംബരാക്കുന്നു

ലോകത്തിലെ ഏറ്റവും സമ്പന്നനായ ഇലോൺ മസ്കിന്റെ പ്രതിഫലം ഒരു ട്രില്ല്യൺ ഡോളറാക്കാൻ അയാളുടെ കമ്പനിയായ ടെസ്ല തീരുമാനിച്ച വാർത്ത നമ്മൾ അറിഞ്ഞിരുന്നു. ഇതിന്റെ ചുവടുപിടിച്ച് മറ്റു കമ്പനികളും തങ്ങളുടെ ഉടമസ്ഥരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ആനുകൂല്യങ്ങൾ വർധിപ്പിച്ചു തുടങ്ങുന്ന പ്രവണതയുണ്ട്. മറുവശത്ത്, മസ്കിന്റേതടക്കമുള്ള സ്ഥാപനങ്ങളിലെ ആയിരക്കണക്കിന് തൊഴിലാളികളാകട്ടെ, കമ്പോളപ്രതിസന്ധി മൂലവും നിർമ്മിതബുദ്ധിയുടെ ആഗമനത്തോടെയും തൊഴിലും വരുമാനവും നഷ്ടമാകുന്ന ഭീഷണിയെ നേരിടുന്നു. താഴേത്തട്ടിലുള്ള തൊഴിലാളികൾക്ക്, വർധിക്കുന്ന ജീവിതച്ചെലവുകൾക്ക് ആനുപാതികമായി ഏറ്റവും കുറഞ്ഞ വർദ്ധനപോലും നൽകാൻ മടികാണിക്കുന്ന മുതലാളിമാരാണ് യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ സ്വന്തം ശമ്പളത്തിലെ പൂജ്യങ്ങളുടെ എണ്ണം വർധിപ്പിക്കാൻ തയ്യാറാകുന്നത്. വർധിക്കുന്ന ഈ അസമത്വത്തിന്റെ പശ്ചാത്തലത്തിൽ വേണം തൊഴിലിടങ്ങളിലെ സമ്മർദ്ദത്തെ നാം നോക്കിക്കാണാൻ.

തൊഴിൽസമയം ആഴ്ചയിൽ 100 മണിക്കൂറാക്കണം എന്ന് അഭിപ്രായപ്പെട്ടയാളാണ് മസ്ക് എന്ന് ഓർക്കണം. ഇന്ത്യയിൽ തന്നെ, തൊഴിൽസമയം 70 മണിക്കൂറെങ്കിലുമാക്കണം എന്ന് യാതൊരു ഉളുപ്പുമില്ലാതെ ആവശ്യമുയർത്തിയ നാരായണമൂർത്തിയെ പോലെയുള്ളവരെയും മറന്നുകൂട. തൊഴിലാളി കൂടുതൽ മണിക്കൂറുകൾ പണിയെടുക്കുന്നതിന്റെ നേട്ടം വാസ്തവത്തിൽ ആർക്കാണ്? തീർച്ചയായും അതിന്റെ നേട്ടം സാധാരണ തൊഴിലാളിക്കല്ല എന്ന വസ്തുത കൂടുതൽ വെളിവാകുകയാണ് ഇന്ന്. തൊഴിലാളി കൂടുതൽ അധ്വാനിക്കേണ്ടി വരുമ്പോൾ അവന്റെ അധ്വാനത്തിനു മേലുള്ള മിച്ചമൂല്യമാണ് വർധിക്കുന്നത്. ഈ മിച്ചമൂല്യമാണ് മസ്കിന്റെയും നാരായണ മൂർത്തിയുടെയും മറ്റ് മുതലാളിമാരുടെയും ലാഭം.

ഇലോൺ മസ്ക് എന്ന വ്യക്തി ഒറ്റയ്ക്ക് ഉത്പാദിപ്പിക്കുന്നതല്ലല്ലോ അദ്ദേഹത്തിന്റെ സ്ഥാപനത്തിൽനിന്നും വിപണിയിലെത്തുന്ന ഉത്പന്നങ്ങൾ. അതിനു പിന്നിൽ അവിടെ പല തട്ടുകളിലായി പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളുടെ കൂട്ടായ അധ്വാനമുണ്ട്. ഏതു മേഖലയിലും ഇതാണ് യാഥാർത്ഥ്യം. അതുമറച്ചുവെച്ചുകൊണ്ട്, തൊഴിലാളികളെക്കൊണ്ട് കൂടുതൽ പണിയെടുപ്പിച്ച് അതിലൂടെ പെരുക്കുന്ന ലാഭമപ്പാടെ സ്വന്തമാക്കാനാണ് മുതലാളിവർഗ്ഗം പരിശ്രമിക്കുന്നത്. അതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് മസ്കിന്റെ പുതിയ ശമ്പള പാക്കേജെങ്കിൽ ഒളിഞ്ഞും തെളിഞ്ഞും എത്രയോ കാലമായി ഇതാണ് മുതലാളിവർഗ്ഗത്തിന്റെ സഹജസ്വഭാവമെന്ന് അധ്വാനിച്ചു ജീവിക്കുന്നവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

രണ്ടോ മൂന്നോ നാലോപേർ ചെയ്യേണ്ട ജോലികൾ, മതിയായ നിയമനം നടത്താതെ ഒരാളുടെമേൽ അടിച്ചേൽപ്പിക്കുന്നത് തൊഴിലുടമയുടെ മാത്രം ലാഭത്തിന് ഉതകുന്ന നഗ്നമായ ചൂഷണമാണ്. ഇതിനൊക്കെ അംഗീകാരം നൽകുന്ന തരത്തിൽ തൊഴിൽനിയമങ്ങൾ പൊളിച്ചെഴുതുമ്പോൾ ഭരണകൂടം ഏതു വർഗത്തിന്റെ താത്പര്യത്തോടൊപ്പമാണെന്നുള്ളതു കൂടിയാണ് നാം മനസ്സിലാക്കേണ്ടത്. ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിലുടമയായ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇന്ന് സ്വന്തം ജീവനക്കാരോട് കൈക്കൊള്ളുന്നതും ഇതേ മുതലാളിത്ത സമീപനമാണെന്നതാണ് വസ്തുത.

പൊതുമേഖലയും ചൂഷണ കേന്ദ്രമാകുമ്പോൾ

സർക്കാർ, മാതൃകാ തൊഴിൽദാതാവാകണം എന്നാണ് സങ്കൽപ്പം. എന്നാൽ, നിയോലിബറൽ നയങ്ങളാൽ നയിക്കപ്പെടുന്ന സർക്കാരുകളുടെ കീഴിൽ യാഥാർത്ഥ്യമെന്താണ്? സാമ്പത്തികപ്രതിസന്ധിയുടെ പേരുപറഞ്ഞ് പുതിയ നിയമനങ്ങൾ നടത്താതിരിക്കുമ്പോഴും, യാതൊരു ദീർഘവീക്ഷണവുമില്ലാതെ സ്വകാര്യമൂലധനത്തിന്റെയോ സങ്കുചിതരാഷ്ട്രീയത്തിന്റെയോ താത്പര്യാർത്ഥം പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴും പൊതുമേഖലയിലെ ജീവനക്കാരുടെമേൽ ജോലിഭാരം വർദ്ധിക്കുന്നു. അതിനനുസരിച്ച് ശമ്പളം വർദ്ധിക്കുന്നുമില്ല. സർക്കാരുകൾ കൂടുതൽ സ്വേച്ഛാധിപത്യപ്രവണതകൾ പ്രദർശിപ്പിച്ച് അധികാരം കേന്ദ്രീകരിക്കുന്നതാണിന്ന് കാണുന്നത്. ഫലമോ, ഉണ്ടായിരുന്ന പരിമിതമായ ജനാധിപത്യ മൂല്യങ്ങളോ, പ്രവർത്തനസ്വാതന്ത്ര്യമോ, ക്രിയാത്മകതയോ കൂടി സിവിൽ സർവീസിനെ വിട്ടൊഴിയുന്നു. തിട്ടൂരങ്ങൾക്കുവഴങ്ങാത്ത ഉദ്യോഗസ്ഥർ സർവീസിലും വ്യക്തിജീവിതത്തിലും ദുരന്തമനുഭവിക്കേണ്ടി വരുന്നു. പ്രതികരിക്കുന്നവരാകട്ടെ നോട്ടപ്പുള്ളികളാകുന്നു. സംഘടനാസ്വാതന്ത്ര്യം നിർജ്ജീവമാകുന്നു. ശരിയായ ജോലി ചെയ്യുന്നതിലും ജനങ്ങളെ സേവിക്കുന്നതിലും പ്രധാനം തലപ്പത്തുള്ളവരെ പ്രീതിപ്പെടുത്തുന്നതു മാത്രമായി മാറുന്നു. ജനാധിപത്യവിരുദ്ധമായ അധികാരശൃംഖലകൾ പ്രമത്തമാവുന്നു. അങ്ങനെ ആകേണ്ടത് കുത്തക മുതലാളിത്തത്തിന്റെ താത്പര്യമാണ്. കേന്ദ്രത്തിലാകട്ടെ സംസ്ഥാനങ്ങളിലാകട്ടെ സേനാവിഭാഗങ്ങളിലാകട്ടെ, ഓരോ തലത്തിലും ഭരണകൂടത്തിന്റെയും മുതലാളിവർഗ്ഗത്തിന്റെയും ഏറ്റവും വിശ്വസ്തരായ ചില ഉദ്യോഗസ്ഥപ്രമാണികളിലേക്ക് അധികാരം കേന്ദ്രീകരിക്കുന്നു. വഴങ്ങാത്തവർക്ക് വിവിധ തരത്തിൽ പ്രതികാരനടപടികൾ നേരിടേണ്ടിവരുന്നു എന്നതിനാൽ ഭയപ്പാടിന്റെ അന്തരീക്ഷം സർവീസിൽ രൂക്ഷമാക്കുന്നു. വർദ്ധിക്കുന്ന ജോലിഭാരത്തിനു പുറമേ അടിച്ചർത്തലിന്റെയും ഭയപ്പെടുത്തലിന്റെയും ദുസ്സഹമായ ഈ ജനാധിപത്യവിരുദ്ധ അന്തരീക്ഷം കൂടിയാകുമ്പോൾ പൊതുമേഖലയിലെ തൊഴിൽസാഹചര്യവും കൂടുതൽ ഭീഷണമാകുന്നത് നാം കാണുന്നു. ആത്മഹത്യകളും സ്വയം വിരമിക്കലും രാജിവെക്കലും രോഗവുമൊക്കെ പൊതുമേഖലയിലും നിത്യസംഭവമായി മാറിയിരിക്കുന്നു.

അധ്വാനശക്തി കമ്പോളത്തിലെ മറ്റൊരു ചരക്കു മാത്രമാവുമ്പോൾ

എന്തുകൊണ്ടാണ് ഇന്നത്തെ തൊഴിലിടങ്ങളിൽ തൊഴിലാളികളുടെ അവസ്ഥ നാൾക്കുനാൾ മോശമാകുന്നത്? പൊതുമേഖലയാകട്ടെ സ്വകാര്യമേഖലയാകട്ടെ, തൊഴിലിന്റെ സ്ഥാനമാനങ്ങളും സ്വഭാവവും എന്തുമാകട്ടെ, കുത്തകസ്വഭാവമാർജ്ജിച്ച ഒരു മുതലാളിത്തവ്യവസ്ഥയുടെ ഭാഗമായാണ് ഒരാൾ കൂലിക്കോ ശമ്പളത്തിനോ വേണ്ടി തന്റെ തൊഴിൽശക്തി വിനിയോഗിക്കുന്നത്. വിവിധ മേഖലകളിൽ ഇന്ന് തൊഴിലിടങ്ങളിൽ അനുഭവിക്കുന്ന ഈ വർദ്ധിതസമ്മർദ്ദത്തിനുപിന്നിൽ മുതലാളിത്ത ഉത്പാദന വ്യവസ്ഥ സൃഷ്ടിക്കുന്ന നേരിട്ടുള്ള പ്രത്യാഘാതമാണ്. ഈ വ്യവസ്ഥയിൽ ആത്യന്തികമായി തൊഴിലാളികൾക്ക് ബലഹീനതയും അന്യവൽക്കരണവുമാണ് ബാക്കിയാവുക.

കാൾ മാർക്സ് ചൂണ്ടിക്കാട്ടിയതുപോലെ, മുതലാളിത്ത വ്യവസ്ഥയിൽ തൊഴിലാളികളെ വ്യവസ്ഥാപിതമായിത്തന്നെ അന്യവൽക്കരിക്കുകയും അവരുടെ മനുഷ്യസ്വഭാവത്തിൽനിന്നു തന്നെ അവരെ വേർപെടുത്തുകയും ചെയ്യുന്നു. തൊഴിലെടുക്കുന്നയാളെ അയാളുടെ അധ്വാനത്തിന്റെ ഫലത്തിൽനിന്ന്-അതൊരു ഉത്പന്നമാകട്ടെ, സേവനമാകട്ടെ-അന്യവൽക്കരിക്കുന്നു. അതുണ്ടാക്കാനായി പണിയെടുത്തയാളിന് ആ ഫലത്തിനുമേൽ യാതൊരു അവകാശവുമുണ്ടാകില്ല, അത് മുതലാളിയുടേതായിരിക്കും. തൊഴിലിന്റെ പ്രക്രിയയിൽനിന്ന് അയാൾ അന്യവൽക്കരിക്കപ്പെടുന്നു. തന്റെ സർഗാത്മകതയ്ക്കോ ചിന്തയ്ക്കോ യാതൊരു സ്ഥാനവും തൊഴിൽ പ്രക്രിയയിൽ കിട്ടാതെ വരുന്ന സാഹചര്യത്തിൽ തൊഴിലെടുക്കുന്നത് തികച്ചും യാന്ത്രികമായ ഒരു പ്രക്രിയ മാത്രമാകുന്നു. അതിലും പ്രധാനമായി, കൂടുതൽ ദുഷിക്കുന്ന മുതലാളിത്തത്തിൽ തൊഴിലാളികളെ പരസ്പരം അന്യവൽക്കരിക്കുന്നു. അവരുടെയിടയിൽ സഹകരണത്തിന്റെയല്ല മത്സരത്തിന്റെ സംസ്കാരമാകും മുതലാളിത്തം പ്രോത്സാഹിപ്പിക്കുക. തങ്ങളുടെ നിലനിൽപ്പും തൊഴിൽസുരക്ഷയും തൊഴിലിലെ ഉന്നതിയും തന്റെ അധ്വാനത്തിന്റെ നിലവാരത്തേക്കാളേറെ, പരസ്പരം മത്സരിച്ചുമാത്രം നേടേണ്ട ഒന്നായി മുതലാളിത്തം മാറ്റുമ്പോൾ, അത് തൊഴിലാളികൾക്കിടയിലെ ബന്ധത്തെ എങ്ങനെ മാറ്റിമറിക്കുമെന്ന് ചിന്തിക്കാവുന്നതേയുള്ളൂ. തൊഴിലാളികൾക്കിടയിൽ അവിശ്വാസവും മത്സരവും സ്ഥാനംപിടിക്കുമ്പോൾ, ഒരു വർഗ്ഗമെന്ന നിലയിൽ സ്വയം തിരിച്ചറിഞ്ഞ്, ഐക്യം സ്ഥാപിച്ച് അത് തങ്ങൾ അടിച്ചേൽപ്പിക്കുന്ന ചൂഷണത്തിനെതിരെ തിരിയുകയില്ലെന്ന് ഉറപ്പാക്കാനുള്ള മുതലാളിത്തത്തിന്റെ പദ്ധതി ഇവിടെ നമുക്കു കാണാം. ഇന്ന് തൊഴിലിടങ്ങളിൽ നമ്മൾ കാണുന്ന ഈ വർദ്ധിച്ച സമ്മർദ്ദത്തിനും അതിന്റെ ഫലമായ ആത്മഹത്യയടക്കമുള്ള പ്രശ്നങ്ങൾക്കും പിന്നിൽ ഈ അന്യവൽക്കരണത്തിന്റെ ഏറ്റവും രൂക്ഷമായ രൂപത്തിലുള്ള ഭൗതികവും മാനസികവുമായ പ്രതിഫലനങ്ങളാണുള്ളത്.

തൊഴിലാളിയുടെ അധ്വാനശക്തി വെറും ചരക്കാക്കിമാറ്റിക്കൊണ്ട്, എപ്പോൾ വേണമെങ്കിലും കമ്പോളത്തിൽ നിന്ന് വാങ്ങാവുന്നതും ഒഴിവാക്കാനാകുന്നതുമായ ഒന്നാക്കി പരിവർത്തനപ്പെടുത്തുമ്പോൾ അതുണ്ടാക്കുന്ന തൊഴിൽ അനിശ്ചിതത്വം ഇതിന് ആക്കംകൂട്ടുന്നു. പൊതുമേഖലയിലും, പൊലീസ് അടക്കമുള്ള സർക്കാർ സർവീസിലുമാകട്ടെ, ജനാധിപത്യരീതികളുടെ

(ശേഷം 7-ാം പേജിൽ)

സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്പിലെയും പ്രതിവിപ്ലവത്തെപ്പറ്റി

പട്ടിണിയും ചൂഷണവും ഇല്ലാതാക്കിയ നവംബർ വിപ്ലവത്തിന്റെ 108-ാം വാർഷികം ലോക മാസകലം ആചരിക്കുന്ന വേളയാണിത്. നവംബർവിപ്ലവം നടന്ന നാട്ടിൽ സോഷ്യലിസ്റ്റ് വ്യവസ്ഥ തിരിച്ചടിക്കപ്പെട്ട് മുതലാളിത്ത പുനഃസ്ഥാപനം നടന്നു എന്നത് മനുഷ്യസ്നേഹികളെ വേദനയിലാഴ്ത്തുന്നു. സോവിയറ്റ് യൂണിയനിൽ മുതലാളിത്ത പുന:സ്ഥാപനത്തിനിടയാക്കിയ സാഹചര്യങ്ങളും തിരുത്തൽവാദവ്യതിയാനങ്ങളും വിശകലനംചെയ്തുകൊണ്ട് പ്രതിവിപ്ലവം സൃഷ്ടിച്ച പ്രതിലോമചിന്തകളിൽനിന്നു മുക്തരായി മുന്നേറാൻ കമ്മ്യൂണിസ്റ്റുകളെ സജ്ജരാക്കുംവിധം എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റി 1990 ആഗസ്റ്റിൽ ഒരു രേഖ അവതരിപ്പിച്ചു. 'സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്പിലെയും പ്രതിവിപ്ലവത്തെപ്പറ്റി' എന്ന ആ രേഖയിൽനിന്നുള്ള പ്രസക്തമായ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുകയാണ്.

മിഖായിൽ ഗോർബച്ചേവ് സിപിഎസ്‌യുവിന്റെ ജനറൽ സെക്രട്ടറിയായി അവരോധിക്കപ്പെട്ട തിനുശേഷം 1985 ഏപ്രിൽ നടന്ന സിപിഎസ്‌യു കേന്ദ്രകമ്മിറ്റിയുടെ പ്ലീനറി മീറ്റിംഗിൽ ആദ്യമായി 'ഗ്ലാസ്നോസ്റ്റ്', 'പെരിസ്ട്രോയിക്ക' പദ്ധതി അവതരിപ്പിച്ചു. ഈ പദ്ധതിയെ സോവിയറ്റ് യൂണിയനിലെ 'പ്രതിവിപ്ലവത്തിന്റെ ബ്ലൂ പ്രിന്റ്' എന്ന് നമ്മുടെ പാർട്ടി ആ സമയത്തുതന്നെ വിശേഷിപ്പിക്കുകയുണ്ടായി.അതിനെത്തുടർന്ന് 1986ലെ 27-ാം പാർട്ടി കോൺഗ്രസിലും, 1988ൽ നടന്ന സിപിഎസ്‌യുവിന്റെ 19-ാം ആൾ യൂണിയൻ കോൺഫറൻസിലും, തുടർന്ന് നടന്ന കേന്ദ്ര കമ്മിറ്റി മീറ്റിംഗുകളിലും പ്ലീനറി മീറ്റിംഗുകളിലും ഘട്ടംഘട്ടമായി അത് നടപ്പിലാക്കുകയും അതനുസരിച്ചുള്ള പുതിയ നിയമനിർമ്മാണം നടത്തുകയുംചെയ്തു.

സ്വയം വിഭവങ്ങൾ കണ്ടെത്തുന്ന സ്വാശ്രയ, സ്വയംനിയന്ത്രണ സംവിധാനങ്ങൾ ഇതിനോടകം തന്നെ വിപുലപ്പെടുത്തിയിരുന്നു. യുഗോസ്ളാവിയയിലെ അനുഭവം തെളിയിച്ചതുപോലെ വികേന്ദ്രീകരണത്തിലേക്കുള്ള കാൽവെപ്പായിരുന്നു അത്. അന്തിമമായി മുതലാളിത്തത്തെ പുനരു ജ്ജീവിപ്പിക്കുന്നതിൽ എത്തിക്കുന്നതാണ്. കൂടാതെ ലെനിനും സ്റ്റാലിനും പഠിപ്പിച്ചതുപോലെ രാഷ്ട്രം ഭൂമിയുടെ പരമാധികാരിയായിരിക്കുന്നതിനു പകരം കർഷകനെ ആ സ്ഥാനത്ത് പ്രതിഷ്ഠിക്കാനായി കൂട്ടുകൃഷിക്കും സ്റ്റേറ്റ് ഫാർമിംഗിനും പകരം സഹകരണ കൃഷിമേഖലയ്ക്ക് രൂപം കൊടുത്തുകൊണ്ട് ഒരടി പിന്നോക്കം പോയി. ഭൂമിയുടെ സ്വകാര്യ ഉടമസ്ഥതയെ അഥവാഗ്രാമീണമുതലാളിത്തത്തെ കൊഴുപ്പിക്കുക എന്നതാണ് അതിനർത്ഥം. അതുംപോരാതെ വ്യവസായ യൂണിറ്റുകളിൽ മാനേജർമാരുടെയും വ്യക്തികളായ വ്യവസായ സംരംഭകരുടെയും നിയന്ത്രണം കൊണ്ടുവരുകയും വമ്പൻ ലാഭം പോക്കറ്റിലാക്കാൻ വ്യവസായ സംരംഭകത്വം വളർത്തുക എന്ന ആഹ്വാനം മുഴക്കുകയും ചെയ്തു. വ്യവസായ മേഖലയിൽ പുത്തൻ ബൂർഷ്വാസിയെ ശക്തിപ്പെടുത്താനും സോഷ്യലിസ്റ്റ് സമ്പ്രദായങ്ങൾക്കും ഉൽപാദന ലക്ഷ്യങ്ങൾക്കുംപകരം മുതലാളിത്ത സമ്പ്രദായങ്ങളും ഉത്പാദന ലക്ഷ്യങ്ങളും ആവിഷ്കരിക്കാനും ഉദ്ദേശിച്ചായിരുന്നു ഈ നീക്കങ്ങളെല്ലാം. ആശയരംഗത്ത് ജനപ്രീതി കിട്ടുന്ന ലക്ഷണമൊത്ത മുതലാളിത്ത മുദ്രാവാക്യങ്ങളായ ഗ്ലാസ്നോസ്റ്റ് അഥവാ തുറന്ന സമീപനം, മനുഷ്യ മുഖത്തോടെയുള്ള സോഷ്യലിസം എന്നിവ കൊണ്ടുവന്നു.

സോഷ്യലിസത്തിൽ ജനാധിപത്യമോ സ്വാതന്ത്ര്യമോ ഇല്ലെന്ന മുതലാളിത്തപ്രചാരണങ്ങളെ കൗശലപൂർവ്വം ശക്തിപ്പെടുത്തുന്ന നടപടിയാണിത്. 'അഭിപ്രായബഹുലത' എന്ന ആശയം ചവറ്റുകുട്ടയിൽ നിന്നെടുക്കുകയായിരുന്നു അടുത്തതായി ചെയ്തത്. ആധുനികശാസ്ത്രം തിരസ്കരിച്ച സത്യത്തിന്റെ ബഹുലത (Plurality of truth) എന്ന ആശയം മാത്രമാണിത്. ഇത്തരത്തിലുള്ള ഇമ്പമുള്ള വാക്കുകളിലൂടെ സോവിയറ്റ് സമൂഹത്തിൽ, ദൂഷിച്ച ബൂർഷ്വാ ഉദാരതാമനോഭാവത്തെയും അതിജനാധിപത്യ സങ്കല്പങ്ങളെയും തട്ടിയുണർത്തി. ഇത്തരം ആശയങ്ങൾക്ക് നൽകിയപ്രോത്സാഹനംക്രുഷ്ചേവിന്റെ കാലം മുതൽ തുടങ്ങിയ തിരുത്തൽ വാദത്തിന്റെ നീണ്ട കാലത്തെ പ്രയോഗത്തോടൊപ്പം ചേർന്നപ്പോൾ വിഘടനവാദ-തീവ്രദേശീയശക്തികളും സംഘടനകളും പത്തി വിടർത്തി. വികേന്ദ്രീകരണത്തിന്റെ ദുഷ്ഫലങ്ങൾ പ്രത്യക്ഷപ്പെട്ട് തുടങ്ങിയിരുന്നു. അസർബൈജാനും അർമേനിയയും തമ്മിൽ വംശീയ കലാപം പൊട്ടിപ്പുറപ്പെട്ടു. തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിയില്ലെങ്കിൽ വേർപിരിഞ്ഞു പോകുമെന്ന് അസർബൈജാൻഅന്ത്യശാസനംനൽകി. ബാൾട്ടിക് റിപ്പബ്ലിക്കുകളായ ലാത്വിയ, ലിത്വാനിയ എന്നിവ ഇതിനോടകം തന്നെ വേർപിരിയലിന്റെ പ്രഖ്യാപനം നടത്തിയിരുന്നു. ജോർജിയയും യുക്രൈനും അർമേനിയയും ആ വഴി നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. യൂണിയനിലെ പതിനഞ്ച് റിപ്പബ്ലിക്കുകളിൽ ഏഴും ഇതിനോടകംതന്നെ വിഭജനത്തിന്റെ പാതയിലായിക്കഴിഞ്ഞിരുന്നു. വിരോധാഭാസം എന്നു പറയട്ടെ ഗ്ലാസ്നോസ്റ്റിന്റെ വക്താവും പ്രയോക്താവുമായ ആൾ ഇപ്പോൾ ലിത്വാനിയക്കെതിരെ ഉപരോധ നടപടികൾ പ്രഖ്യാപിക്കുകയാണ്!

യുഎസ്എസ്ആറിൽ മുതലാളിത്ത പുനഃസ്ഥാപനത്തിന്റെ പ്രക്രിയസമ്പൂർണ്ണമാക്കാനുള്ളഅന്തിമ നീക്കത്തിൽ ഗോർബച്ചേവ് റിവിഷനിസ്റ്റ് സംഘം ജനങ്ങളുടെ യഥാർത്ഥ രാഷ്ട്രീയ അധികാരത്തിന്റെ ഉപകരണമായ സുപ്രീം സോവിയറ്റ് ഉൾപ്പെടെയുള്ള സോവിയറ്റുകളെ ഒതുക്കികൊണ്ടും തുരങ്കം വെച്ചുകൊണ്ടും പകരം ജനകീയ ഡെപ്യൂട്ടികളുടെ കോൺഗ്രസ് എന്ന ബൂർഷ്വാ മാതൃകയിലുള്ള സംവിധാനം സൃഷ്ടിച്ചു. ഈ സംവിധാനത്തിലൂടെയും പിന്നീട് 1990 ഫെബ്രുവരി 2 മുതൽ 5വരെ നടന്ന കേന്ദ്രകമ്മിറ്റിയുടെ പ്ലീനത്തിലൂടെയും പ്രധാനമന്ത്രിയെ നിയമിക്കാനുള്ള അധികാരമുൾപ്പെടെ പരിപൂർണ്ണ അധികാരം പ്രസിഡന്റിൽ നിക്ഷിപ്തമാകുന്ന തരത്തിലുള്ള ഒരു എക്സിക്യൂട്ടീവ് പ്രസിഡൻഷ്യൽ രീതിയിലുള്ള ഗവൺമെന്റ് സമ്പ്രദായത്തിന് രൂപം നൽകി.ഈപ്രസിഡന്റ്സാക്ഷാൽ ഗോർബച്ചോവ് അല്ലാതെ മറ്റാരുമല്ല. ഒരു ബഹുകക്ഷി ബൂർഷ്വാ പാർലമെന്ററി സംവിധാനത്തിന് അവർ രൂപംനൽകി. അവസാനമായി ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി

(ശേഷം 8-ാം പേജിൽ)

നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വാർഷികം ആചരിച്ചുകൊണ്ട് മൂലമറ്റത്തുനടന്ന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എസ്.രാജീവൻ പ്രസംഗിക്കുന്നു.

തൊഴിലാളികളുടെ അധ്വാനശക്തിയെ കമ്പോളത്തിലെ ചരക്കുമാത്രമാക്കി മുതലാളിത്തം തരംതാഴ്ത്തുന്നു

(6-ാം പേജിൽ നിന്ന്)

സ്ഥാനത്ത് ഇന്ന് വർധിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥ സ്വേച്ഛാധിപത്യവും, സ്വകാര്യവൽക്കരണ-ഔട്ട്സോഴ്സിങ്ങ് ഭീഷണികളും, നിയമനനിരോധനംമൂലം ഒഴിവുകൾ നികത്താതാകുമ്പോൾ ഉണ്ടാകുന്ന ക്രമാതീതമായ ജോലിഭാരവുമെല്ലാം ഈ അന്യവൽക്കരണത്തെ വർധിപ്പിക്കുന്നു. തങ്ങളുടെ ജോലി സമൂഹത്തിന്റെ ഗുണത്തിനുള്ള പ്രവർത്തനമല്ല, ഒരു യന്ത്രത്തിന്റെ ഭാഗമായുള്ള അടിമത്തം മാത്രമായി അവർക്ക് അനുഭവപ്പെടുന്നു.

തൊഴിലിടത്തിലെ സമ്മർദ്ദത്തെ വ്യക്തിയുടെ പ്രശ്നം മാത്രമായോ ദൗർബല്യമായോ ചിത്രീകരിക്കാനാണ് മുതലാളിത്ത വിശാരദന്മാർ ശ്രമിക്കുന്നത്. ഇതെല്ലാം വ്യക്തിയുടെ മാത്രം മാനസികസമ്മർദ്ദമോ, മൽസരത്തെ അതിജീവിക്കാനുള്ള ശേഷിക്കുറവോ ആയി സ്ഥാപിക്കാൻ ശ്രമിക്കുന്നു. യോഗ പോലെയുള്ള മാർഗ്ഗങ്ങളിലൂടെ സമ്മർദ്ദങ്ങളെ അതിജീവിക്കാമെന്ന് അവർ ഉദ്ബോധിപ്പിക്കുന്നു. എന്നാൽ, സമ്മർദ്ദം സൃഷ്ടിക്കുന്ന ഭൗതിക കാരണങ്ങൾ വസ്തുതാപരമായി നിലനിൽക്കുമ്പോൾ, ഇത്തരം കൺകെട്ടുവിദ്യകൾ കൊണ്ട് യഥാർത്ഥ പരിഹാരം ഉണ്ടാകുമോ? തൊഴിലാളികളിൽനിന്നും പരമാവധി മിച്ചമൂല്യം പിഴിഞ്ഞെടുക്കാനായുള്ള ശ്രമമല്ലേ ഈ സമ്മർദ്ദത്തിന്റെ അടിസ്ഥാനകാരണം? സ്വകാര്യ-പൊതുമേഖലാ ഭേദമില്ലാതെ നിയോലിബറൽ മുതലാളിത്തം അടിച്ചേൽപ്പിക്കുന്ന ചെലവുചുരുക്കൽ നടപടികൾ, തൊഴിലിന്റെ കരാർവൽക്കരണം, തൊഴിലിന്റെ വൈവിധ്യവൽക്കരണം, തൊഴിലാളിയുടെ നൈപുണ്യവികസനം എന്നൊക്കെ പറഞ്ഞ് മതിയായ നിയമനം നടത്താതെ ഉള്ളവർക്കുമേൽ വർധിച്ച തൊഴിൽഭാരം അടിച്ചേൽപ്പിക്കുന്നതും തൊഴിലാളിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള പുതിയ കോർപ്പറേറ്റ് മാനദണ്ഡങ്ങൾ പോലുള്ള തൊഴിലാളിവിരുദ്ധ നയസമീപനങ്ങളുമാണ് പ്രശ്നം. ഇതോടൊപ്പം, കോവിഡാനന്തരം അടിച്ചേൽപ്പിക്കപ്പെട്ട വർധിച്ച തൊഴിൽ സമയം, തൊഴിലിടങ്ങൾക്കു പുറത്തേക്ക് ഡിജിറ്റൽ സംവിധാനങ്ങളുപയോഗിച്ച് തൊഴിലാളിയുടെ സ്വകാര്യ ഇടങ്ങളിലേക്കും തൊഴിലിന്റെ നിയന്ത്രണങ്ങളെത്തുന്നതും ജീവിതത്തിൽ നിന്നും സമൂഹത്തിൽനിന്നും വ്യക്തിയെ അന്യവൽക്കരിക്കുന്നു. സമൂഹത്തിനു സേവനമാകേണ്ട വിദ്യാഭ്യാസം, ആതുരശുശ്രൂഷ, പൊലീസിങ്ങ് തുടങ്ങിയവയൊക്കെ ലാഭമുണ്ടാക്കേണ്ട മേഖലകളാക്കി നിയോലിബറൽ മുതലാളിത്തം മാറ്റുന്നു. ഇത് സൃഷ്ടിക്കുന്ന വൈരുദ്ധ്യവും ഇവിടെ പരിഗണിക്കണം.

തൊഴിലിടങ്ങളിലെ സമ്മർദ്ദവും അത് സൃഷ്ടിക്കുന്ന ദുരന്തങ്ങളും വ്യക്തിയുടെ പ്രശ്നമായി ചുരുക്കാതെ അത് വ്യവസ്ഥിതി അടിച്ചേൽപ്പിക്കുന്നതാണെന്ന യാഥാർത്ഥ്യം തിരിച്ചറിയുകയാണ് പണിയെടുക്കുന്നവർ ഇന്ന് ചെയ്യേണ്ടത്. വ്യവസ്ഥിതിയിലുള്ള മാറ്റംകൊണ്ടേ ആത്യന്തികമായി ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടൂ. അതിനായുള്ള സമരത്തിൽ സ്വയം അണിചേരുകയെന്നതാണ് അധ്വാനിച്ചു ജീവിക്കുന്ന ഓരോരുത്തരുടെയും ഇന്നത്തെ കടമ. ഒപ്പം, തൊഴിലാളികൾക്കുമേൽ ദിനംതോറും അടിച്ചേൽപ്പിക്കുന്ന തൊഴിലാളിവിരുദ്ധ നയങ്ങളും നടപടികളും സംഘടിതമായി ചെറുത്തുതോൽപ്പിക്കുകയും വേണം. പൊതുമേഖലയിലടക്കം നിയമനനിരോധനം മൂമൂണ്ടാകുന്ന ജോലിഭാരവും അതുപോലെ തന്നെ തൊഴിലില്ലായ്മയും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണ്. തൊഴിൽസുരക്ഷ ഉറപ്പാക്കിക്കൊണ്ട് നിയമനങ്ങൾ സമയത്ത് നടപ്പാക്കുന്നതിനായും കൂട്ടായി ശബ്ദമുയർത്തേണ്ടതുണ്ട്. വ്യക്തിയിലേക്ക് ചുരുങ്ങുന്നതിലൂടെയല്ല, വർഗ്ഗത്തോട് കണ്ണിചേരുന്നതിലൂടെയാണ് പരിഹാരം കണ്ടെത്താനാവുക എന്ന തിരിച്ചറിവിലൂടെ, തൊഴിലെടുത്തു ജീവിക്കുന്നവരുടെ നിലനിൽപ്പിന്റെ ഈ പ്രശ്നങ്ങൾ കൂട്ടായി നേരിടാൻ തയ്യാറെടുക്കേണ്ടതുണ്ട്. ■

സോഷ്യലിസത്തിനെതിരെ വിരൽചൂണ്ടി സ്വന്തം ഹീനവൃത്തികളെ മറച്ചുപിടിക്കാനാണ് മുതലാളിത്തം ശ്രമിക്കുന്നത്

(7–ാം പേജിൽ നിന്ന്)

യുടെ നേതൃത്വപരമായ പങ്കിന് അന്ത്യംകുറിച്ചു. സോവിയറ്റ് യൂണിയനിൽ തൊഴിലാളി വർഗ്ഗ സർവാധിപത്യത്തിന് അന്ത്യംകുറിക്കുകയും സോവിയറ്റ് സോഷ്യലിസ്റ്റ് ഭരണകൂടത്തെ ഒരു മുതലാളിത്ത ഭരണകൂടമായി അധ:പതിപ്പിക്കുകയും ചെയ്തു.

രണ്ടാമതായി, പാർട്ടിയുടെ നേതൃത്വപരമായ പങ്ക് ഇല്ലായ്മ ചെയ്തു. പാർട്ടിക്കകത്ത് എല്ലാവിധ ബൂർഷ്വാ ലിബറൽ ചിന്തകളും ആനയിച്ചതിലൂടെ ജനാധിപത്യ കേന്ദ്രീകരണ പ്രക്രിയയ്ക്ക് ഗുരുതരമായ ക്ഷതമേൽപ്പിച്ചു. സിപിഎസ്‌യുവിനെ സോവിയറ്റ് യൂണിയനിലെ ബഹുകക്ഷി രാഷ്ട്രീയ രംഗത്തെ കക്ഷികളിൽ ഒന്നുമാത്രമായി തരംതാഴ്ത്തി. അങ്ങനെയെല്ലാം സിപിഎസ്‌യുവിനെ ഒരു സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയായി അധഃപതിപ്പിച്ചു.

അവസാനമായി, സ്വകാര്യ

നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വാർഷികം ആചരിച്ചുകൊണ്ട് എരുമേലി, മുട്ടപ്പള്ളിയിൽ നടന്ന സമ്മേളനത്തിൽ വി.പി.കൊച്ചുമോൻ പ്രസംഗിക്കുന്നു.

സ്വത്തിനും പിന്തുടർച്ചാവകാശത്തിനും ഉൽപാദന ഉപാധികളുടെമേൽ സ്വകാര്യ ഉടമസ്ഥതക്കുള്ള അവകാശം ആവിഷ്കരിച്ചു. മാനേജർമാർക്ക് യഥേഷ്ടം തൊഴിലാളികളെ നിയമിക്കാനും തിരിച്ചുവിടാനും അതുപോലെതന്നെ ലാഭമുണ്ടാക്കാനുള്ള അവകാശത്തിന് നിയമപരിരക്ഷ നൽകി. അങ്ങനെ സോവിയറ്റ് യൂണിയന്റെ സോഷ്യലിസ്റ്റ് സാമ്പത്തിക അടിത്തറയിൽ അടിസ്ഥാനപരമായ മാറ്റം അടിച്ചേൽപ്പിച്ചു. ഉൽപാദന ബന്ധത്തിലും ഉൽപാദനത്തിന്റെ ചാലകശക്തിയുടെ കാര്യത്തിലും അടിസ്ഥാനപരമായ മാറ്റം കൊണ്ടുവന്നു. അങ്ങനെ സോവിയറ്റ് സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയെ മുതലാളിത്ത സമ്പദ് വ്യവസ്ഥയാക്കി അധ:പതിപ്പിച്ചു. അങ്ങനെ ഗോർബച്ചേവിന്റെ വർഗ്ഗവഞ്ചക തിരുത്തൽവാദി സംഘം സോവിയറ്റ് യൂണിയനിലും മുതലാളിത്ത പുന:സ്ഥാപനത്തിന്റെ പ്രക്രിയ പൂർത്തിയാക്കി.

സോഷ്യലിസത്തിനെതിരായ ബൂർഷ്വാ അപവാദപ്രചാരണങ്ങളും യാഥാർത്ഥ്യവും

ശീഘ്രഗതിയിൽ വികാസം പ്രാപിച്ച ഈ സംഭവങ്ങൾ സ്വാഭാവികമായി ലോകമെമ്പാടും വലിയ കോളിളക്കത്തിന് കാരണമായി. പക്ഷേ, വളരെ വ്യത്യസ്തവും പരസ്പരവിരുദ്ധവുമായ രണ്ടു പ്രതികരണങ്ങളാണ് ഇത് സൃഷ്ടിച്ചത്. രാജ്യസ്നേഹികളായ, സമാധാനകാംക്ഷികളായ, സ്വാതന്ത്ര്യേച്ഛക്കളായ, സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ മുന്നേറ്റത്തിൽ പ്രതീക്ഷയർപ്പിച്ചിരുന്ന ബഹുജനങ്ങൾക്ക് ഞെട്ടലും നിരാശയുമുണ്ടായി. എന്നാൽ എവിടെയുമുള്ള സാമ്രാജ്യത്വശക്തികളും മുതലാളിമാരും പിന്തിരിപ്പൻ ഭരണകൂടങ്ങളും വിജയാഹ്ലാദം മുഴക്കി. ജനാധിപത്യത്തിന്റെ, അതായത് മുതലാളിത്ത ജനാധിപത്യത്തിന്റെ, പുനഃസ്ഥാപനത്തെയാണ് അവർ കരഘോഷം നടത്തി വരവേറ്റത്.

സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും വക്താക്കളായി വന്നിരിക്കുന്ന ഇക്കൂട്ടർ ആരാണ്? വിയറ്റ്നാമിലെയും അഫ്ഗാനിസ്ഥാനിലെയും ഇറാനിലെയും ഇറാഖിലെയും നിക്കരാഗ്വയിലെയും ജനങ്ങളുടെ ചോരപുരണ്ട കൈകളുള്ളവർ. ദക്ഷിണാഫ്രിക്കയിലെ വെറുക്കപ്പെട്ട വർണവെറിയൻ ഭരണവാഴ്ചയെ പിന്തുണയ്ക്കുകയും ഇടപെടുകയും പനാമയിൽ നഗ്നമായ അധിനിവേശം നടത്തുകയും ചെയ്തവർ. ആക്രമണകാരികളായ ഇസ്രയേലിനെ ഇപ്പോഴും പിന്താങ്ങുന്നവർ. സ്വന്തം നാട്ടിൽ കറുത്ത വംശജരോട് നാൽക്കാലികളോടെന്നപോലെ പെരുമാറുന്നവർ. അവർ ഒരു സുപ്രഭാതത്തിൽ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ശക്തരായ വക്താക്കളായി രംഗപ്രവേശം ചെയ്തിരിക്കുന്നു.

സോഷ്യലിസത്തിനെതിരെ വിരൽ ചൂണ്ടി സ്വന്തം ഹീനവൃത്തികളെ മറച്ചുപിടിക്കാനാണ് അവർ ശ്രമിക്കുന്നത്. പക്ഷേ, ജനാധിപത്യത്തിന്റെ വക്താക്കളത്തെടുത്തിരിക്കുന്ന ഇക്കൂട്ടർത്തന്നെ ജനാധിപത്യത്തെയും സമാധാനത്തെയും സ്വാതന്ത്ര്യത്തെയും കഴുത്തു ഞെരിക്കുന്നതെങ്ങനെയെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ക്രൗര്യഭാവമാർന്ന അമേരിക്കൻ സൈനിക ഭരണവാഴ്ചയുടെ മൂന്ന് കാലുകളാണ് സിഐഎയും എഫ്ബിഐയും എന്ന് ആർക്കാണറിയാത്തത്? ലോകമാകെ വ്യാപിച്ചുകിടക്കുന്ന യുഎസ് സൈനിക താവളങ്ങളുടെ ശൃംഖലയെപ്പറ്റിയും അവരുടെ താരയുദ്ധ പദ്ധതിയെപ്പറ്റിയും ആർക്കാണ് അറിയാത്തത്? ഇതൊക്കെ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സമാധാനത്തിനും വേണ്ടിയാണോ?

സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്പിലെയും പ്രതിവിപ്ലവത്തെപ്പറ്റി

ബ്രിട്ടനെ സംബന്ധിച്ചിടത്തോളം കുറച്ച് വർഷങ്ങൾക്കുമുൻപ് കൽക്കരിഖനി തൊഴിലാളികളുടെ ന്യായമായ സമരത്തെ നിഷ്ഠുരമായി അടിച്ചമർത്തിയത് എങ്ങനെയെന്നും ഫാക്‌ലാന്റിൽ സൈനികമായി ഇടപെട്ടത് എങ്ങനെയെന്നും ആഫ്രിക്കയിലെ വർണവെറിയൻ ഭരണകൂടത്തെ ലജ്ജയേതുമില്ലാതെ പിന്തുണച്ചത് എങ്ങനെയെന്നും എല്ലാവർക്കുമറിയാം.

ഇങ്ങനെയുള്ള ബ്രിട്ടീഷ് സാമ്രാജ്യത്വംപോലും സോഷ്യലിസത്തിൽ വ്യക്തിസ്വാതന്ത്ര്യംഇല്ലെന്നു പറഞ്ഞ് മുതലക്കണ്ണീർ പൊഴിക്കുന്നു. ജർമ്മനിയിൽ വീണ്ടും നവനാസികൾ പത്തി വിടർത്തുമ്പോൾ പശ്ചിമ ജർമ്മനി ഗവൺമെന്റ് അവർക്ക് നേരിട്ട് പിന്തുണ നൽകുകയല്ലേ? സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ജനാധിപത്യത്തിന്റെ ഭാവിയെപ്പറ്റി ഓർത്ത് ഈ മാന്യന്മാരുടെ ഉറക്കം നഷ്ടപ്പെട്ടുവെന്ന് നമ്മൾ വിശ്വസിക്കണമോ? കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ബഹുകക്ഷി സമ്പ്രദായം ആവിഷ്കരിച്ചത് യഥാർത്ഥ ജനാധിപത്യം നേടിയെടുക്കാനുള്ള വലിയ മുന്നേറ്റമാണെന്ന് ജനങ്ങളെ വിശ്വസിപ്പിക്കാനുള്ള സംഘടിതമായ പ്രചാരണം തീർച്ചയായും ആരംഭിച്ചിട്ടുണ്ട്. 'രാഷ്ട്രീയ ബഹുലത' എന്നത് ഇക്കാലത്ത് ആവർത്തിച്ചു കേൾക്കുന്ന ഒരു പ്രയോഗമാണ്. കഴിഞ്ഞ അനവധി ദശാബ്ദങ്ങൾകൊണ്ട് പാശ്ചാത്യ മുതലാളിത്ത രാഷ്ട്രങ്ങൾ ഇപ്പറയുന്ന രാഷ്ട്രീയ ബഹുലതകൊണ്ട് നേടിയതെന്താണ്? അവിടങ്ങളിലെ സാധാരണ ജനങ്ങൾക്ക് ജനാധിപത്യ അവകാശങ്ങൾ അനുഭവിക്കാൻ അതെത്രത്തോളം ഉപകരിച്ചിട്ടുണ്ട്? നേരെമറിച്ച്, മുതലാളിത്തത്തിന്റെ ദ്വികക്ഷി അല്ലെങ്കിൽ ബഹുകക്ഷി തിരഞ്ഞെടുപ്പ് സമ്പ്രദായം, വോട്ടുചെയ്യാനുള്ള അവകാശം മുന്നിൽവച്ചുകൊണ്ട് ജനങ്ങളെ കബളിപ്പിക്കാനുള്ള വിപുലമായ പദ്ധതി മാത്രമാണെന്ന് ഇന്ത്യയിലേതുപോലെതന്നെ എല്ലാ രാജ്യങ്ങളിലും തൊഴിലാളികൾ കൂടുതൽ കൂടുതൽ മനസ്സിലാക്കി വരികയാണ്. രാഷ്ട്രീയ ബോധമില്ലാത്ത സാധാരണക്കാരന്റെ കണ്ണിൽനിന്ന് മുതലാളിത്ത ചൂഷണത്തിന്റെ ക്രൂരതകൾ മറച്ചുവെക്കാനുള്ള ചെപ്പടിവിദ്യ ആണിത്. ഭരണകൂടത്തിന്റെ ഒളിഞ്ഞും തെളിഞ്ഞുമുള്ള പിന്തുണയോടെ പണത്തിന്റെയും പേശിബലത്തിന്റെയും മാധ്യമങ്ങളുടെ പിന്തുണയോടെയും പാർട്ടികൾ എങ്ങനെയാണ് തെരഞ്ഞെടുപ്പിനെ നേരിടുന്നതെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് എത്ര കണ്ട് ഈ 'ജനാധിപത്യ തിരഞ്ഞെടുപ്പുകൾ' ഇവിടെയുണ്ടോ അത്രത്തോളം അഴിമതിയും ഇരട്ടത്താപ്പും ജനവഞ്ചനയും അധികരിക്കും. അവരുടെ ചീഞ്ഞളിഞ്ഞ ബൂർഷ്വാ പാർലമെന്ററി വ്യവസ്ഥയുടെ മഹത്വത്തിൽ നമ്മൾ വിശ്വാസമർപ്പിക്കണം എന്നുകൂടി അവരിപ്പോൾ ആവശ്യപ്പെടുന്നു.

തീർച്ചയായും ഗോർബച്ചോവും ഷെവർദ്നാസെയും ഡ്യൂബ്ചെക്കും സംഘവും വഴി വീണുകിട്ടിയ ഭാഗ്യത്തിൽ അവർ പിടിച്ചു തൂങ്ങുന്നുണ്ട്. സാമ്രാജ്യത്വ തസ്കരന്മാരുടെ ആത്മാർത്ഥസുഹൃത്തുക്കളാണ് തിരുത്തൽവാദികളായ വഞ്ചകർ. ആ നിലയ്ക്ക് ഒരു സുഹൃത്ത് മറ്റേയാൾക്ക് ഒരു സേവനം ചെയ്തേ തീരൂ. മാനുഷിക മുഖത്തോടെയുള്ള സോഷ്യലിസമെന്ന് എഴുന്നള്ളിച്ചുകൊണ്ട് ഗോർബച്ചേവ് സാമ്രാജ്യത്വ കൂട്ടാളികൾക്ക് ആദ്യ സേവനം നൽകി. സ്റ്റാലിനെ പിശാചായി ചിത്രീകരിച്ചും കിഴക്കൻ യൂറോപ്പിൽ സോഷ്യലിസത്തെ അട്ടിമറിച്ചും യഥാർത്ഥ സേവനങ്ങൾ സമ്മാനിച്ചു. ബുഷ്, കോഹ്ൾ, മിത്തറാങ് സംഘത്തിന് സോഷ്യലിസം ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും എതിരാണെന്ന് വിളിച്ചുകൂവാൻ ഇതിലേറെ എന്തുവേണം? ഈ കള്ളക്കഥകൾ കൊണ്ട് അന്ധത ബാധിക്കാത്ത ജനങ്ങൾ ആദ്യം റഷ്യയിലും, പിന്നെ ഒന്നൊന്നായി ലോക ജനസംഖ്യയുടെ മൂന്നിൽരണ്ടുവരുന്ന അനവധി രാജ്യങ്ങളിൽ, സോഷ്യലിസം ഉദയംകൊണ്ടത് മറന്നിട്ടില്ല. നാല് ദശാബ്ദകാലയളവിനുള്ളിൽ സോഷ്യലിസം(റഷ്യയുടെ കാര്യത്തിൽമാത്രം ഏഴു ദശാബ്ദം) ഈ സമൂഹങ്ങളെ വിപ്ലവകരമായി സ്വതന്ത്രമാക്കുകയും ജനാധിപത്യവൽക്കരിക്കുകയും ചെയ്തു. രണ്ടു നൂറ്റാണ്ടുകൊണ്ട് മുതലാളിത്തത്തിന്, നേടിയെടുക്കുന്നതോ പോകട്ടെ, സ്വപ്നം കാണാൻപോലും ആകുന്നവയല്ല ഈ നേട്ടങ്ങൾ. സോഷ്യലിസം ഈ രാജ്യങ്ങളിലെല്ലാം പട്ടിണി, തൊഴിലില്ലായ്മ, ഭിക്ഷാടനം, നിരക്ഷരത, വംശീയ സംഘട്ടനങ്ങൾ തുടങ്ങിയവയെല്ലാം തുടച്ചുമാറ്റി. ജനാധിപത്യത്തെയും സ്വാതന്ത്ര്യത്തെയും വ്യക്തിസ്വാതന്ത്ര്യത്തെയും പറ്റി ഉദ്ഘോഷിക്കുന്നവർ ഈ നേട്ടങ്ങളിൽ ഒന്നെങ്കിലും നേടിയെടുത്ത ഒരൊറ്റ മുതലാളിത്ത ജനാധിപത്യ രാഷ്ട്രത്തെ കാണിച്ചുതരട്ടെ. ഇല്ല, മുതലാളി ത്തത്തിനകത്ത് അത് ഒരിക്കലും സാധ്യമല്ല. സോഷ്യലിസത്തിൽ മാത്രമേ അത് സാധ്യമാവുകയുള്ളൂ.

സോഷ്യലിസം മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണം അവസാനിപ്പിച്ചുകൊണ്ട് ജനാധിപത്യത്തിന്റെ ആഴമാർന്ന അതിഗാഢമായ അടിത്തറ ഇട്ടിരുന്നു എന്നതാണ് അതിനു കാരണം. അതുകൊണ്ടാണ് മറ്റൊരു സാമൂഹ്യവ്യവസ്ഥയ്ക്കും നേടിയെടുക്കാനാകാത്ത ചരിത്രപ്രധാനമായ ഈ നേട്ടം സോഷ്യലിസത്തിന് സാക്ഷാത്കരിക്കാനായത്. അതുകൊണ്ടുമാത്രമാണ് എല്ലാ സാമൂഹ്യവ്യവസ്ഥകളിലുംവെച്ച് ഏറ്റവും ജനാധിപത്യപരമായ വ്യവസ്ഥിതി സോഷ്യലിസം ആയിരിക്കുന്നത്. തൊഴിലാളിവർഗ്ഗ ജനാധിപത്യത്തെക്കാൾ, ജനാധിപത്യപരമായി മറ്റൊരു ജനാധിപത്യവുമില്ല. അതുപോലെതന്നെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം ഇല്ലാതെ തൊഴിലാളിവർഗ്ഗ ജനാധിപത്യം–അതായത് തൊണ്ണൂറ്റിയഞ്ച് ശതമാനം ജനങ്ങളുടെ, കൂടുതൽ സ്വതന്ത്രവും, കൂടുതൽ വിശാലവും, കൂടുതൽ പൂർണ്ണവുമായ ജനാധിപത്യം–സാധ്യമല്ല. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമെന്ന് കേൾക്കുന്നതുതന്നെ മുതലാളിമാർക്കും തിരുത്തൽവാദശക്തികൾക്കും വെറുപ്പാണ്. മുതലാളിവർഗ്ഗം തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെ ഏകാധിപത്യവുമായി തുലനപ്പെടുത്തുന്നു. അതിലൂടെ അവർ ചരിത്രത്തെ വളച്ചൊടിക്കുകയാണ് ചെയ്യുന്നത്. കാരണം പ്രാകൃത ഗോത്ര കമ്മ്യൂണിസ്റ്റ് സമുദായം വർഗ്ഗങ്ങളായി വേർപിരിയുകയും ഭരണകൂടം സ്ഥാപിതമാവുകയും ചെയ്തതുമുതൽ എല്ലാ ഭരണകൂടങ്ങളും ഭരണവർഗ്ഗത്തിന്റെ മർദ്ദനോപകരണം അല്ലാതെ മറ്റൊന്നുമായിരുന്നില്ല. അത് അങ്ങനെയേ സാധ്യമാവുകയുള്ളൂ. ഓരോ ചരിത്ര ഘട്ടത്തിലെയും ചൂഷകരായ ന്യൂനപക്ഷം മാത്രമാണ് ഈ നഗ്നസത്യം ഭൂരിപക്ഷത്തിൽനിന്ന് മറച്ചുവെച്ചിട്ടുള്ളത്. തങ്ങളുടെ സർവ്വാധിപത്യത്തെ ന്യായീകരിക്കാനായി അവർ പലവിധ തന്ത്രങ്ങളും പ്രയോഗിച്ചുകൊണ്ട് അത് മറച്ചുവെച്ചു. രാജാധിപത്യം അത് മതത്തിനുപിന്നിൽ ഒളിപ്പിച്ചു. മുതലാളിത്തമാകട്ടെ ജനാധിപത്യത്തെയും പ്രായപൂർത്തി വോട്ടവകാശത്തെയും പറ്റിയുള്ള തേൻപുരണ്ട പ്രഭാഷണങ്ങൾക്കു പിന്നിൽ ഒളിപ്പിക്കുന്നു. അതേസമയം മനുഷ്യചരിത്രത്തിൽ ആദ്യമായി ഭൂരിപക്ഷ ജനതയുടെ താൽപര്യം പ്രതിനിധീകരിക്കുന്ന വിജയശ്രീലാളിതരായ തൊഴിലാളിവർഗ്ഗത്തിന് ഇത് മറച്ചുവയ്ക്കേണ്ട ആവശ്യമില്ല. അതിനാൽ അധികാരത്തിൽനിന്ന് തൂത്തെറിയപ്പെട്ട ബൂർഷ്വാസിയുടെയും മറ്റ് ചൂഷക

(ശേഷം 9–ാം പേജിൽ)

നിശ്ശബ്ദമായ കൂട്ടക്കൊല: സാമ്പത്തിക ഉപരോധംമൂലം 38 ദശലക്ഷം പേർ മരിച്ചുവീണു

ബോംബുകളോ, മിസൈലുകളോ, വെടിയുണ്ടകളോ കൊണ്ടല്ലാതെ, പട്ടിണിയും രോഗങ്ങളും ആരോഗ്യസംവിധാനത്തിന്റെ തകർച്ചയുംമൂലം ദശലക്ഷക്കണക്കിനാളുകൾ ലോകത്ത് മരണമടഞ്ഞു. അവർ മരിച്ചു. പക്ഷേ സന്ധ്യാവാർത്താ പരിപാടികളിൽ അവരുടെ വിവരങ്ങൾ പറഞ്ഞില്ല. അവരുടെ പേരുകൾ സ്മാരകങ്ങളിൽ ആലേഖനം ചെയ്യപ്പെടില്ല. യുദ്ധത്തെത്തുടർന്നുള്ള ആൾനാശ കണക്കുകളിൽ അവരുടെ മരണങ്ങൾ എണ്ണപ്പെടുന്നില്ല. സാമ്രാജ്യത്വചേരി നിശ്ശബ്ദമായും സാവധാനവും നടത്തുന്ന പ്രത്യേകതരം ആക്രമണത്തിന്റെ ഇരകളാണവർ. അരനൂറ്റാണ്ടിലേറെയായി, തങ്ങളുടെ ശാസനകൾക്ക് വഴങ്ങാൻ വിസമ്മതിക്കുന്ന രാജ്യങ്ങൾക്കെതിരെ അമേരിക്കയും യൂറോപ്യൻ സാമ്രാജ്യത്വശക്തികളും നടത്തുന്ന രഹസ്യയുദ്ധത്തിന്റെ ഇരകളാണവർ. ഏകപക്ഷീയമായ സാമ്പത്തിക ഉപരോധങ്ങളാണ് ഈ യുദ്ധത്തിലെ ആയുധം. ഈ മരണങ്ങളുടെ എണ്ണം സായുധ പോരാട്ടങ്ങളിലെ നേരിട്ടുള്ള മരണസംഖ്യയേക്കാൾ വലുതാണ്. ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ, മനുഷ്യത്വരഹിതമായ കുറ്റകൃത്യങ്ങളിൽ ഒന്നായി കണക്കാക്കപ്പെടേണ്ടതാണ്.

അമേരിക്കയും യൂറോപ്യൻ സാമ്രാജ്യത്വശക്തികളും തങ്ങളുടെ ഏകപക്ഷീയമായ ഉപരോധങ്ങളെ നയതന്ത്രത്തിന്റെയും മനുഷ്യാവകാശങ്ങളുടെയും പദാവലികൾകൊണ്ട് ഏറെക്കാലമായി മറച്ചുപിടിച്ചിരിക്കുകയാണ്. സൈനിക ഇടപെടലിനുള്ള സമാധാനപരമായ ബദലായാണ് ഇത് അവതരിപ്പിക്കുന്നത്. ഈ നടപടികൾ സാമ്രാജ്യത്വ ശക്തിയുടെ പരിഷ്കരിച്ച ഒരു ആയുധമാണ്. സാമ്രാജ്യത്വ ആധിപത്യത്തെ വെല്ലുവിളിക്കാനും സ്വതന്ത്രമായ ഒരു പാത തിരഞ്ഞെടുക്കാനും ധൈര്യപ്പെടുന്ന 'തെമ്മാടി' രാജ്യങ്ങളിലെ 'അനുസരണയില്ലാത്ത' സർക്കാരുകളെ ശിക്ഷിക്കാനും നശിപ്പിക്കാനും വേണ്ടിയാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ രൂപരേഖ പതിറ്റാണ്ടുകൾക്ക് മുമ്പേ തയ്യാറാക്കിയതാണ്. 1970ൽ ചിലിയൻ ജനത സോഷ്യലിസ്റ്റ് നേതാവായ സാൽവഡോർ അലൻഡെയെ രാജ്യത്തിന്റെ പ്രസിഡന്റായി ജനാധിപത്യപരമായി തിരഞ്ഞെടുത്തപ്പോൾ, അത് പെന്റഗൺ ഭരണാധികാരികളുടെ കടുത്ത അനിഷ്ടത്തിന് കാരണമായിരുന്നു. അന്നത്തെ യുഎസ് പ്രസിഡന്റായിരുന്ന റിച്ചാർഡ് നിക്സൺ, ഉപരോധങ്ങൾ-അതായത് വ്യാപാര വിലക്കുകളോ ആസ്തി മരവിപ്പിക്കലുകളോ-ഏർപ്പെടുത്തി ചിലിയുടെ സമ്പദ്‌വ്യവസ്ഥയെ ഞെരുക്കുവാൻ തന്റെ ഉദ്യോഗസ്ഥരോട് ഉത്തരവിട്ടു.

ഒരു രാജ്യത്തിന്റെ നയങ്ങളിലോ നടപടികളിലോ മാറ്റം വരുത്തുന്നതിനായി സാമ്പത്തിക പ്രതിസന്ധികൾ ഉണ്ടാക്കുക എന്നതാണ് ഉപരോധങ്ങളുടെ ലക്ഷ്യം. അതിന്റെ ഫലം ക്രൂരമായിരുന്നു. ജനങ്ങളുടെ ദുരിതവും ദാരിദ്ര്യവും മുതലെടുത്തുകൊണ്ട്, യുഎസ് പിന്തുണയുള്ള സൈനിക ഏകാധിപതിയായ അഗസ്റ്റോ പിനോഷെ, യുഎസ് സാമ്രാജ്യത്വവാദികളുടെ സഹായത്തോടെ ഒരു അട്ടിമറി ആസൂത്രണം ചെയ്യുകയും സാൽവഡോർ അലൻഡെയെ വധിക്കുകയും 1974ൽ രാജ്യത്തിന്റെ പ്രസിഡന്റാകുകയും ചെയ്തു. ഈ രീതി ഫലപ്രദമാണെന്ന് തെളിഞ്ഞു: ജനങ്ങളെ പട്ടിണിക്കിട്ട് ഒരു സർക്കാരിനെ അട്ടിമറിക്കാൻ കഴിയും. 1970കളിൽ ഉപരോധത്തിലായിരുന്ന ശരാശരി 15 രാജ്യങ്ങളിൽനിന്ന്, പാശ്ചാത്യ ഉപരോധയന്ത്രം നിഷ്കരുണം കാര്യക്ഷമതയോടെ വികസിച്ചു. 1990കളിലും 2000ങ്ങളിലുമായപ്പോഴേക്കും ആ സംഖ്യ ഇരട്ടിയായി-മുപ്പതായി-വർദ്ധിച്ചു. ഇന്ന്, 2025ൽ, അറുപതിലധികം രാജ്യങ്ങൾ—അതിൽ ഭൂരിഭാഗവും ദക്ഷിണാർദ്ധഗോളത്തിലുള്ളവയാണ്—ഉപരോധങ്ങളുടെ രൂപത്തിലുള്ള ഈ സാമ്പത്തിക യുദ്ധത്തിന്റെ വലയിൽ കുടുങ്ങിയിരിക്കുന്നു.

ഒരു കാലത്ത് ചില പ്രത്യേക രാജ്യങ്ങളെ ലക്ഷ്യമിട്ടുള്ള ഒരു നീക്കമായിരുന്നത് ഇപ്പോൾ, വഴങ്ങാത്ത രാജ്യങ്ങളെ ശിക്ഷിക്കുന്നതിനുള്ള പൊതുനയമായി മാറിയിരിക്കുന്നു. ഇത്തരം കേസുകളിലെ മനുഷ്യനഷ്ടം രേഖപ്പെടുത്തിയിട്ടുണ്ട്, എങ്കിലും പലപ്പോഴും അത് ബോധപൂർവ്വം അവഗണിക്കപ്പെടുന്നു. 1990കളിൽ ഇറാഖിൽ, അമേരിക്കയും ബ്രിട്ടണും പിന്തുണച്ച സമഗ്രമായ യുഎൻ ഉപരോധങ്ങൾ, മനുഷ്യനിർമ്മിതമായ ഒരു മാനുഷിക ദുരന്തത്തിലേക്ക് നയിച്ചു. അടുത്തിടെ, വെനിസ്വേലയിൽ അമേരിക്ക നേതൃത്വം നൽകിയ സാമ്പത്തിക ഉപരോധത്തെ സാമ്പത്തിക വിദഗ്ധർ 'കൂട്ടായ ശിക്ഷ'എന്ന് വിശേഷിപ്പിച്ചു. സെന്റർ ഫോർ ഇക്കണോമിക് ആന്റ് പോളിസി റിസേർച്ച് നടത്തിയ ഒരു പഠനം അനുസരിച്ച്, രാജ്യത്തിന്റെ ഭക്ഷ്യ-മരുന്ന് ഇറക്കുമതി ശേഷി തകർത്ത ഈ ഉപരോധങ്ങൾ കാരണം 2017-2018ൽ മാത്രം 40,000ത്തോളം മരണമുണ്ടായി.

ഇതുവരെ, ഈ കൂട്ടക്കൊലയുടെ മുഴുവൻ ആഗോളവ്യാപ്തിയും മറച്ചുവെക്കപ്പെട്ടിരിക്കുന്നു. ഓരോ ദുരന്തത്തെയും ഒറ്റപ്പെട്ട സംഭവമായി കണക്കാക്കാൻ നയരൂപകർത്താക്കളെ അനുവദിക്കുന്ന കേസ് പഠനങ്ങളിലേക്ക് ഇത് തരംതാഴ്ത്തപ്പെട്ടു. എന്നാൽ, നമ്മുടെ ധാരണയിൽ വലിയ മാറ്റം ഉണ്ടായി. ഈ വർഷം 'ദ ലാൻസെറ്റ് ഗ്ലോബൽ ഹെൽത്ത്(The Lancet Global Health)' എന്ന പ്രസിദ്ധീകരണത്തിൽ വന്ന ഒരു സുപ്രധാനപഠനത്തിൽ 1970 മുതൽ 2021 വരെ അന്താരാഷ്ട്ര ഉപരോധങ്ങളുമായി ബന്ധപ്പെട്ട മരണങ്ങളെക്കുറിച്ചുള്ള ആദ്യത്തെ സമഗ്രമായ ആഗോള വിലയിരുത്തൽ വന്നു. ഈ കണക്കിന്റെ വ്യാപ്തി സങ്കല്പിക്കാനാവുന്നതിലും വലുതാണ്, '38 ദശലക്ഷം മരണങ്ങൾ'. പ്രാഥമിക കൊലയാളി യുദ്ധമല്ല; മറിച്ച് സാമ്പത്തികമായ ശ്വാസംമുട്ടിക്കലിന്റെ സാവധാനവും വേദന നിറഞ്ഞതുമായ അനന്തരഫലങ്ങളാണ്: പോഷകാഹാരക്കുറവ്, ജല-ശുചീകരണ സംവിധാനങ്ങളുടെ തകർച്ച, ആരോഗ്യസംരക്ഷണ അടിസ്ഥാനസൗകര്യങ്ങളുടെ പരാജയം എന്നിവയാണവ. ഉപരോധങ്ങളുടെ യുക്തി എന്നത് ആസൂത്രിതമായ ദാരിദ്ര്യസൃഷ്ടിയുടെ യുക്തിമാത്രമാണ്.

ഫിഡൽ കാസ്ട്രോയുടെ ക്യൂബയ്ക്കെതിരായ തന്ത്രം രേഖപ്പെടുത്തിയ, 1960 ഏപ്രിലിലെ, മറനീക്കി പുറത്തുവന്ന യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ ഒരു മെമ്മോറാണ്ടം, ഈ ക്രൂരമായ കണക്കുകൂട്ടൽ വ്യക്തമാക്കുന്നു. 'ക്യൂബയുടെ സാമ്പത്തിക ജീവിതം ദുർബലപ്പെടുത്തുക', 'പണവും സാധനങ്ങളും നിഷേധിക്കുക', ഒപ്പം ഭീതിജനകമായ വ്യക്തതയോടെ 'പട്ടിണി, നിരാശ, സർക്കാർതല അട്ടിമറി' എന്നിവയായിരുന്നു ലക്ഷ്യമെന്ന് അതിൽ പറയുന്നു. ഇറാഖ്, ഇറാൻ, പലസ്തീൻ—ഇവരെല്ലാം ഉപരോധങ്ങൾക്ക് വിധേയരാണ്.

പട്ടിണി അവിചാരിതമല്ല; അത് പ്രധാന പ്രവർത്തന സംവിധാനമാണ്. യുഎസ് ഡോളറിന്റെയും യൂറോയുടെയും ആധിപത്യത്തിലൂടെ ആഗോള സാമ്പത്തികവ്യവസ്ഥയെ നിയന്ത്രിച്ചുകൊണ്ട്—ബാങ്കുകൾക്ക് സാമ്പത്തിക ഇടപാടുകളെക്കുറിച്ചുള്ള വിവരങ്ങൾ സുരക്ഷിതമായി അയയ്ക്കാനും സ്വീകരിക്കാനും കഴിയുന്ന ഒരു ആഗോള സന്ദേശ കൈമാറ്റ ശൃംഖലയാണ് SWIFT (സൊസൈറ്റി ഫോർ വേൾഡ്‌വൈഡ് ഇന്റർബാങ്ക് ഫിനാൻഷ്യൽ ടെലികമ്മ്യൂണിക്കേഷൻ)—കൂടാതെ നിർണായക സാങ്കേതികവിദ്യകളിലേക്കുള്ള പ്രവേശനത്തിലൂടെയും, അമേരിക്കക്കും യൂറോപ്യൻ സാമ്രാജ്യത്വവാദികൾക്കും ഒരു രാജ്യത്തിന്റെ സാമ്പത്തിക ധമനികളെ ഏകപക്ഷീയമായി മുറിച്ചുമാറ്റാൻ കഴിയും. അതിന്റെ ആസ്തികൾ മരവിപ്പിക്കാനും, വ്യാപാരം തടസ്സപ്പെടുത്താനും, സെൻട്രൽ ബാങ്കിനെ സ്തംഭിപ്പിക്കാനും സാധിക്കും. അതിന്റെ ഫലം അതിരൂക്ഷമായ പണപ്പെരുപ്പവും, വാങ്ങൽ ശേഷി ഇല്ലാതാകലും, പൊതുസേവനങ്ങളുടെയും സ്വകാര്യ വിപണികളുടെയും തകർച്ചയുമാണ്. ഒരു അമ്മയ്ക്ക് തന്റെ കുട്ടിക്കായി ഭക്ഷണമോ വയറുകടി ചികിത്സിക്കാൻ മരുന്നോ കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ, അത് പ്രവചനാതീതമായ ഒരു അനന്തരഫലമല്ല. അത് കൃത്യമായ ലക്ഷ്യമാണ്.

ഈ അടിച്ചമർത്തൽ വ്യവസ്ഥ ആധുനിക സാമ്രാജ്യത്വതന്ത്രങ്ങളുടെ അടിത്തറയാണ്. സൈനികരെ വിന്യസിക്കുന്നതിന്റെ രാഷ്ട്രീയ ബാധ്യത ഒഴിവാക്കി അധികാരം പ്രയോഗിക്കാൻ ഇത് അനുവദിക്കുന്നു. സാമ്രാജ്യത്വ ആധിപത്യത്തിന്റെ ബലിപീഠത്തിൽ ഓരോവർഷവും അഞ്ചുലക്ഷം ആളുകൾ ബലിയർപ്പിക്കപ്പെടുന്നു. ഇത് നിയന്ത്രണമില്ലാതെ തുടരാൻ അനുവദിക്കരുത്. തങ്ങളുടെ ഇച്ഛാശക്തി നടപ്പിലാക്കാൻ കുട്ടികളുടെ കൂട്ടപ്പട്ടിണിയെ ആശ്രയിക്കുന്ന ഒരു അന്താരാഷ്ട്രക്രമം നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു ക്രമമല്ല; അതൊരു കുറ്റവാളികളുടെ സംരംഭമാണ്. ദശലക്ഷക്കണക്കിനുള്ള ഈ മരണങ്ങളെ ചുറ്റിപ്പറ്റിയുള്ള മൗനം ഭേദിക്കപ്പെടണം. ക്രൂരമായ ഉപരോധങ്ങളിലൂടെ ജനങ്ങളെ പട്ടിണിക്കിട്ട് കൊല്ലാനുള്ള സാമ്രാജ്യത്വത്തിന്റെ രൂപകൽപ്പനയ്ക്കെതിരെ സംഘടിതമായ പ്രതിഷേധശബ്ദം ഉയർത്തിക്കൊണ്ടായിരിക്കണം അത് നിർവ്വഹിക്കേണ്ടത്. ■

സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്പിലെയും പ്രതിവിപ്ലവത്തെപ്പറ്റി

(8-ാം പേജിൽ നിന്ന്)

വർഗ്ഗങ്ങളുടെയുംമേലുള്ള സർവ്വാധിപത്യം എന്നുതന്നെ തൊഴിലാളിവർഗ്ഗം തുറന്നു പ്രഖ്യാപിക്കുന്നു. വാസ്തവത്തിൽ മുതലാളിത്ത വ്യവസ്ഥിതി തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെ മർദ്ദനസ്വഭാവമുള്ള സർവ്വാധിപത്യമാണ്. കാരണം രാജ്യമെങ്ങുമുള്ള അധ്വാനിക്കുന്ന ബഹുജനങ്ങൾക്കുമേലുള്ള ക്രൂരമായ സർവാധിപത്യമാണ് മുതലാളിത്തം. അതേസമയം മഹാഭൂരിപക്ഷമുള്ള തൊഴിലാളിവർഗ്ഗം ഇതര ചൂഷിത വിഭാഗങ്ങളുമായിചേർന്ന് ഒരുപിടി മുതലാളിമാർക്കുമേൽ നടത്തുന്ന സർവ്വാധിപത്യമാണ് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം. അതിനാൽ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം മുതലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യത്തേക്കാൾ ആയിരം മടങ്ങ് ജനാധിപത്യപരമാണ്. കൂടാതെ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം മനുഷ്യചരിത്രത്തിൽ ആദ്യമായി വർഗ്ഗവിഭജനത്തെയും വർഗ്ഗഭരണത്തെ തന്നെയും ഇല്ലാതാക്കാനുള്ള മാർഗ്ഗം തുറന്നിടുന്നു. അതൊരു അന്തരാളഘട്ടമാണ്. ഭരണകൂടം കൊഴിഞ്ഞുപോകുന്നതോടെ അതവസാനിക്കും. അങ്ങനെ വർഗ്ഗപരമായ അടിച്ചമർത്തലുകളുടെ അവസാനശേഷിപ്പുകളിൽനിന്നും മുഴുവൻ മനുഷ്യരാശിയും മുക്തമാകും. പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പുവരുത്തി എല്ലാ മാനുഷിക ശേഷികളുടെയും തികച്ചും സ്വതന്ത്രമായ വികാസത്തിന് സാഹചര്യമൊരുക്കും. മറ്റെല്ലാ രൂപങ്ങളിലുമുള്ള വർഗ്ഗഭരണത്തിൽനിന്നും ഗുണപരമായും പ്രകടമായും വ്യത്യസ്തമായ തൊഴിലാളിവർഗ്ഗ സർവാധിപത്യം മനുഷ്യ സംസ്കൃതിയുടെ ചരിത്രത്തിൽ അനാദൃശ്യമായ പങ്കാണ് വഹിക്കുന്നത്.

സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ജനാധിപത്യത്തിന്റെ എക്കാലത്തെയും വിപുലമായ വളർച്ച സാധ്യമാക്കിയത് തൊഴിലാളിവർഗ്ഗ സർവാധിപത്യമാണ്. യൂറോപ്പിലെ ഏറ്റവും പിന്നോക്കമായിരുന്ന രാജ്യമെന്ന നിലയിൽനിന്ന് സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയറ്റ് റഷ്യ ഏറ്റവും വലിയ വ്യാവസായിക-രാഷ്ട്രീയ- സൈനികശക്തിയായി മാറിയ അതിശയകരമായ നേട്ടം സാധ്യമായത് തൊഴിലാളിവർഗ്ഗ സർവാധിപത്യത്തിന്റെ ഉറച്ച അടിത്തറ ഉള്ളതുകൊണ്ടുമാത്രമാണ്. വീണ്ടും മനുഷ്യരാശിയുടെ കൊടിയശത്രുവായ ഫാസിസത്തിനെതിരായ സൈനിക വിജയത്തിലെത്തിച്ച സോവിയറ്റ് ജനതയുടെ മഹത്തായ ഉയർച്ചക്ക് കാരണം തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻകീഴിലെ തൊഴിലാളിവർഗ്ഗ ജനാധിപത്യത്തിന്റെ പ്രവർത്തനം കൊണ്ടായിരുന്നു. മഹാനായ സ്റ്റാലിൻ നേതൃത്വം നൽകിയ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ ഉറച്ച അടിത്തറ ആധാരമാക്കി സോവിയറ്റ് ജനതയിൽ സോഷ്യലിസ്റ്റ് സ്പിരിറ്റും മുൻകൈയും ഊർജ്ജവും ഉണർത്താൻകഴിഞ്ഞതുകൊണ്ടുമാത്രമാണ് എല്ലാം ചുട്ടെരിച്ച യുദ്ധത്തിന്റെ ചാരക്കൂനയിൽനിന്ന് അതിശയകരമായ വിധത്തിൽ ഉയിർത്തെഴുന്നേൽക്കാനും ലോക രാഷ്ട്രീയത്തിൽ മുൻപന്തിയിൽ വരാനും സോവിയറ്റ് യൂണിയന് സാദ്ധ്യമാക്കിത്തീർത്ത പുനർനിർമ്മാണം നടത്താൻ കഴിഞ്ഞത്. ■

സൈദ്ധാന്തിക പാഠം

പദാർത്ഥത്തെക്കുറിച്ച് ദ്വന്ദ്വാത്മകഭൗതികവാദം മുന്നോട്ടുവയ്ക്കുന്ന ആധുനിക സങ്കല്പം

ആകമാനവീക്ഷണത്തിൽ ചലനമോ മാറ്റമോ ഇല്ലാത്ത സ്ഥിരാവസ്ഥയിൽ പ്രപഞ്ചത്തെ കാണുന്ന അതിഭൗതികവാദത്തിനു വിപരീതമായി, ചലനത്തിലും മാറ്റത്തിലുമുള്ള ഒന്നായി വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദം പ്രപഞ്ചത്തെ കാണുന്നു. ഈ ചലനത്തിനു കാരണമെന്ന നിലയിൽ ഈ പദാർത്ഥനിഷ്ഠലോകം വൈരുദ്ധ്യത്തിലാണ് നിലകൊള്ളുന്നതെന്ന് അതു സ്ഥാപിക്കുന്നു. വൈരുദ്ധ്യത്തെക്കുറിച്ച് ഏംഗൽസിന്റെയും മാവോ സെ തുങ്ങിന്റെയും കൃതികളിൽനിന്നുള്ള ഏതാനും ഭാഗങ്ങൾ അവതരിപ്പിക്കുന്നു.

***ദ്യൂറിംഗിനെതിരെ* എന്ന ഏംഗൽസിന്റെ കൃതിയിലെ ഒന്നാംഭാഗം 12-ാം അധ്യായത്തിൽനിന്ന്:**

"വസ്തുക്കൾ നിശ്ചലാവസ്ഥയിലും നിർജീവാവസ്ഥയിലുമാണെന്നു ധരിച്ച്, ഓരോന്നിനെയും പ്രത്യേകമായെടുത്ത്, സമാന്തരമായും ഒന്നിനു പിറകെ ഒന്നായും പരിഗണിക്കുകയാണെങ്കിൽ അവയിലെ ഒരു വൈരുദ്ധ്യവും നമ്മുടെ മുന്നിൽ പെടില്ല. ഭാഗികമായി പൊതുവായിട്ടുള്ളതും ഭാഗികമായി വ്യത്യസ്തവും പരസ്പരവിരുദ്ധം പോലുമായ ചില ഗുണങ്ങളാകും നാം കാണുക. എന്നാൽ, ഇക്കാര്യത്തിൽ ഇവ വ്യത്യസ്ത വസ്തുക്കളിലായി വിഭജിക്കപ്പെട്ടിട്ടുള്ളതിനാൽ അവയിൽ യാതൊരു ആന്തരിക വൈരുദ്ധ്യവുമുള്ളതായി തോന്നുകയില്ല. ഈ നിരീക്ഷണമണ്ഡലത്തിന്റെ പരിധിക്കുള്ളിൽ, സാധാരണ അതിഭൗതികവാദചിന്താരീതിയുടെ അടിസ്ഥാനത്തിൽ നമുക്കു മുന്നോട്ടു പോകാൻ കഴിയും. പക്ഷേ, വസ്തുക്കളെ അവയുടെ ചലനത്തിലും മാറ്റത്തിലും നിലനിൽപ്പിലും പരസ്പരസ്വാധീനത്തിലുംപരിശോധിക്കാൻതുടങ്ങുന്നതോടെ ഈ സ്ഥിതി ആകെ വ്യത്യസ്തമാകും. തൽക്ഷണംതന്നെ നാം വൈരുദ്ധ്യങ്ങളിൽ ചെന്നുപെടും. ചലനമെന്നതു തന്നെ ഒരു വൈരുദ്ധ്യമാണ്. ഒരു വസ്തു ഒരു നിമിഷത്തിൽത്തന്നെ ഒരു സ്ഥലത്തും മറ്റൊരു സ്ഥലത്തുമായിരിക്കുന്നതിലൂടെ മാത്രമേ, ഒരു സ്ഥലത്തായിരിക്കുകയും അവിടെ അല്ലാതിരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ, വെറും ബലതന്ത്രപരമായ സ്ഥാനമാറ്റം പോലും ഉണ്ടാകൂ. ഈ വൈരുദ്ധ്യത്തിന്റെ തുടർച്ചയായ രൂപീകരണവും തൽസമയമുള്ള പരിഹാരവുമാണ് യഥാർത്ഥത്തിൽ ചലനമെന്നത്.

ആയതിനാൽ, ഇവിടെ 'വസ്തുക്കളിലും പ്രക്രിയകളിലും വസ്തുനിഷ്ഠമായി നിലകൊള്ളുന്നതും വേണമെങ്കിൽ സമൂർത്തരൂപത്തിലുള്ളത് (corporeal form) എന്നു വിളിക്കാവുന്ന' ഒരു വൈരുദ്ധ്യമാണ് നമ്മുടെ മുന്നിലുള്ളത്..."

മാവോ സെതുങ്ങിന്റെ *വൈരുദ്ധ്യത്തെക്കുറിച്ച്* എന്ന കൃതിയിൽ നിന്ന്:

"വൈരുദ്ധ്യത്തിന്റെ സാർവ്വലൗകികതയ്ക്കും കേവലത്വത്തിനും രണ്ടു തരത്തിലുള്ള അർത്ഥമാണുള്ളത്. എല്ലാ വസ്തുക്കളുടെയും വികാസപ്രക്രിയയിൽ വൈരുദ്ധ്യം നിലകൊള്ളുന്നുവെന്നതാണ് ഒന്നാമത്തേത്. ഓരോ വസ്തുവിന്റെയും വികാസപ്രക്രിയയിൽ തുടക്കം മുതൽ ഒടുക്കം വരെ വിപരീതങ്ങളുടെ ഒരു ചലനം നിലനില്ക്കുന്നു എന്നതാണ് രണ്ടാമത്തേത്.

ഏംഗൽസ് പറഞ്ഞു, "ചലനമെന്നതുതന്നെ ഒരു വൈരുദ്ധ്യമാണ്". വിപരീതങ്ങളുടെ ഐക്യം എന്ന നിയമത്തെ ലെനിൻ നിർവ്വചിക്കുന്നത് 'പ്രകൃതിയുടെ എല്ലാ പ്രതിഭാസങ്ങളിലും പ്രക്രിയകളിലുമുള്ള (മനസ്സും സമൂഹവുമുൾപ്പടെ) പരസ്പരവിരുദ്ധവും അന്യോന്യം ചേർന്നുപോകാത്തതും വിപരീതവുമായ പ്രവണതകളെ അംഗീകരിക്കൽ (കണ്ടെത്തൽ)' എന്നാണ്. ഈ ആശയങ്ങൾ ശരിയാണോ? തീർച്ചയായും അതെ. എല്ലാ വസ്തുക്കളിലും നിലനില്ക്കുന്ന വിരുദ്ധഘടകങ്ങളുടെ പരസ്പരാശ്രിതത്വവും ഈ ഘടകങ്ങൾ തമ്മിലുള്ള സമരവുമാണ് ആ വസ്തുക്കളുടെയെല്ലാം നിലനില്പിനെ നിർണ്ണയിക്കുന്നതും അവയുടെ മുന്നോട്ടുള്ള വികാസത്തെ തള്ളിവിടുന്നതും. വൈരുദ്ധ്യം അടങ്ങിയിട്ടില്ലാത്ത ഒന്നുമില്ല; വൈരുദ്ധ്യമില്ലാതെ ഒന്നിനും നിലനില്പില്ല.

ലളിതരൂപത്തിലുള്ള ചലനത്തിന്റെ (ഉദാഹരണത്തിന്, ബലതന്ത്രപരമായ ചലനം) അടിസ്ഥാനം വൈരുദ്ധ്യമാണ്, സങ്കീർണ്ണമായ ചലനങ്ങളുടെയും അതുതന്നെ.

വൈരുദ്ധ്യത്തിന്റെ സാർവ്വലൗകികതയെ ഏംഗൽസ് വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

വെറും ബലതന്ത്രപരമായ സ്ഥാനമാറ്റത്തിൽ ഒരു വൈരുദ്ധ്യം അടങ്ങിയിട്ടുണ്ടെന്നത് ശരിയാണെങ്കിൽ പദാർത്ഥചലനത്തിന്റെ ഉന്നതരൂപങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് കാർബണിക ജീവിതത്തെയും അതിന്റെ വളർച്ചയെയും സംബന്ധിച്ചിടത്തോളം, അത് എത്രയോ കൂടുതൽ ശരിയായിരിക്കണം. പ്രാഥമികയായും യഥാർത്ഥത്തിലും ജീവൻ ഇതിൽത്തന്നെയാണ് അടങ്ങിയിട്ടുള്ളതെന്ന്- ഒരു നൊടിയിൽ ഒരു ജീവി അതായിരിക്കുമ്പോൾത്തന്നെ മറ്റെന്തോ കൂടിയാണെന്ന് നാം നേരത്തേ കണ്ടുകഴിഞ്ഞല്ലോ. അതിനാൽ, ജീവൻ എന്നത് വസ്തുക്കളിലും പ്രക്രിയകളിലും തന്നെയുള്ളതും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുകയും സ്വയം പരിഹരിക്കുകയും ചെയ്യുന്നതുമായ ഒരു വൈരുദ്ധ്യമാണ്, ഈ വൈരുദ്ധ്യം അവസാനിച്ചാലുടൻ ജീവിതം അവസാനിക്കുകയും മരണം കടന്നെത്തുകയും ചെയ്യും. അതുപോലെ ചിന്താമണ്ഡലത്തിലും നമുക്ക് വൈരുദ്ധ്യങ്ങളിൽനിന്നു രക്ഷപ്പെടാനാവില്ലെന്ന സംഗതിയും കണ്ടുകഴിഞ്ഞല്ലോ. ഉദാഹരണത്തിന്, മനുഷ്യരുടെ സഹജമായ, പരിധിയില്ലാത്ത വിജ്ഞാനാർജ്ജനശേഷിയും ബാഹ്യപരിമിതികൾക്കുള്ളിൽ, പരിമിതവിജ്ഞാനം കൈമുതലാക്കിയ ആളുകളിൽ അതിന്റെ യഥാർത്ഥ സാന്നിധ്യവും തമ്മിലുള്ള വൈരുദ്ധ്യം പരിഹരിക്കപ്പെടുന്നത് നമ്മെ സംബന്ധിച്ചിടത്തോളമെങ്കിലും പ്രായോഗികമായി, തലമുറകളുടെ അനന്തമായ പിന്തുടർച്ചയിലും അപരിമേയമായ പുരോഗതിയിലുമാണ്.

...ചില സാഹചര്യങ്ങളിൽ നേർവരകളും വളഞ്ഞ വരകളും ഒന്നുതന്നെ ആയേക്കാമെന്ന വൈരുദ്ധ്യമാണ് ഉന്നതഗണിതശാസ്ത്രത്തിന്റെ അടിസ്ഥാനതത്ത്വങ്ങളിലൊന്ന്...എന്നാൽപ്രാഥമികഗണിതത്തിലും വൈരുദ്ധ്യങ്ങൾ ഒട്ടും കുറവല്ല.

ലെനിൻ വൈരുദ്ധ്യത്തിന്റെ സാർവ്വലൗകികതയെ വ്യക്തമാക്കുന്നതിങ്ങനെയാണ്:

ഗണിതത്തിൽ: കൂട്ടലും(+) കുറയ്ക്കലും(-). ഡിഫറൻഷ്യലും ഇന്റഗ്രലും. ബലതന്ത്രത്തിൽ:പ്രവർത്തനവും പ്രതിപ്രവർത്തനവും. ഭൗതികത്തിൽ: പോസിറ്റീവും നെഗറ്റീവും ചാർജ്ജ്. രസതന്ത്രത്തിൽ: ആറ്റങ്ങളുടെ സംയോജനവും വിശ്ലേഷണവും. സാമൂഹികശാസ്ത്രത്തിൽ: വർഗ്ഗസമരം.

യുദ്ധത്തിൽ, ആക്രമണവും പ്രതിരോധവും, മുന്നേറ്റവും പിൻവാങ്ങലും, ജയവും പരാജയവും ഇവയെല്ലാം പരസ്പരം വിരുദ്ധങ്ങളായ പ്രതിഭാസങ്ങളാണ്. ഒന്ന് മറ്റൊന്നില്ലാതെ നിലനില്ക്കില്ല. രണ്ടു ഘടകങ്ങളും ഒരേ സമയം തന്നെ സംഘർഷത്തിലും പരസ്പരാശ്രിതത്വത്തിലുമാണ്. ഇതാണ് യുദ്ധത്തിന്റെ സമഗ്രതയെ സൃഷ്ടിക്കുന്നതും അതിന്റെ വികാസത്തെ മുന്നോട്ടു തള്ളുന്നതും പ്രശ്നങ്ങൾ പരിഹരിക്കുന്നതും.

മനുഷ്യരുടെ ധാരണകളിലെ ഓരോ വിയോജിപ്പും ഒരു വസ്തുനിഷ്ഠവൈരുദ്ധ്യത്തെ പ്രതിഫലിപ്പിക്കുന്നതായി പരിഗണിക്കേണ്ടതാണ്. വസ്തുനിഷ്ഠവൈരുദ്ധ്യം ആത്മനിഷ്ഠചിന്തയിൽ പ്രതിഫലിക്കുകയും ഈ പ്രക്രിയ ധാരണകളുടെ വിപരീതചലനങ്ങളെ രൂപീകരിക്കുകയും ചിന്തയുടെ വികാസത്തെ മുന്നോട്ടു തള്ളുകയും മനുഷ്യചിന്തയിലെ പ്രശ്നങ്ങളെ നിരന്തരം പരിഹരിക്കുകയും ചെയ്യുന്നു.

വ്യത്യസ്തങ്ങളായ ആശയങ്ങൾ തമ്മിലുള്ള എതിർപ്പും സംഘർഷവും പാർട്ടിയിൽ സ്ഥിരമായി രൂപമെടുക്കും; വർഗ്ഗങ്ങൾ തമ്മിലും സമൂഹത്തിലെ പുതിയതും പഴയതും തമ്മിലുമുള്ള പാർട്ടിക്കുള്ളിലെ വൈരുദ്ധ്യങ്ങളുടെ പ്രതിഫലനമാണിത്. പാർട്ടിക്കുള്ളിൽ വൈരുദ്ധ്യങ്ങളോ അവയെ പരിഹരിക്കാനുള്ള പ്രത്യയശാസ്ത്രസമരങ്ങളോ ഉണ്ടാകുന്നില്ലെങ്കിൽ പാർട്ടിയുടെ ജീവൻ അവസാനിക്കും.

ലളിതമോ സങ്കീർണ്ണമോ ആയ ചലനരൂപങ്ങളിലോ വസ്തുനിഷ്ഠപ്രതിഭാസങ്ങളിലോ പ്രത്യയശാസ്ത്രപ്രതിഭാസങ്ങളിലോ ആയി വൈരുദ്ധ്യം സാർവ്വത്രികമായി എല്ലാ പ്രക്രിയകളിലും നിലനില്ക്കുന്നുവെന്ന് ഇതിനോടകം വ്യക്തമായല്ലോ. പക്ഷെ, ഓരോ പ്രക്രിയയുടെയും ആദ്യഘട്ടത്തിൽ വൈരുദ്ധ്യം നിലനില്ക്കുന്നുണ്ടോ? ഓരോ പ്രത്യേക വസ്തുവിന്റെയും തുടക്കം മുതൽ ഒടുക്കം വരെയുള്ള വികാസപ്രക്രിയയിൽ വിപരീതങ്ങളുടെ ചലനം ഉണ്ടാകുന്നുണ്ടോ?

ഇതിനെ വിമർശിച്ചുകൊണ്ട് സോവിയറ്റ് തത്വചിന്തകർ എഴുതിയ ലേഖനങ്ങളിൽ കാണുന്നതുപോലെ, ഒരു പ്രക്രിയയുടെ രൂപീകരണഘട്ടത്തിലല്ല മറിച്ച്, അത് ഒരു നിശ്ചിതഘട്ടത്തിലേക്കു വികസിച്ചതിനുശേഷം മാത്രമാണ് വൈരുദ്ധ്യം പ്രത്യക്ഷപ്പെടുന്നത് എന്നു ദെബോറിൻ സ്കൂളിൽപ്പെട്ടവർ വിശ്വസിക്കുന്നു. ഇതാണു ശരിയെങ്കിൽ ആ ഘട്ടത്തിനുമുമ്പ് പ്രക്രിയയുടെ വികാസത്തിന്റെ ഹേതു ബാഹ്യമായിരിക്കും, ആന്തരികമായിരിക്കില്ല. ദെബോറിൻ അങ്ങനെ, യന്ത്രികഘടനയുടെയും ബാഹ്യകാരണങ്ങളുടെയും അതിഭൗതികവാദപരമായ സിദ്ധാന്തങ്ങളിലേക്കു പിൻതിരിയുന്നു. വസ്തുനിഷ്ഠപ്രശ്നങ്ങളുടെവിശകലനത്തിൽ ഈ കാഴ്ച്ചപ്പാട് ഉപയോഗിച്ചുകൊണ്ട് ദെബോറിൻ സ്കൂൾ, സോവിയറ്റ് യൂണിയനിലെ നിലവിലുള്ള സാഹചര്യങ്ങളിൽ കുലാക്കുകളും കർഷകരും തമ്മിൽ പൊതുവായി വ്യത്യാസങ്ങൾ മാത്രമേ കാണുന്നുള്ളൂ, വൈരുദ്ധ്യങ്ങൾ കാണുന്നില്ല. അങ്ങനെ ബുഖാരിനുമായി സമ്പൂർണ്ണമായി യോജിക്കുന്നു. ഫ്രഞ്ച് വിപ്ലവത്തെ വിശകലനം ചെയ്യുമ്പോൾ അവർ അതുപോലെ, തൊഴിലാളികളും കർഷകരും ബൂർഷ്വാസിയും ഉൾപ്പെടുന്ന മൂന്നാം എസ്റ്റേറ്റിനുള്ളിൽ വിപ്ലവത്തിനുമുമ്പ് വ്യത്യാസങ്ങൾ മാത്രമേയുള്ളൂ വൈരുദ്ധ്യങ്ങളില്ല എന്നാണു കരുതുന്നത്. ദെബോറിൻ സ്കൂളിന്റെ ഈ കാഴ്ച്ചപ്പാട് മാർക്സിസ്റ്റ് വിരുദ്ധമാണ്. ഓരോ വ്യത്യാസവും വൈരുദ്ധ്യങ്ങളെ ഉൾക്കൊള്ളുന്നുവെന്നും ആ വ്യത്യാസങ്ങൾതന്നെ വൈരുദ്ധ്യങ്ങളാണെന്നും അവർ മനസ്സിലാക്കുന്നില്ല. അദ്ധ്വാനവും മൂലധനവും തമ്മിൽ ഈ രണ്ടു വർഗ്ഗങ്ങൾ നിലവിൽവന്ന കാലംമുതൽ വൈരുദ്ധ്യത്തിലാണ്, ആദ്യഘട്ടങ്ങളിൽ വൈരുദ്ധ്യം മൂർച്ഛിച്ചിരുന്നില്ല എന്നുമാത്രം. സോവിയറ്റ് യൂണിയനിലെ നിലനില്ക്കുന്ന സാമൂഹിക സാഹചര്യങ്ങളിൽപ്പോലും തൊഴിലാളികളും കർഷകരും തമ്മിൽ വ്യത്യാസങ്ങളുണ്ട്, ഈ വ്യത്യാസങ്ങൾതന്നെ ഒരു വൈരുദ്ധ്യമാണ്. അദ്ധ്വാനവും മൂലധനവും തമ്മിലുള്ള വൈരുദ്ധ്യത്തിൽനിന്നു വ്യത്യസ്തമായി ഇത് ശത്രുതാപരമായി തീവ്രമാകുകയോവർഗ്ഗസമരത്തിന്റെ രൂപമാർജ്ജിക്കുകയോ ചെയ്യുന്നില്ല; സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ പ്രക്രിയയിൽ തൊഴിലാളികളും കർഷകരും ശക്തമായ ഒരു മുന്നണി സൃഷ്ടിക്കുകയും സോഷ്യലിസത്തിൽനിന്ന് കമ്മ്യൂണിസത്തിലേക്കുള്ള മുന്നേറ്റത്തിൽ ഈ വൈരുദ്ധ്യത്തെ ക്രമേണ പരിഹരിച്ചുകൊണ്ടിരിക്കുകയുമാണ്. വ്യത്യസ്തതരം വൈരുദ്ധ്യങ്ങളിലൊന്ന് എന്നതാണ് പ്രശ്നം, വൈരുദ്ധ്യങ്ങളുടെ സാന്നിധ്യമോ അഭാവമോ എന്നതല്ല. വൈരുദ്ധ്യം സാർവ്വലൗകികവും കേവലവുമാണ്, എല്ലാ വസ്തുക്കളുടെയും വികാസപ്രക്രിയയിൽ അതു നിലകൊള്ളുകയും എല്ലാ പ്രക്രിയകളുടെയും തുടക്കം മുതൽ ഒടുക്കംവരെ വ്യാപിക്കുകയും ചെയ്യുന്നു.

ഒരു പുതിയ പ്രക്രിയയുടെ ആവിർഭാവം എന്നാലെന്താണ്? പഴയ ഐക്യം അതിന്റെ ഘടകങ്ങളായ വിപരീതങ്ങളോടെ പുതിയ വിപരീതഘടകങ്ങളുമായി പുതിയൊരു ഐക്യത്തിനു വഴിമാറുന്നു, അങ്ങനെ പഴയ പ്രക്രിയയെ മാറ്റിക്കൊണ്ട് പുതിയ ഒന്ന് പ്രത്യക്ഷപ്പെടുന്നു. പഴയ പ്രക്രിയ അവസാനിക്കുകയം പുതിയ ഒന്ന് തുടങ്ങുകയും ചെയ്യുന്നു. പുതിയ പ്രക്രിയ പുതിയ വൈരുദ്ധ്യങ്ങളെ ഉൾക്കൊള്ളുകയും വൈരുദ്ധ്യങ്ങളുടെ വികാസത്തിന്റെ, അതിന്റേതായ ചരിത്രം തുടങ്ങുകയും ചെയ്യും.

ലെനിൻ ചൂണ്ടിക്കാട്ടിയപോലെ, മാർക്സ് മൂലധനത്തിൽ, വസ്തുക്കളുടെ തുടക്കം മുതൽ ഒടുക്കംവരെയുള്ള വികാസപ്രക്രിയയിലൂടെ, വിപരീതങ്ങളുടെ ചലനത്തെക്കുറിച്ചുള്ള വിശകലനം അവതരിപ്പിച്ചു. എല്ലാ വസ്തുക്കളുടെയും വികാസത്തെ പഠിക്കുന്നതിൽ ഉപയോഗിക്കേണ്ട രീതിയിതാണ്. ലെനിനും ഈ രീതി പ്രയോഗിക്കുകയും അദ്ദേഹത്തിന്റെ എല്ലാ കൃതികളിലും ഉപയോഗിക്കുകയും ചെയ്തു." ■

'വിദ്യാർത്ഥികളുടെയും യുവാക്കളുടെയും കർത്തവ്യങ്ങൾ'

സഖാവ് ശിബ്ദാസ് ഘോഷിന്റെ പ്രസംഗത്തിന്റെ 50-ാം വാർഷികം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ വിദ്യാർത്ഥികളും യുവാക്കളും നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെയും ഫ്യൂഡൽ മാമൂലുകൾക്കെതിരെയും സന്ധിരഹിതം പൊരുതുവാൻ നിർഭയരായി വിദ്യാർത്ഥികളും യുവാക്കളും കടന്നുവന്നു. നേതാജി സുഭാഷ്ചന്ദ്ര ബോസ്, ഭഗത്സിംഗ്, ഖുദിറാം ബോസ്, പ്രീതിലത വദ്ദേദാർ തുടങ്ങിയ യുവാക്കൾ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ അനശ്വരരായ പ്രതിനിധികളായി മാറി. ശരത്ചന്ദ്ര ചാറ്റർജിയെയും ക്വാസി നസ്രുൾ ഇസ്ലാമിനെയും പോലെയുള്ള മഹാരഥന്മാരുടെ രചനകൾ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സമർപ്പിതരായി പ്രവർത്തിക്കുവാൻ യുവജനതയെ പ്രചോദിതരാക്കി.

സ്വതന്ത്ര ഇന്ത്യയിൽ അധികാരത്തിലേറിയ മുതലാളിത്ത ഭരണകൂടം സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ സ്വപ്നങ്ങളും ആഗ്രഹങ്ങളും തെല്ലും പരിഗണിച്ചില്ല. പട്ടിണിയും ദാരിദ്ര്യവും വിദ്യാരാഹിത്യവും തൊഴിലില്ലായ്മയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും മേലുള്ള അതിക്രമങ്ങളും തുടർന്നുവന്നു. രാഷ്ട്രീയ-സാമൂഹിക- സാംസ്കാരിക ജീവിതത്തിൽ ഈ പ്രതിസന്ധികൾ പ്രതിഫലിച്ചു. ഇത്തരമൊരു അവസ്ഥയിലാണ് 1975ൽ ഒറീസയിലെ കട്ടക്കിൽവെച്ച് എഐഡിഎസ്ഒയുടെ രണ്ടാം അഖിലേന്ത്യാ സമ്മേളനം നടക്കുന്നത്. പ്രസ്തുത സമ്മേളനത്തിലെ പ്രതിനിധികളെ അഭിസംബോധന ചെയ്തുകൊണ്ട് മാർക്സിസ്റ്റ് ആചാര്യനും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ അനുരഞ്ജന സമരധാരയിൽ ഉൾപ്പെട്ട വിപ്ലവകാരിയും എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷ് നടത്തിയ പ്രസംഗം, ഈ ഘട്ടത്തിൽ വിദ്യാർത്ഥികൾക്കും യുവാക്കൾക്കും മാർഗ്ഗദർശകമായിരുന്നു. 'വിദ്യാർത്ഥികളുടെയും യുവാക്കളുടെയും കർത്തവ്യങ്ങൾ' എന്ന പേരിൽ പ്രസ്തുത പ്രസംഗം പ്രസിദ്ധീകൃതമായി.

ഇന്ത്യൻസ്വാതന്ത്ര്യസമരത്തിലെഅനുരഞ്ജന സമരധാരയുടെ തുടർച്ച സൃഷ്ടിച്ചുകൊണ്ട് മുതലാളിത്ത ചൂഷണവാഴ്ചയ്ക്ക് അറുതിവരുത്തുവാനും സാമൂഹിക മാറ്റത്തിനായി ബോധപൂർവമായി പ്രവർത്തിക്കുവാനും പ്രാപ്തമായ വിപ്ലവ ജീവിതം സ്വീകരിക്കുവാൻ ആയിരക്കണക്കിന് വിദ്യാർത്ഥികളെയും യുവാക്കളെയും പ്രചോദിപ്പിച്ച പ്രസംഗമായിരുന്നു അത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ, ഖുദിറാമിന്റെയും ഭഗത് സിംഗിന്റെയും നേതാജിയുടെയും പിന്മുറക്കാർക്ക് ദിശകാട്ടുന്നതായിരുന്നു ചരിത്ര പ്രധാനമായ ആ പ്രസംഗം. അതിന്റെ ഉപസംഹാരത്തിൽ അദ്ദേഹം പറഞ്ഞു: "ഒരു പ്രത്യയശാസ്ത്രത്തിനും ആദർശത്തിനും വേണ്ടി ആത്മത്യാഗം നടത്താൻ തയ്യാറാകുന്നവർ - പ്രസന്നചിത്തരായ യുവാക്കളും വിദ്യാർത്ഥികളും-അവർ പ്രാരംഭഘട്ടത്തിൽ അധികം പേരുണ്ടാവില്ല. അവർ കുറച്ചുപേർ മാത്രമായിരിക്കും. സാമൂഹ്യവളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും എല്ലാ രാജ്യങ്ങളിലും വിദ്യാർത്ഥികളും യുവാക്കളുമാണ്വിപ്ലവപ്രത്യയശാസ്ത്രത്താൽ സ്വാധീനിക്കപ്പെട്ട് ആവേശഭരിതരായി ജനങ്ങളുടെ ഇടയിലേക്ക് പോകാനും അവരെ ഉണർത്താനും ആയിരങ്ങളായി സംഘടിപ്പിക്കാനും അവരുടെ രാഷ്ട്രീയാധികാരം സൃഷ്ടിക്കാൻ സഹായിക്കാനും അർപ്പണ മനോഭാവത്തോടെ മുന്നോട്ടു വരുന്നത്. അപ്പോൾ ജനങ്ങൾക്ക് പ്രവൃത്തിയുടേതായ സമയം വരുന്നു - നാമതിനെ വിപ്ലവമെന്ന് വിളിക്കുന്നു. അതിന് മുൻപ്, നിങ്ങൾക്ക് ദുഷ്കരവും ശ്രമസാദ്ധ്യവുമായ - വേദനാപൂർണ്ണമെങ്കിലും ആനന്ദകരമായ - നിരവധി പടവുകൾ കയറേണ്ടതായിട്ടുണ്ട്. ഞാൻ തീർത്തു പറയുന്നു, ഇതാണ് ആനന്ദകരവും മഹനീയവുമായ മാർഗ്ഗം. അതെ, ഈ വിധത്തിൽ പൊരുതുക. ചിലപ്പോൾ വേദനാകരമായേക്കാം, ചിലപ്പോൾ ദുരിതപൂർണ്ണവും; പക്ഷേ, സംശയമില്ല, ഒരു ജീവിതം നയിക്കാനുള്ള അഭിമാനാർഹമായ മാർഗ്ഗമിതാണ്. ഇവിടെ ഈ സമരത്തിൽ നിങ്ങൾ മരിച്ചേക്കാം. പക്ഷേ, നിങ്ങൾ അഭിമാനത്തോടെ മരിക്കും, ശിരസ്സുയർത്തിപ്പിടിച്ചുകൊണ്ട്."

1975ൽ ഒറീസ്സയിലെ കട്ടക്കിൽ നടന്ന എഐഡിഎസ്ഒയുടെ രണ്ടാം അഖിലേന്ത്യാ സമ്മേളനത്തെ അഭിസംബോധനം ചെയ്തുകൊണ്ട് സമുന്നത മാർക്സിസ്റ്റ് ചിന്തകൻ സഖാവ് ശിബ്ദാസ് ഘോഷ് നടത്തിയ ചരിത്ര പ്രധാനമായ പ്രസംഗം 50 വർഷം പിന്നിടുകയാണ്. വിദ്യാർത്ഥികളും യുവാക്കളും ഏറ്റെടുക്കേണ്ട ചരിത്രദൗത്യത്തെ ഉദ്ഘോഷിച്ച കട്ടക്ക് പ്രസംഗം അളവറ്റ പ്രചോദനത്തിന്റെ ഉറവിടമായി നിലകൊള്ളുന്നു.

കട്ടക്ക് വിദ്യാർത്ഥി സമ്മേളനത്തിലെ പ്രതിനിധികളെ മാത്രമല്ല, രാജ്യമെമ്പാടും നിരവധി യുവാക്കൾക്ക് വിപ്ലവ ജീവിതം സ്വീകരിക്കാൻ ഈ പ്രസംഗം പ്രേരണയായി. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ യുവജനങ്ങൾക്ക് മാർഗ്ഗദീപമായ ഈ പ്രസംഗത്തിന്റെ 50 വർഷങ്ങൾ ആചരിച്ചുകൊണ്ട് 2025 ഒക്ടോബർ 30ന് കട്ടക്കിലെ കലാ വികാസ് കേന്ദ്രയിൽ എഐഡിഎസ്ഒ വിദ്യാർത്ഥി കൺവൻഷൻ സംഘടിപ്പിച്ചു. 50 വർഷങ്ങൾക്കുമുമ്പ് എഐഡിഎസ്ഒയുടെ രണ്ടാം അഖിലേന്ത്യാ സമ്മേളനത്തിന്റെ പൊതുസമ്മേളനത്തിന് വേദിയായ ഗോപബന്ധു ബാഗിൽ വെച്ച് ഒറീസയിലെ നവോത്ഥാന നായകരിലൊരാളായ ഉത്കലമണി ഗോപബന്ധു ദാസിന്റെ പ്രതിമയിൽ എഐഡിഎസ്ഒ സെൻട്രൽ കൗൺസിൽ നേതാക്കൾ പുഷ്പാർച്ചന നടത്തി. തുടർന്ന് കലാവികാസ് കേന്ദ്രയിൽ നടന്ന കൺവൻഷനിൽ എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ അംഗം ചണ്ഡിദാസ് ഭട്ടാചാര്യ മുഖ്യപ്രസംഗം നടത്തി. എഐഡിഎസ്ഒ നാഷണൽ പ്രസിഡന്റ് സൗരവ് ഘോഷ് അധ്യക്ഷത വഹിച്ചു. 'വിദ്യാർത്ഥികളുടെയും യുവാക്കളുടെയും കർത്തവ്യങ്ങൾ' ഉൾപ്പടെ ശാസ്ത്രീയ വിദ്യാഭ്യാസത്തിനും വിദ്യാർത്ഥി സമരങ്ങൾക്കും ദിശാസൂചകമായ, സഖാവ് ശിബ്ദാസ് ഘോഷിന്റെ തിരഞ്ഞെടുത്ത പ്രസംഗങ്ങളും ലേഖനങ്ങളുമടങ്ങിയ 'ദ ടൈം കോൾസ്' എന്ന പുസ്തകം സഖാവ് ശങ്കർദാസ് ഗുപ്ത പ്രകാശനം ചെയ്തു.

എഐഡിഎസ്ഒ മുൻ അഖിലേന്ത്യാ നേതാവ് ഡോ.ദ്വാരികാനാഥ് രത്ത്, എഐഡിഎസ്ഒ ജനറൽ സെക്രട്ടറി ശിബാശിഷ് പ്രഹരാജ്, ഒറീസ സംസ്ഥാന പ്രസിഡന്റ് സിദ്ധാർത്ഥ് രത്ത്, സെക്രട്ടറി സോമനാഥ് ബഹ്റ, സെൻട്രൽ വൈസ് പ്രസിഡന്റ് കെ.എസ്.അശ്വനി, ജോയിന്റ് സെക്രട്ടറിമാരായ ശ്രേയ സിംഗ്, ഡോ. എസ്.അലീന എന്നിവർ പ്രസംഗിച്ചു. കൺവൻഷനോടനുബന്ധിച്ച് തയ്യാറാക്കിയ മഹാന്മാരുടെ ഉദ്ധരണികളുടെ എക്സിബിഷൻ എഐഡിഎസ്ഒ മുൻനേതാവ് വിഷ്ണുദാസ് ഉദ്ഘാടനം ചെയ്തു. 1975ലെ കട്ടക്ക് സമ്മേളനത്തിൽ ഒറീസയിൽ നിന്നും പങ്കെടുത്ത പ്രതിനിധികളും കൺവൻഷനിൽ സന്നിഹിതരായിരുന്നു. ■

সখাব് ശിബ്ദാസ് ഘോഷിന്റെ തിരഞ്ഞെടുത്ത ലേഖനങ്ങളും പ്രസംഗങ്ങളുമടങ്ങിയ 'ദ ടൈം കോൾസ്' എന്ന പുസ്തകം കട്ടക്കിൽ പ്രകാശനം ചെയ്യുന്നു.

അമ്പായത്തോട് ഫ്രഷ് കട്ട് പ്ലാന്റ് സൃഷ്ടിക്കുന്ന മാലിന്യപ്രശ്നം ശാസ്ത്രീയമായി പരിഹരിക്കണം

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി, അമ്പായത്തോട് പ്രവർത്തിക്കുന്ന 'ഫ്രഷ് കട്ട്' സംസ്കരണ പ്ലാന്റ് സൃഷ്ടിക്കുന്ന മാലിന്യ പ്രശ്നം ശാസ്ത്രീയമായ മാർഗ്ഗങ്ങൾ സ്വീകരിച്ച് ശാശ്വതമായി പരിഹരിക്കണമെന്ന് എസ്യുസിഐ (കമ്മ്യൂണിസ്റ്റ്) കോഴിക്കോട് ജില്ലാകമ്മിറ്റി ആവശ്യപ്പെട്ടു. പ്ലാന്റിനെതിരെ പ്രദേശവാസികൾ നടത്തിയ സമരത്തിലുണ്ടായ അനിഷ്ടസംഭവങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തണം. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന ജല, വായു മലിനീകരണത്തിനെതിരെ വർഷങ്ങളായി നടന്നുവരുന്ന ജനകീയ സമരവേദിയിൽ പോലീസിന്റെ പ്രകോപനപരമായ ഇടപെടൽ ഉണ്ടായിട്ടുണ്ട്. പ്രശ്നത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പരിഹാരം കാണാൻ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെട്ടതാണ് വിഷയം വഷളാക്കിയത്. പ്രദേശത്ത് പോലീസ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നതും രാത്രികാലങ്ങളിൽപോലും അന്വേഷണത്തിന്റെ പേരിൽ വീടുകളിൽ കയറിയിറങ്ങുന്നതും ഉടൻ അവസാനിപ്പിക്കണം. കുട്ടികൾ ഭയചകിതരായതിനാൽ സ്കൂളിൽ പോകുന്നില്ല. അവർക്ക് കൗൺസിലിംഗ് നടത്തണം.പ്രശ്നത്തിന്റെഗൗരവം കണക്കിലെടുത്ത് ബാലാവകാശ കമ്മീഷൻ അടിയന്തരമായി ഇടപെടണം. ശാസ്ത്രീയ സംവിധാനമേർപ്പെടുത്തി പരിസര മലിനീകരണമില്ലാതെ, കാര്യക്ഷമമായി മാലിന്യസംസ്കരണം നടത്തുവാൻ അധികാരികൾ തയ്യാറായാലേ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടുകയുള്ളൂ. അതിനു കഴിയുന്നില്ലെങ്കിൽ കമ്പനി അടച്ചുപൂട്ടണം. സമര നേതൃത്വവുമായും പ്രദേശ വാസികളുമായും ജില്ലാഭരണകൂടം അടിയന്തരമായി ചർച്ച നടത്തണമെന്നും എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ■

ആശാസമരനേതാവ് എസ്.മിനി ഫ്രഷ്കട്ട് കോഴിമാലിന്യ സംസ്കരണ പ്ലാന്റിനെതിരായ സമരപന്തലിൽ പ്രസംഗിക്കുന്നു.

മെഡിക്കൽ കോളജുകളുടെ എണ്ണം വർദ്ധിപ്പിക്കുകയല്ല എല്ലാ തലങ്ങളിലുമുള്ള സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്–ഡോ.ഹാരിസ് ചിറക്കൽ

ആരോഗ്യ മേഖലയിലേക്ക് കോർപ്പറേറ്റുകൾ കടന്നുകയറുകയാണെന്നും സർക്കാർ മേഖല പ്രതിസന്ധികളിലൂടെ കടന്നു പോവുകയാണെന്നും തിരുവനന്തപുരം മെഡിക്കൽ കോളജിലെ യൂറോളജി വിഭാഗം മേധാവി ഡോ. ഹാരിസ് ചിറക്കൽ അഭിപ്രായപ്പെട്ടു. പൊതുജനാരോഗ്യം-സമീപനം, വെല്ലുവിളികൾ, സാധ്യതകൾ' എന്ന വിഷയത്തിൽ മെഡിക്കൽ സർവീസ് സെന്റർ(എംഎസ്സി) സംഘടിപ്പിച്ച സെമിനാറിൽ മുഖ്യപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ഹൃദയത്തിൽ ബ്ലോക്കുമായി വന്ന് യഥാസമയം ചികിത്സ കിട്ടാതെ മരിച്ച വേണു ചികിത്സ തേടിയ വകുപ്പിൽ ഒരു ദിവസം വരുന്ന ഔട്ട് പേഷ്യന്റ്സ് 1000 കടക്കും. അവരെ പരിശോധിക്കാൻ വിരലിലെണ്ണാവുന്ന ഡോക്ടർമാരും സ്റ്റാഫും മാത്രമേയുള്ളൂ. രോഗികൾ തറയിൽ കിടന്ന് ചികിത്സ തേടേണ്ടി വരുന്നത് ആധുനിക സംസ്കാരത്തിന് ചേർന്നതല്ലെന്നും ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്നും പേരിന് മെഡിക്കൽ കോളജുകൾ ആരംഭിക്കുകയല്ല വേണ്ടതെന്നും എല്ലാ തലങ്ങളിലുമുള്ള സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തുകയാണ് വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മെഡിക്കൽ സർവീസ് സെന്റർ സംഘടിപ്പിച്ച പൊതുജനാരോഗ്യ സെമിനാറിൽ തിരുവനന്തപുരം മെഡിക്കൽ കോളജ് യൂറോളജി വിഭാഗം മേധാവി ഡോ.ഹാരിസ് ചിറക്കൽ പ്രസംഗിക്കുന്നു.

തിരുവനന്തപുരം പ്രസ്ക്ലബ്ബിൽ നടന്ന സെമിനാർ മുൻ പാർലമെന്റ് അംഗവും ആരോഗ്യകാര്യ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി അംഗവുമായിരുന്ന ഡോ.തരുൺ മണ്ഡൽ ഉദ്ഘാടനംചെയ്തു. ശാസ്ത്രീയമായ ആരോഗ്യനയമില്ലാത്തതാണ് ഇന്ത്യയിലെ ആരോഗ്യ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പോഷകാഹാരക്കുറവ്, മരുന്നിന്റെ ഗുണനിലവാരവും ലഭ്യതയും, ആരോഗ്യ സേവനങ്ങൾക്കായി ചെലവഴിക്കേണ്ടി വരുന്ന വർധിച്ച ചെലവുകൾ തുടങ്ങിയവ സാധാരണക്കാരന്റെ മുന്നിലുയരുന്ന പ്രധാന പ്രശ്നങ്ങളാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആരോഗ്യ മേഖലയിലേക്ക് സർക്കാർ ഫണ്ട് കുറയുന്നതും ഇൻഷുറൻസ് കടന്നുവരുന്നതും ആരോഗ്യ സേവന മേഖലയെ പ്രതിസന്ധിയിലാക്കുന്നുണ്ടെന്ന് പ്രമുഖ ശ്വാസകോശരോഗ വിദഗദ്ധൻ ഡോ.പി.എസ്.ഷാജഹാൻ പറഞ്ഞു. പകർച്ചവ്യാധികളുടെ പ്രതിരോധം, അണുബാധ തടയാനുള്ള നടപടികൾ, മനുഷ്യശേഷിയുടെ ശാസ്ത്രീയമായ വിനിയോഗം, വിഭവവിതരണത്തിലെ തുല്യത, എല്ലാ മനുഷ്യരേയും പരിഗണിക്കുന്ന ആരോഗ്യ പരിപാലന സംവിധാനം തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്യപ്പെടേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആവശ്യത്തിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും ആരംഭിക്കണമെന്നും ഓരോ സ്ഥാപനം ആരംഭിക്കുമ്പോഴും തസ്തികകൾ സൃഷ്ടിക്കണമെന്നും തുടർന്ന് പ്രസംഗിച്ചകെജിഎംഒഎ സംസ്ഥാന ട്രഷറർ ഡോ.ഡി.ശ്രീകാന്ത് ആവശ്യപ്പെട്ടു. തുടർന്ന് സംസാരിച്ച മനശാസ്ത്ര അദ്ധ്യാപിക ഡോ.അമ്മു ലൂക്കോസ് രാജ്യത്ത് മയക്കുമരുന്നിന്റെ ഉപഭോഗവും ആത്മഹത്യകളും വർധിക്കുന്നത് പരിഗണിച്ച് ശാസ്ത്രീയമായ മാനസിക ആരോഗ്യനയം രൂപീകരിക്കേണ്ടതുണ്ടെന്ന് പറഞ്ഞു.

മെഡിക്കൽ സർവീസ് സെന്റർ സംസ്ഥാന പ്രസിഡന്റ് ഡോ.കെ. ഹരിപ്രസാദ് മോഡറേറ്ററായ സെമിനാറിൽ ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി എം.എ.ബിന്ദു, കെജിഎംസിടിഎ സംസ്ഥാന കമ്മിറ്റി അംഗം ഡോ.സൈമൺ ജോർജ്, കേരള ഗവൺമെന്റ് നഴ്സസ് യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി എസ്.എം.അനസ്, യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ വർക്കിങ്ങ് പ്രസിഡന്റ് റെജിജോൺ, ടിഡിഎംസി ആലപ്പുഴ പിടിഎ പ്രസിഡന്റ് സി.ഗോപകുമാർ, എസ്. മിനി, ഡോ.കെ.പി.ഗോകുമാർ, രോഹൻ ദീപു, അലീന മാത്യു, ഡോ.പ്രജ്ഞ അനിർവാൻ, ഡോ.ഭവാനി ശങ്കർ ദാസ് എന്നിവർ പ്രസംഗിച്ചു. ആർ.മാളു സ്വാഗതവും എം.കെ.ഷഹസാദ് നന്ദിയും പറഞ്ഞു. ■

ന്യൂഡൽഹി സ്ഫോടനം: എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നവംബർ 11ന് പുറപ്പെടുവിച്ച പ്രസ്താവന

അത്യധികം ജനസാന്ദ്രതയുള്ള, വിനോദസഞ്ചാര കേന്ദ്രമായ ഡൽഹിയിലെ ചെങ്കോട്ടക്ക് സമീപമുണ്ടായ വൻ സ്ഫോടനത്തിൽ ഏകദേശം 10 നിരപരാധികളായ പൗരന്മാർ കൊല്ലപ്പെടുകയും നിരവധി പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത ഞെട്ടിപ്പിക്കുന്ന സംഭവത്തിൽ ഞങ്ങൾ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. ഇതിനെ ഒരു അട്ടിമറി പ്രവർത്തനമായാണ് സർക്കാർ വിശേഷിപ്പിക്കുന്നത്. പൗരന്മാരുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുക എന്ന പ്രാഥമിക ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ സർക്കാരിന് കഴിയില്ലെന്ന് ഞങ്ങൾ ശക്തമായി വിശ്വസിക്കുന്നു.

രാജ്യത്തെ പൗരന്മാരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിൽ സർക്കാർ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. കൂടാതെ സംഭവത്തെക്കുറിച്ച് സത്യസന്ധമായ അന്വേഷണം നടത്തി കുറ്റവാളികളെ അറസ്റ്റ് ചെയ്യുകയും കർശനമായ ശിക്ഷ നൽകുകയും ചെയ്യണം. കൂടാതെ, മരിച്ചവരുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരവും പരിക്കേറ്റവർക്ക് സർക്കാർ ചെലവിൽ ഏറ്റവും മികച്ച ചികിത്സയും നൽകണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. ■

പൊതുമേഖലാ ബാങ്കുകളെ ലയനത്തിലൂടെ സ്വകാര്യവത്കരിക്കാനുള്ള നീക്കത്തെ ശക്തമായി എതിർക്കുക

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നവംബർ 12ന് പുറപ്പെടുവിച്ച പ്രസ്താവന

ചെറിയ പൊതുമേഖലാ ബാങ്കുകളെ വലിയ ബാങ്കുകളുമായി ലയിപ്പിച്ച് എണ്ണത്തിൽ കുറവായ, എന്നാൽ കൂടുതൽ ശക്തമായ ബാങ്കുകൾ സൃഷ്ടിക്കാനായി ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാർ നടത്തുന്ന ആസൂത്രിതമായ നീക്കത്തെ ഞങ്ങൾ ശക്തമായി എതിർക്കുന്നു. ഈ ലയനത്തിലൂടെ രൂപപ്പെടുന്ന സ്ഥാപനങ്ങളിൽ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും വിദേശ, ആഭ്യന്തര സ്വകാര്യമേഖലാ ബാങ്കുകൾക്കും ഇക്വിറ്റി ഓഹരികൾ വഴി കൂടുതൽ നിക്ഷേപം അനുവദിച്ചുകൊണ്ട് പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവത്കരിക്കാനുള്ള ഒരു രഹസ്യ നീക്കമാണ് ഇതെന്ന് ആഴത്തിൽ വിശകലനം ചെയ്താൽ വെളിപ്പെടും. ദേശസാൽക്കരണത്തിന് വിരുദ്ധമായ ഈ നടപടി, തൊഴിലാളികളുടെ എണ്ണം കുറച്ചും ചാർജ്ജുകൾ വർദ്ധിപ്പിച്ചും പലിശ നിരക്ക് കുറച്ചും ഗ്രാമീണ ശാഖകൾ അടച്ചുപൂട്ടിയും ദരിദ്രവിഭാഗങ്ങൾക്ക് ബാങ്ക് സൗകര്യങ്ങൾ നിഷേധിച്ചും ലാഭം പരമാവധിയാക്കാൻ ശ്രമിക്കുന്ന സ്വകാര്യ കുത്തകകളെ മാത്രമേ സഹായിക്കൂ എന്നത് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ലല്ലോ. കൂടാതെ, ഇത്തരമൊരു ലയനം ബാങ്കിംഗ് മൂലധനത്തെയും കുത്തക മൂലധനത്തെയും സംയോജിപ്പിച്ചുകൊണ്ട് സാമ്പത്തിക ദുഷ്പ്രഭുത്വം ശക്തിപ്പെടുത്തുന്നതിനും കാരണമാകും.

ഇന്ത്യൻ പൗരന്മാരുടെ താൽപ്പര്യങ്ങൾക്ക് ദോഷകരമായി ഭവിക്കുന്ന വിധത്തിൽ ഇന്ത്യയിലെ പൊതുബാങ്കിംഗ് ശൃംഖലയെ തകർക്കാനുള്ള ഈ നീചമായ നീക്കത്തെ തടയാൻ യോജിച്ചണിനിരന്ന് പ്രതിഷേധിക്കണമെന്ന് എല്ലാ ബാങ്ക് ജീവനക്കാരോടും, ബാങ്ക് ഉപഭോക്താക്കളോടും, ട്രേഡ് യൂണിയനുകളോടും, സാമൂഹിക പ്രസ്ഥാനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

വന്യജീവി ആക്രമണങ്ങൾക്ക് ശാശ്വതപരിഹാരം കാണുക, കൃഷി നാശത്തിന് മതിയായ നഷ്ടപരിഹാരം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ പത്തനംതിട്ട അതുമ്പുംകുളത്ത് നടത്തിയ പ്രതിഷേധയോഗത്തിൽ എഐകെകെഎംഎസ് സംസ്ഥാന സെക്രട്ടറി എൻ.വിനോദ് കുമാർ പ്രസംഗിക്കുന്നു.

കരിമണൽ ഖനനത്തിനെതിരെ തോട്ടപ്പള്ളിയിൽ നടക്കുന്ന സമരം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയുടെ തീരപ്രദേശത്തുടനീളം ജനസദസ്സുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പുന്നപ്രയിൽ നടന്ന സമ്മേളനത്തിൽ ബി.ഭദ്രൻ പ്രസംഗിക്കുന്നു.

പിഎം ശ്രീ പദ്ധതിയിൽനിന്നും സർക്കാർ പിന്മാറണമെന്നാവശ്യപ്പെട്ട് തൊടുപുഴയിൽ സേവ് എജ്യുക്കേഷൻ കമ്മിറ്റി നടത്തിയ സംഗമം എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്യുന്നു.

Volume: 52 No:8 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.